# സത്യദൂതൻ

2023 ഒക്ടോബർ | ലക്കം 10

വില ₹ 30




## മുഹമ്മദ് നബി(സ): ഹൃദയഹാരിയായ ദൈവദൂതൻ

## ശുദ്ധി സങ്കൽപ്പവും അസ്പൃശ്യതയും

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവ: എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന*
*ദൈവികഗുണങ്ങളുടെ*
*അസാധാരണവും അത്യുജ്ജ്വലവുമായ*
*ആവിഷ്ക്കാരം*




The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2023 ഒക്ടോബർ
ഹി.ശ.1403- ഇഖാഅ്
1445 റ.ഉ.അവ്വൽ - റ.ഉ.ആഖിർ
പുസ്തകം 95 ലക്കം 10
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം
**റസൂൽ (സ)തിരുമേനി: അവസാനിക്കാത്ത പ്രവാചകൻ**



**7**
ഖുത്ബ സംഗ്രഹം
**ആഘോഷവേളകളിലെ സന്തോഷങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2023 സെപ്തംബർ 1-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**9**
**ഭൂമിയെ വലയം ചെയ്തു നിൽക്കുന്ന സന്തുലന പ്രതിഭാസം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**17**
**റസൂൽ തിരുമേനി(സ): ഒളിമങ്ങാത്ത ചരിത്രപുരുഷൻ**
എ.എം. മുഹമ്മദ് സലീം

**21**
**മുഹമ്മദ് നബി(സ): ഹൃദയഹാരിയായ ദൈവദൂതൻ**
എ.ജി സൂഫി

**28**
**മതരഹിതമായ ജർമ്മനിയിൽ ഇസ്ലാം അഹ്മദിയ്യത്തിന്റെ ജൈത്രയാത്ര**
എം. എസ്

**32**
**സമാധാനത്തിലേക്കുള്ള സൗഹൃദ വീഥി**
തോമസ് മാർ തിമോതിയോസ്

**33**
ഭാഗം - 42
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**39**
കുറിപ്പുകൾ
**ശുദ്ധി സങ്കൽപ്പവും അസ്പൃശ്യതയും**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 89071 82933**
Email-salimqld@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

സത്യമായും നിങ്ങളിൽ നിന്ന് തന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന്ന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമ കാര്യങ്ങളിൽ അത്യുൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളാണ്.(9:128)





## നബിവചനം

നിന്നെ സൃഷ്ടിക്കാൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഈ പ്രപഞ്ചത്തെ തന്നെ നാം സൃഷ്ടിക്കില്ലായിരുന്നു. (ഖുദ്സിയായ ഹദീസ്)

## വാഗ്ദത്ത മസീഹിന്റെ വചനം

എപ്രകാരം തക്മീലെ ഹിദായത്ത് (നേർമാർഗ്ഗത്തിന്റെ പൂർത്തീകരണം) റസൂൽ തിരുമേനി(സ)യുടെ പുണ്യകരങ്ങളാൽ ഉണ്ടായോ അതേ പ്രകാരം തക്മീലെ ഇശാഅത്തും (പ്രചാരണത്തിന്റെ പൂർത്തീകരണവും) റസൂൽ തിരുമേനി (സ) മുഖേനയുണ്ടാകേണ്ടതാണ്. എന്തെന്നാൽ ഈ രണ്ട് കാര്യങ്ങളും നബി തിരുമേനി(സ)യുടെ ആഗമനോദ്ദേശ്യമത്രെ. എന്നാൽ ദൈവിക നിയമമനുസരിച്ച് അവിടത്തെ ചിരഞ്ജീവിത്വം അസാധ്യവും അസംഭവ്യവും ആയതിനാൽ അദ്ദേഹത്തിന്ന് തക്മീലെ ഇശാഅത്തിന്നായി നിർണ്ണയിക്കപ്പെട്ട അവസാന കാലഘട്ടം വരെ ജീവിച്ചിരിക്കാൻ സാധ്യമല്ല . ആ രീതിയിലുള്ള സ്ഥായിയായ ജീവിതം ശിർക്ക് പ്രചരിക്കുന്നതിന്നുള്ള കാരണമായിത്തീരുന്നതാണ്. അതുകൊണ്ട് അല്ലാഹു റസൂൽ തിരുമേനി(സ)യുടെ ആഗമനോദ്ദേശ്യം അവിടത്തെ സ്വഭാവത്തിലും ആത്മീയതയിലും ആഗതനായ നബി(സ)തിരുമേനിയുടെ ഒരു ഉമ്മത്തി മുഖേന പൂർത്തിയായി. (വിളംബരം)




# മുഹമ്മദ് നബി(സ)യുടെ സ്ഥാനം

മുഹമ്മദ് നബി (സ)യോട് മറ്റേതൊരു പ്രവാചകനെക്കാളും മുസ്‌ലിംകൾക്കുള്ള അനുരക്തിയും ആദരവും സ്നേഹവും സുവിദമാണല്ലോ. വാസ്തവത്തിൽ മുഹമ്മദ് നബി (സ)യുടെ യഥാർത്ഥ സ്ഥാനമഹിമ എന്താണെന്ന് മനസ്സിലാക്കിയതും വിശദീകരിച്ചുതന്നതും അവിടുത്തെ ആത്മീയ ശിഷ്യത്വം കൊണ്ട് അല്ലാഹു നുബുവ്വത്തിന്റെ പദവി നൽകിയനുഗ്രഹിച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ആണ്. സ്വന്തം ഗവേഷണത്തിലൂടെയോ ഗ്രന്ഥപാരായണത്തിലൂടെയോ അല്ല വാഗ്ദത്ത മസീഹി(അ)ന് റസൂൽ(സ) തിരുമേനിയെ സംബന്ധിച്ച ജ്ഞാനം ബോദ്ധ്യപ്പെട്ടത്. പരിശുദ്ധമായ ദൈവിക വെളിപാടുകളിലൂടെ അല്ലാഹു തന്നെ നേരിട്ട് അത് അദ്ദേഹത്തെ അറിയിക്കുകയായിരുന്നു. ദൈവം തനിക്ക് വെളിപാടുകളിലൂടെ പഠിപ്പിച്ച അറിവാണ് താൻ പ്രേഷണം ചെയ്യുന്നതെന്ന് മറ്റൊരാളും ഈ കാലഘട്ടത്തിൽ അവകാശപ്പെട്ടിട്ടില്ല. അത്രയധികം ദിവ്യമായ ആധികാരികതയോടെയും ദൃഢതയോടെയും എന്നെന്നും ജീവിച്ചിരിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ പേരിൽ റസൂൽ(സ) തിരുമേനിയെ പറ്റി ഒരാൾ നടത്തുന്ന ദിവ്യവിളംബരങ്ങൾ അവിടുത്തെ സ്നേഹിക്കുന്നവർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

വാഗ്ദത്ത മസീഹ് തന്റെ യജമാനനായ റസൂൽ തിരുമേനി(സ)യെ സംബന്ധിച്ച് പറയുന്നു:

***'ആദം സന്തതികളായ സകലർക്കും മുഹമ്മദ് മുസ്തഫ (സ) തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം(ശുപാർശകൻ) ഇല്ല. ആകയാൽ ഈ പ്രതാപശാലിയായ നബി (സ)ക്ക് നേരെ നിങ്ങൾ ഹൃദയങ്കമമായ സ്നേഹം പുലർത്തിക്കൊള്ളുവീൻ അവിടത്തെക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും നിങ്ങൾ കൽപ്പിക്കരുത്. ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിന്ന് തന്നെ. മോക്ഷം എന്നത് മരിച്ചശേഷം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തു കൊള്ളുവീൻ. മറിച്ച് യഥാർത്ഥമായ മോക്ഷം ഈ ലോകത്ത് വെച്ചു തന്നെ അതിന്റെ വെളിച്ചം കാട്ടുമാറാകുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദ് നബി(സ) ആ ദൈവത്തിന്റെ മുഴുവൻ സൃഷ്ടി ജാലത്തിന്റെയും ഇടയിലുള്ള ശുപാർശകനാണെന്നും ആകാശത്തിന്നു കീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരു നബിയും ഇല്ലെന്നും ഖുർആന്ന് തുല്യമായിട്ടുള്ള മറ്റൊരു ഗ്രന്ഥം ഇല്ലെന്നും എന്നെന്നും ജീവിച്ചിരിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠ പ്രവാചകൻ എക്കാലത്തും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ച് വിശ്വസിക്കുന്നവൻ തന്നെ' (കിശ്തീ നൂഹ്, ഭാ 15,16)***

നിരക്ഷരനായ റസൂൽ തിരുമേനി(സ)ക്ക് ലഭിച്ചതെല്ലാം ദൈവത്തിന്റെ സ്വച്ഛമായ വെളിപാടിൽ നിന്നായിരുന്നു. **'ഖാത്തമുന്നബിയ്യീൻ '** എന്ന അവിടുത്തെ അഭിധാനത്തിന്റെ അർത്ഥം. **'**പ്രവാചക ശ്രേഷ്ഠൻ**'** എന്നാണ്. അതായത് മനുഷ്യ സമൂഹത്തിലെ പാപരഹിതരാണ് പ്രവാചകന്മാർ; അവർക്കിടയിലെ ഏറ്റവും ശ്രേഷ്ഠനാണ് മുഹമ്മദ് നബി(സ). ഖാത്തമുന്നബിയ്യീനായ മുഹമ്മദ് നബി(സ)യെ അനുസരിച്ചാൽ നുബൂവ്വത്ത് എന്ന പദവി വരെ ലഭിക്കും. ഖുർആൻ പറയുന്നു. ***'വല്ലവരും അല്ലാഹുവിനെയും ഈ ദൈവദൂതനെയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ സിദ്ദീഖുകൾ, ശഹീദുകൾ, സാലിഹുകൾ എന്നിവരുടെ കൂടെയായിരിക്കും'*** **(4:70)** 'ഖാതമുന്നബിയ്യീൻ' എന്ന വിശേഷണത്തിന്ന് 'അന്ത്യപ്രവാചകൻ'എന്ന് അർത്ഥം നൽകുന്നവർ അവിടത്തെ മഹത്തായ പദവിയെ ന്യൂനീകരിക്കുകയാണ് ചെയ്യുന്നത്. വാഗ്ദത്ത മസീഹി (അ) ലൂടെ റസൂൽ (സ)തിരുമേനിയുടെ സ്ഥാനം ഗ്രഹിക്കാനുള്ള സൗഭാഗ്യം മുസ്‌ലിംകൾക്കുണ്ടാകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# റസൂൽ (സ)തിരുമേനി: അവസാനിക്കാത്ത പ്രവാചകൻ

റസൂൽകരീം (സ) തിരുമേനിയുടെ ഖതമുന്നുബൂവത്തിന്റെ രഹസ്യം നമ്മുടെ എതിരാളികൾക്ക് ഒരിക്കലും മനസിലായിട്ടില്ല. തിരുമേനി(സ)യുടെ ഖതമുന്നുബൂവ്വത്തിനെക്കുറിച്ചുള്ള അവരുടെ വിശ്വാസ പ്രകാരം തിരുമേനി(സ) (നഊദുബില്ലാഹ്) അബ്തർ(സന്താനമില്ലാത്ത ആൾ) ആയിത്തീരുന്നു. എന്നാൽ വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്ന തിപ്രകാരമാണ്

***'മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ റസൂലും എല്ലാ പ്രവാചകന്മാരുടെയും മുദ്രയുമാകുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു.'*** *(33:41)*

ഇതിൽ ശാരീരികമായ പിതൃത്വത്തെയാണ് നിഷേധിച്ചിരിക്കുന്നത്. ആത്മീയമായ പിതൃത്വവും അദ്ദേഹത്തിന്നുണ്ടാകുന്നില്ലെങ്കിൽ പിന്നെ നിങ്ങൾ അദ്ദേഹത്തെ അബ്തർ ആണെന്ന് വിശ്വസിക്കുമോ? ഇത്തരത്തിലുള്ള വിശ്വാസം കുഫ്റാണ്. അദ്ദേഹത്തിന്റെ ആത്മീയ പിതൃത്വം നിലനിന്നുവരുന്നു എന്നതാണ് സത്യം. 'ലാകിൻ' എന്ന പദം ഇതാണ് വെളിപ്പെടുന്നത്. ഇതിന്റെ ഉദ്ദേശം ഭാവിയിൽ റസൂൽ(സ) തിരുമേനിയുടെ സാക്ഷ്യമുദ്രയോടു കൂടിയ നുബുവ്വത്തും റിസാലത്തും മാത്രമേ വരികയുള്ളു എന്നും തിരുമേനി(സ)യെ തികച്ചും പിന്തുടരുകയും അനുസരിക്കുകയും ചെയ്യാതെ ആർക്കും തന്നെ ഇൽഹാമും വഹ്‌യും ഇതര ആത്മീയ അനുഗ്രഹങ്ങളും ലഭ്യമാകുന്നതല്ല എന്നുമാണ്. ഭാവിയിൽ അദ്ദേഹം മുഖേന അദ്ദേഹത്തിന്റെ മുദ്ര ലഭിച്ചിട്ടും അല്ലാതെയും ആർക്കും തന്നെ നുബുവ്വത്ത് എന്ന അനുഗ്രഹം ലഭ്യമാകുന്നതല്ല. ഒരാൾ കണ്ണാടിയിൽ തന്റെ രൂപം നോക്കുമ്പോൾ അയാളുടെ രൂപത്തിലും കണ്ണാടിയിലുള്ള രൂപത്തിന്നുമിടയിൽ എന്തെങ്കിലും അന്തരം കാണാൻ സാധിക്കുമോ? അതേ സ്ഥിതി തന്നെയാണ് ഇവിടെയും റസൂൽ തിരുമേനി(സ)യുടെ പ്രതിച്ഛായ തന്നെയാണിവിടെ. അതിൽ നിന്നും പുറത്തായതൊന്നും തന്നെയല്ല.

വിശുദ്ധ ഖുർആനിൽ വഹ്‌യ് എന്നതിന്റെ അർത്ഥം ദൈവഭാഷണം എന്നാണെന്ന് മനസ്സിലാവുന്നു. ദൈവികമായ അനുഗ്രഹങ്ങളും ദൈവഭാഷണവും നിലച്ചുപോയ ഒരു മതം ജീവനുള്ള മതമെന്ന് പറയാനാവില്ല. അത് ഉപേക്ഷിക്കപ്പെടേണ്ട മതമാണ്. ഇസ്‌ലാം ഒരു മൃതമതമാണെന്നും റസൂൽ തിരുമേനി (സ)നഊദുബില്ലാഹ് ഒരു മൃത പ്രവാചകനാണെന്നും സ്ഥാപിക്കാൻ ഇവർ ശ്രമിക്കുന്നു. ഞങ്ങളിത് സ്വീകരിക്കുവാൻ തയ്യാറില്ല. ഞങ്ങളെ സംബന്ധിച്ചേടത്തോളം ഇത്തരം വിശ്വാസം കുഫ്റാണ്. റസൂൽ(സ) തിരുമേനി ഒരു ജീവൽ പ്രവാചകനും ഇസ്‌ലാം ഒരു ജീവത്തായ മതവുമാണ്. കാരണം അവിടത്തെ അനുഗ്രഹാശിസ്സുകൾ എന്നെന്നും നിലനിൽക്കുന്നവയാണ്. അദ്ദേഹത്തിന്റെ നുബുവ്വത്ത് അനശ്വരവും അക്ഷയവുമാണ്. ആ മുദ്രകൊണ്ട് നുബുവ്വത്ത് നിലനിൽക്കുന്നു. ഇത്തരത്തിലു നുബുവ്വത്ത് നുബുവ്വത്തിന്റെ പ്രതിഛായയാണ്. എന്നാൽ റസൂൽ (സ)തിരുമേനിയുടെ നബിത്വത്തിൽ നിന്നും വിഭിന്നമായ നുബുവ്വത്ത് വ്യാജ നുബുവ്വത്താണ്. അദ്ദേഹത്തിലൂടെയുള്ള നുബുവ്വത്ത് അവസാനിച്ചിരിക്കുന്നുവെന്ന് പറയുന്നത് കുഫ്റത്രെ. അങ്ങിനെ പറയുന്നവർ ആ പുണ്യാത്മാവിനെ (നഊദുബില്ലാഹ്) അബ്തർ എന്നും ഇസ്‌ലാമിനെ ഒരു മൃത മതമെന്നും കരുതുന്നവരാണ്. ഇസ്‌ലാമും അത്തരത്തിലുള്ള ഒരു മതമാണെങ്കിൽ പിന്നെ അത് എങ്ങിനെ മോക്ഷദായകമായ മതമായി മാറും? വളരെ അത്ഭുതകരവും ഖേദകരവുമായ കാര്യമാണിത്. ഇവർ ഈ സമുദായത്തെ ശ്രേഷ്ഠ സമുദായം എന്ന് പറയുന്നു. എന്നാൽ ദൈവിക ഭാഷണം ലഭ്യമാകാത്ത ഒരു സമുദായം എങ്ങിനെ ശ്രേഷ്ഠ സമുദായമായി മാറും? ഹദ്റത്ത് മൂസ്സാ നബി (അ) യെ പിൻപറ്റിയ ആയിരക്കണക്കിന്ന് നബിമാർ ഉണ്ടായി; എന്നാൽ ഈ സമുദായത്തിൽ ഒരു നബിയും വരികയില്ലെങ്കിൽ പിന്നെ ഇതെങ്ങിനെ ഒരു ശ്രേഷ്ഠ സമുദായമാകും?

(റൂഹാനി ഖസായിൻ )

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2023 സെപ്തംബർ 1 –ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ആഘോഷവേളകളിലെ സന്തോഷങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ജർമ്മനിയിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായിട്ട് ഈ വർഷം 100 വർഷം തികഞ്ഞിരിക്കുന്നു. എന്നാൽ ഇതിൽ സന്തോഷിക്കുമ്പോൾ തന്നെ ഈ നൂറു വർഷം കൊണ്ട് നമ്മൾ നേടിയത് എന്താണെന്നും നമ്മുടെ വിശ്വാസങ്ങളെ നാം എത്രത്തോളം സംരക്ഷിച്ചു എന്നും കൂടി നോക്കേണ്ടതാണ്. നമ്മിലും നമ്മുടെ സന്താനങ്ങളിലും ഈ പരിശുദ്ധ മാറ്റം സൃഷ്ടിക്കാൻ നാം ശ്രമിച്ചിട്ടുണ്ടെങ്കിൽ, അതാണ് ഈ അവസരത്തിൽ നാം പ്രകടിപ്പിക്കേണ്ട യഥാർഥ കൃതജ്ഞത. ഈ അവസരത്തിൽ, നമ്മെ നമ്മുടെ ലക്ഷ്യത്തിലേക്ക് നയിക്കുന്ന ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദേശങ്ങൾ ഞാൻ നിങ്ങളുടെ മുമ്പിൽ വയ്ക്കുകയാണ്. അവിടുന്ന് പറയുന്നു: ബൈഅത്ത് ചെയ്യുന്നതിലൂടെ മാത്രം ദൈവം തൃപ്തിപ്പെടുമെന്ന് കരുതരുത്. അതൊരു പുറംതോടാണ്. കാമ്പ് അതിനുള്ളിലാണ് ഉള്ളത്. അതുകൊണ്ട് ബൈഅത്തിന്റേയും ഈമാന്റേയും അവകാശമുന്നയിക്കുന്നവർ താൻ പുറംതോടാണോ അകക്കാമ്പാണോ എന്ന് സ്വയം പരിശോധിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നല്കുക എന്നാൽ എന്താണെന്നതിനെ വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: മുസ്‌ലിംകൾ മടിയന്മാരാകണമെന്നല്ല ഞാൻ ഉദ്ദേശിക്കുന്നത്. ഇസ്‌ലാം ആരെയും മടിയനാക്കുന്നില്ല. തങ്ങളുടെ കച്ചവടങ്ങളിലും ജോലികളിലും വ്യാപൃതരാകുക. എന്നാൽ ദൈവത്തിനായി ചെലവഴിക്കാൻ ഒരു സമയവും ഇല്ലാത്തതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല. നമസ്കാര സമയത്ത് നമസ്കാരം ഒഴിവാക്കരുത്. എല്ലാ കാര്യങ്ങളിലും ദീനിന് മുൻഗണന നൽകുക. ഭൗതികലോകത്തെ പ്രധാന ലക്ഷ്യമാക്കരുത്; യഥാർഥ ലക്ഷ്യം ദീനായിരിക്കണം. പിന്നെ ഭൗതിക പ്രവൃത്തികളും ദീനായിത്തീരുന്നതാണ്. പറയുന്നു: പുരോഗതിക്ക് ഒരേയൊരു വഴിയുള്ളത് ദൈവത്തെ തിരിച്ചറിയുകയും അവനിൽ ജീവനുള്ള വിശ്വാസം വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ്.

എല്ലാ സാഹചര്യങ്ങളിലും ദീനിന് മുൻഗണന നൽകുന്നതിനെ ക്കുറിച്ച്. തുടർന്നു പറയുന്നു: രണ്ട് തരം ആളുകളുണ്ട്. അതിൽ ഒന്ന്, ഇസ്‌ലാം സ്വീകരിച്ച് ഭൗതിക വ്യാപാരത്തിലും കച്ചവടത്തിലും ഏർപ്പെടുന്നവരാണ്. ശൈത്താൻ അവരെ തന്റെ നിയന്ത്രണത്തിൽ ആക്കുന്നു. കച്ചവടം ചെയ്യുന്നത് നിഷിദ്ധമാണെന്നല്ല (ഇതുകൊണ്ട്) ഞാൻ ഉദ്ദേശിക്കുന്നത്, സ്വഹാബികൾ കച്ചവടം ചെയ്യുമായിരുന്നു; പക്ഷേ അവർ ദീനിനെ ഭൗതിക ലോകത്തിന് മേൽ മുൻഗണന നൽകി. അവർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ, അവരുടെ ഹൃദയങ്ങളിൽ ദൃഢവിശ്വാസം നിറയ്ക്കുന്ന ഇസ്‌ലാമിനെക്കുറിച്ചുള്ള യഥാർഥമായ അറിവ് അവർക്ക് ലഭിക്കുകയുണ്ടായി. ഒരു മേഖലയിലും ശൈത്താന്റെ ആക്രമണം കാരണത്താൽ അവർ പതറാത്തതിന്റെ കാരണം ഇതായിരുന്നു. പറയുന്നു: മതപരമായ പുരോഗതിയും ഉത്സാഹവും കുറയ്ക്കാത്ത ആളുകളിൽ ഞാൻ കൂടുതൽ പ്രതീക്ഷ വെയ്ക്കുന്നു. ഈ അഭിനിവേശം കുറയ്ക്കുന്നവരെ ശൈത്താൻ കീഴടക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അതിനാൽ ഒരിക്കലും ആരും അലസരാകരുത്.

പറയുന്നു: വിശുദ്ധ ഖുർആൻ കത്തിക്കാൻ അമുസ്‌ലിംകൾക്ക് എന്തുകൊണ്ട് ധൈര്യമുണ്ടായി? കാരണം വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ പിന്തുടർന്ന് പ്രാവർത്തികമാക്കുന്നത് നാം ഉപേക്ഷിച്ചതുകൊണ്ടാണ് അവർക്ക് ഇതിനു ധൈര്യം ലഭിച്ചത്. അറിവ് വർധിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിശുദ്ധ ഖുർആൻ ശ്രദ്ധാപൂർവ്വം വായിക്കണം. എവിടെയാണ് മനസ്സിലാകാത്തത് അത് ചോദിക്കുക. വിശുദ്ധ ഖുർആൻ ഒരു മതപരമായ സമുദ്രമാണ്, അതിന്റെ അടിയിൽ അപൂർവവും അമൂല്യവുമായ നിരവധി രത്നങ്ങളുണ്ട്. അതിനാൽ വിശുദ്ധ ഖുർആൻ ശ്രദ്ധയോടെ വായിക്കുകയും അതിനെ പിന്തുടരാൻ ശ്രമിക്കുകയും ചെയ്യുന്ന എത്രപേർ ഉണ്ടെന്ന് നാം പരിശോധിക്കേണ്ടതാണ്.

പറയുന്നു: യഥാർഥ മതത്തിന്റെ അടിസ്ഥാനം ദൈവവിശ്വാസമാണ്, ദൈവവിശ്വാസത്തിന് പാപങ്ങളിൽനിന്നുള്ള അകൽച്ചയും ദൈവത്തെ ഭയപ്പെടലും ആവശ്യമാണ്. ഭക്തനായ ഒരാളെ (മുത്തഖിയെ) ദൈവം ഒരിക്കലും പാഴാക്കുകയില്ല. അവൻ ആകാശത്തിൽ നിന്ന് അവനെ സഹായിക്കുന്നു. അവനെ സഹായിക്കാൻ മലക്കുകൾ ഇറങ്ങുന്നു. മുത്തഖിയിൽ നിന്നും അത്ഭുതം വെളിപ്പെടുന്നു; അതിൽ കൂടുതൽ എന്താണ് വേണ്ടത്.

ഹദ്റത് മസീഹ് മൗഊദ്[അ] പറയുന്നു: സത്യത്തിന്റെ ആത്മാവും അനുഗ്രഹത്തിന്റെ പ്രഭാവവും അടങ്ങിയിരിക്കുന്നതായ നമസ്കാരം തിന്മകളെ ദുരീകരിക്കുന്നു. ആ നമസ്കാരം തീർച്ചയായും തിന്മകളെ അകറ്റുന്നു. ഉള്ളിൽ അകക്കാമ്പും ആത്മാവും ഉള്ള നമസ്കാരമാണ് ആനന്ദവും ലഹരിയും ഉള്ള നമസ്കാരം. അതുകൊണ്ട് നമ്മുടെ നമസ്കാരത്തിൽ ആനന്ദാനുഭൂതി ലഭിക്കുന്നുണ്ടോ എന്ന് നാം സ്വയം വിലയിരുത്തേണ്ടതുണ്ട്. കാര്യകാരണങ്ങളിൽ മാത്രം നാം പൂർണ വിശ്വാസമർപ്പിക്കുന്നവരാണോ? നാം നമസ്കാരങ്ങളെ സംരക്ഷിക്കുന്നവരാണ് എങ്കിൽ ബൈഅത്തിനോടുള്ള കടമ പൂർത്തിയാക്കുന്നവർ ആണ്. അല്ലാത്തപക്ഷം അത് ആശങ്കാജനകമായ അവസ്ഥയാണ്.

ജ്ഞാനത്തിന്റെ പുരോഗതിയെക്കുറിച്ചും ഗുരു ശിഷ്യബന്ധത്തെ കുറിച്ചും ഹദ്റത് മസീഹ് മൗഊദ്[അ] പറയുന്നു: മതഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം അധ്യാപകന്റെയും വിദ്യാർത്ഥിയുടേയും മാതൃകയിലൂടെ മനസ്സിലാക്കണം. അധ്യാപകനിൽ നിന്ന് വിദ്യാർത്ഥിക്ക് പ്രയോജനം ലഭിക്കുന്നതുപോലെ, ശിഷ്യനും അവന്റെ ഗുരുവിൽനിന്ന് പ്രയോജനം നേടുന്നു. എന്നാൽ വിദ്യാർത്ഥി തന്റെ ഗുരുവുമായി ബന്ധം പുലർത്തുന്നുണ്ടെങ്കിലും അവന്റെ വിദ്യാഭ്യാസത്തിൽ മുന്നേറുന്നില്ലെങ്കിൽ അയാൾക്ക് പ്രയോജനം നേടാനാവില്ല. ഇത് തന്നെയാണ് ശിഷ്യന്റെയും അവസ്ഥ. അതിനാൽ ഇക്കാര്യത്തിൽ ബന്ധം ഉണ്ടാക്കിക്കൊണ്ട് അറിവും വർധിപ്പിക്കേണ്ടതാണ്. സത്യാന്വേഷി ഒരിടത്ത് എത്തി അവിടെ തന്നെ നിൽക്കരുത്. അല്ലാത്ത പക്ഷം ശപിക്കപ്പെട്ട പിശാച് അവനെ മറ്റൊരു ദിശയിലേക്ക് നയിക്കുന്നതാണ്.

ആ മഹാത്മാവ് പറയുന്നു: എനിക്ക് ബൈഅത്തു ചെയ്തവരാണെങ്കിൽ എന്നെ വിധികർത്താവും നീതിമാനും ആയി സ്വീകരിക്കുക. സർവ്വശക്തനായ അല്ലാഹുവിന്റെയും റസൂൽ[സ]ന്റെയും അധ്യാപനങ്ങൾ അനുസരിച്ചാണ് ഞാൻ പറയുന്നതെന്ന് ദൃഢമായി വിശ്വസിക്കുക. പറയുന്നു: എന്നെ ആക്ഷേപിക്കുന്നവരും നിഷേധിക്കുന്നവരും എന്നെ തിരിച്ചറിഞ്ഞിട്ടില്ല. എന്നെ അംഗീകരിക്കുകയും പിന്നീട് ആക്ഷേപിക്കുകയും ചെയ്തയാൾ കണ്ടിട്ടും കാണാത്തവനായ അതിലും വലിയ ദൗർഭാഗ്യവാനാണ്.

തന്റെ ആഗമന ഉദ്ദേശലക്ഷ്യം വിവരിച്ചുകൊണ്ട് അവിടുന്ന് പറയുന്നു: ഏകദൈവ വിശ്വാസവും ധാർമ്മികതയും ആത്മീയതയും പ്രചരിപ്പിക്കുക എന്നതാണ് എന്റെ വരവിന്റെ പ്രധാന ലക്ഷ്യവും ഉദ്ദേശവും. തൗഹീദ് എന്നാൽ സർവ്വശക്തനായ ദൈവത്തെ തന്റെ ലക്ഷ്യവും ഉദ്ദേശവും പ്രിയപ്പെട്ടവനും അനുസരിക്കുന്നവനുമായി ദൃഢമായി വിശ്വസിക്കുക എന്നാണ് അർത്ഥമാക്കുന്നത്.

ധാർമികതകൊണ്ട് ഉദ്ദേശിക്കുന്നത് ഒരാൾ തന്റെ എല്ലാ കഴിവുകളും അവന്റെ സ്ഥാനത്തിലും അവസരത്തിലും ചെലവഴിക്കുക

ശേഷം പേജ് 16 ൽ

# ഭൂമിയെ വലയം ചെയ്തു നിൽക്കുന്ന സന്തുലന പ്രതിഭാസം

അത്ഭുതകരമായ കണിശതയോടെ പ്രപഞ്ചത്തിൽ കാണുന്ന സന്തുലനാത്മകത ഏതൊതു ധിഷണശാലിയേയും ചിന്താകുലനാക്കും. സർവ്വജ്ഞാനിയായ ഒരു സ്രഷ്ടാവിന്റെയും ആസൂത്രകന്റെയും അഭാവത്തിൽ ഇതെങ്ങനെ സാദ്ധ്യമാകും? സ്രഷ്ടാവായ ദൈവത്തിന്റെ നീതിതത്വവുമായി ബന്ധപ്പെടുത്തി ഈ പ്രതിഭാസം വിശദീകരിക്കപ്പെടുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

ആകാശഭൂമിക്കിടയിലുള്ള അന്തരീക്ഷ പ്രതിഭാസത്തിന്റെ പ്രവർത്തനങ്ങൾ അത്ഭുതകരമാണ്. പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രവാചകൻ മുഹമ്മദിന് (സ) അവതരിക്കപ്പെട്ട വിശുദ്ധ ഖുർആനിലെ സങ്കീർണമായ ശാസ്ത്രീയ നിരീക്ഷണങ്ങൾ ശ്രദ്ധിച്ചാൽ ആരും വിസ്മയിച്ചുപോകും. ഇന്നത്തെ ശാസ്ത്രജ്ഞന്മാർ പ്രപഞ്ചത്തിലെ നിഗൂഢാത്മകമായ രഹസ്യങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങളിൽ നിന്നും വിട്ടു നിൽക്കുന്നു. എന്നാൽ വിശുദ്ധ ഖുർആൻ പ്രകൃതി നിയമങ്ങൾ മനസ്സിലാക്കാനും അതിനെ സംബന്ധിച്ച് അഗാധമായ ധാരണകൾ രൂപപ്പെടുത്താനും അതിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കാനും ശാസ്ത്രജ്ഞരെക്കാൾ വളരെ മുന്നിലാണ്. ശാസ്ത്രജ്ഞന്മാരുടെ ശ്രമങ്ങളും അതിന്റെ ഫലങ്ങളും തീർച്ചയായും സ്തുത്യർഹമാണ്. പക്ഷേ അതിന്ന് അതിന്റേതായ പരിമിതിയുണ്ട്.

### ഭൂമിയുടെ അന്തരീക്ഷം

വിശുദ്ധ ഖുർആൻ പറയുന്നു:

**'അങ്ങനെ അവൻ അവയെ ഏഴു ആകാശങ്ങളിലായി രണ്ടു ഘട്ടങ്ങളിൽ പൂർത്തീകരിച്ചു. ഓരോ ആകാശത്തിലും അതിന്റെ പ്രവർത്തനങ്ങൾ അവൻ ബോധനം ചെയ്തു. ഏറ്റവും സമീപത്തെ ആകാശത്തെ ദീപങ്ങൾ കൊണ്ട് അവൻ അലങ്കരിച്ചു, (വെളിച്ചത്തിനും) സംരക്ഷണത്തിന്ന് വേണ്ടി. പ്രതാപവാനും സർവ്വജ്ഞനുമായ അല്ലാഹുവിന്റെ അസൂത്രണമാണിത്.' (ഹാ മീം അൽ-സജ്ദ 41:13)**

ദൈവം ആകാശങ്ങളെ പൂർത്തീകരിച്ചു. ഓരോ ആകാശവും അതിനെ സൃഷ്ടിച്ച ലക്ഷ്യത്തിനനുസൃതമായി പ്രവർത്തിക്കുന്നു എന്നാണ് ഖുർആന്റെ പ്രസ്താവന. പിന്നീട് ഭൂമിയിലെ ഏറ്റവും താഴത്തെ അന്തരീക്ഷ പടലത്തെ സമീപസ്ഥമായ ആകാശം എന്ന് ഖുർആൻ പരാമർശിക്കുന്നു. അത് ഭൂമിയുടെ സംരക്ഷണത്തിന്ന് വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. ആ കാലഘട്ടത്തിൽ ആകാശം ഏതെങ്കിലും വിധത്തിൽ തങ്ങളെ സംരക്ഷിക്കുന്നുണ്ടാകും എന്നായിരിക്കും കൂടുതൽ ആളുകളും മനസ്സിലാക്കിയിട്ടുണ്ടാകുക. ഒരാൾക്കും തന്നെ അവൻ എന്തിനാണ് സംരക്ഷിക്കപ്പെട്ടത് എന്നും എന്തുകൊണ്ടാണ് സംരക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നതെന്നും ഉള്ളതിനെ പറ്റി ഒരു നേരിയ ധാരണ പോലും ആർക്കും ഉണ്ടായിരിക്കില്ല.

നീതിയെ പറ്റിയുള്ള ഒരു നിർവ്വചനം പൂർണ്ണമായും ഗ്രഹിക്കാൻ നാം ഇപ്പോൾ ഒരു കാര്യത്തിലേക്ക് ശ്രദ്ധ തിരിക്കാം. അതായത് ഒരു ഭാഗം മറ്റൊരു ഭാഗത്തിന്റെ കാര്യനിർവ്വഹണത്തിലേക്ക് കടന്നു കയറാൻ കേവലനീതി അനുവദിക്കുന്നില്ല എന്ന നിരീക്ഷണം അനിവാര്യമാണ്. ഒരു വ്യവസ്ഥയുടെ

അപകടകരമായ പ്രഭാവങ്ങളെ സംബന്ധിച്ച് പരിഗണിക്കപ്പെടുമ്പോൾ ആ വ്യവസ്ഥയുടെ മറ്റ് എല്ലാ ഭാഗവും ആ വ്യവസ്ഥയുടെ അപകടകരമായ പ്രഭാവങ്ങളുടെ വിനാശകരമായ എല്ലാ സ്വാധീനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുകയും പ്രതിരോധിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. ഒരു പ്രവർത്തന സംവിധാനത്തിന്റെ ഗുണപരമായ വശങ്ങൾ പരിഗണിക്കുമ്പോൾ വ്യവസ്ഥയുടെ ഗുണങ്ങൾ മറ്റു ഭാഗങ്ങളിൽ നിന്നും ഒഴുകി പരക്കുന്നത് തടയപ്പെടുന്നില്ല പകരം ആ ഗുണങ്ങൾ പരമാവധി മറ്റു ഭാഗങ്ങളിലേക്ക് എത്തുന്നത് ആ വ്യവസ്ഥയിൽ അനുവദിക്കപ്പെടുകയാണ് ചെയ്യുന്നത്. (ഇത് നീതി സങ്കൽപ്പത്തിന്ന് വിരുദ്ധമല്ല). ഇത് മനസ്സിലാക്കുമ്പോൾ ഭൗതിക ലോകത്ത് സമീപസ്ഥമായ ആകാശത്തിന്റെ പ്രവർത്തനങ്ങൾ നീതിയുടെ നിർവ്വഹണമാണ് സാക്ഷാത്ക്കരിക്കുന്നതെന്ന് കാണാം. ഇതാണ് സമ്പൂർണ്ണമായ സന്തുലനവും സാമഞ്ജസ്യവുമായി വിശദീകരിക്കപ്പെടേണ്ടത്.

ഭൂമിയെ ആവരണം ചെയ്തിരിക്കുന്ന അന്തരീക്ഷത്തിലെ വിവിധ പാളികളെ കുറിച്ച് നമുക്ക് പരിശോധിക്കാം. ഒരു ആകാശമായി കാണുന്ന സമീപസ്ഥമായ ആകാശം വാസ്തവത്തിൽ പല അടുക്കുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം നാം ഓർക്കണം. അതിൽ ചില അടരുകളെ കുറിച് പ്രതിപാതിച്ചുകൊണ്ട് നമ്മുടെ പഠനം കൂടുതൽ വിശദമാക്കാം.

## ട്രോപ്പോസ്പിയർ (ക്ഷോഭമണ്ഡലം)

ട്രോപ്പോസ്പിയറിനെ നിർവ്വചിക്കാൻ വില്ല്യം വാൻ ദേർ ബിജിലിനെ (William Van Der Bijl) ഉദ്ധരിക്കാം.

അന്തരീക്ഷത്തിന്റെ ആദ്യത്തെ പാളിയെയാണ് ട്രോപ്പോസ്പിയർ (Troposphere) എന്ന് വിളിക്കുന്നത്. ഭൂമിയുടെ ഉപരിതലത്തിൽ നിന്നും 7 കിലോമീറ്റർ വരെ ഉയരത്തിലുള്ള അന്തരീക്ഷ വായുവാണിത്. ട്രോപ്പോസ്പിയറിന്ന് ഉയരം കൂടുന്തോറും അന്തരീക്ഷ താപം കുറഞ്ഞുവരും. ട്രോപ്പോസ്പിയർ ഭൂമിയുടെ ഉപരിതലത്തിന്റെ തൊട്ട് മുകളിലായതിനാൽ മനുഷ്യസമൂഹത്തിന്റെ അടിയന്തര ശ്രദ്ധ ഈ പാളിക്ക് നേരെ ഉണ്ടാകുന്നു. ഏഴു മൈൽ ഉയരമുള്ള ഈ വാതകാവരണം ഭൂമിയുടെ ഉപരിതലത്തെ പൊതിഞ്ഞ് നിൽക്കുന്നത് ഭൂമിയുടെ ഗുരുത്വബലം കൊണ്ടാണ്. അതിന്ന് നിരവധി കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട്. ഭൂമിയിലെ ജീവമണ്ഡലം മുഴുവൻ ഈ സമീപാകാശത്തെ ആശ്രയിച്ച് നിൽക്കുന്നു. അതിലുപരിയായി ഈ വായുപാളി ഒരു സുരക്ഷാ കവചമായി നിലകൊള്ളുന്നു. ഈ വായുമണ്ഡലത്തിൽ ഖരപദാർത്ഥങ്ങളുടെ എണ്ണമറ്റ സൂക്ഷ്മകണങ്ങൾ അടങ്ങിയിട്ടുണ്ട്. നിർജ്ജീവമായ ഈ ധൂളികളും അതിസൂക്ഷ്മ ജീവികളും നിരന്തരമായുള്ള വായുവിന്റെ ചലനം മൂലം ഭൗമോപരിതലത്തിൽ നിന്നും വായുമണ്ഡലത്തിലേക്ക് പറന്നുയരുന്നു. ബഹിരാകാശത്ത് അലഞ്ഞു തിരിയുന്ന ഖഗോള വസ്തുക്കളുടെ താഴേക്കുള്ള നിരന്തരമായ പതനത്തിൽ നിന്നും ഭൂമിയേയും അതിലെ ജീവരാശിയെയും രക്ഷിക്കുന്നത് വായുവിന്റെ ഈ സുരക്ഷാ മണ്ഡലമാണ്. ഈ സുരക്ഷാ കവചമില്ലാതെ യാതൊരു തരം ജീവിക്കും ഭൂമിയിൽ നിലനിൽക്കാൻ സാദ്ധ്യമാകുമായിരുന്നില്ല. മറ്റൊരു സുപ്രധാനമായ കാര്യം ഈ വായുപാളിയുടെ സാന്ദ്രത അതിന്ന് ആവശ്യമെത്രയാണോ അതനുസരിച്ചുള്ളതും അതിന്റെ വലുപ്പം ഏറ്റവും അനുയോജ്യമായതുമാണ്.

ഈ വായുമണ്ഡലത്തിന്റെ തുലനാത്മകതക്ക് എന്തെങ്കിലും വിധത്തിൽ ഒരു വീഴ്ച്ച സംഭവിച്ചെങ്കിൽ ഭൂമിയിലെ ജീവന്ന് അത് യാതൊരു നേട്ടവും ഉണ്ടാക്കുമായിരുന്നില്ല. മറിച്ച് വിപരീതഫലമായിരിക്കും ഉണ്ടാവുക. ഭൂമിയിൽ പതിക്കേണ്ടുന്ന സൂര്യരശ്മിയും മറ്റു ഗുണകരമായ രശ്മികളും പുകമൂടികൊണ്ട് തടയപ്പെടുമായിരുന്നു.

## സ്റ്റ്രാറ്റൊസ്പിയർ (സമതാപന മണ്ഡലം)

വില്യം വാൻ ദേർബിജിൽ (William Van Der Bijl) സ്ട്രറ്റോസ്പിയറിനെ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്.

സ്റ്റ്രാറ്റോസ്പിയർ എന്നത് നാല് അന്തരീക്ഷ പാളികളുള്ള വായു മണ്ഡലത്തിന്റെ ഭൂമിയിൽ നിന്നുള്ള രണ്ടാമത്തെ മണ്ഡലമാണ്. സ്റ്റ്രാറ്റോസ്പിയർ പാളിയുടെ ഏറ്റവും താഴ്ന്ന ഭാഗം ട്രോപ്പോപോസും (Tropopause) അതിന്റെ മുകൾ ഭാഗം സ്റ്റ്രാടോപോസുമാണ് (Stratopause). താഴെയുള്ള ട്രോപ്പോസ്പിയർ എന്ന പാളിയുടെ സവിശേഷത അതിൽ ലംബമായി നിൽക്കുന്ന താപ പാതകളുണ്ട്. (Verticle Temperature Gradient) ലംബമായ അസ്ഥിര വായു ഗമനവുമുണ്ട് (കാലാവസ്ഥാ മാറ്റങ്ങൾക്ക് കാരണമാകുന്ന) അതിന്ന് വിരുദ്ധമായി സ്ട്രാറ്റോസ്പിയർ പാളിയിൽ താപം സ്ഥിരമായി നിൽക്കുന്നു. അതിന്റെ ഉയരം കൂടിയാൽ പോലും താപം സ്ഥിരമായി നിൽക്കുന്നു. സ്ട്രാറ്റോസ്പിയറിലെ വായു ചലനം മുഖ്യമായും സമാന്തരമായിട്ടായിരിക്കും (തിരശ്ചീനമായിട്ടായിരിക്കും ലംബമായിട്ടല്ല). അൾട്രാവയലറ്റ് ആഗിരണം മൂലം സ്ട്രാറ്റോസ്പിയർ മണ്ഡലം കൂടുതൽ ചൂടിന്ന് കാരണമാകും. ഭൂമിയുടെ ഉപരിതലത്തിൽ നിന്നും 48 മുതൽ 53 കിലോമീറ്റർ അഥവാ 30 മുതൽ 33 മൈൽ വരെയോ ആണ് സ്റ്റ്രാറ്റോസ്പിയർ പാളിയുള്ളത്.

സമീപസ്ഥമായ ആകാശത്തിലെ ഈ രണ്ട് പാളികളുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ഹ്രസ്വമായ ഈ പഠനം അവ നിർവ്വഹിക്കുന്ന സങ്കീർണ്ണമായ ചില പ്രവർത്തനങ്ങളെപറ്റി മാത്രമാണ്

പ്രതിപാദിക്കുന്നത്. ഈ പ്രാഥമിക മായ ജ്ഞാനം തന്നെ മനുഷ്യനെ വിസ്മയഭരിതനാക്കാനും സമസ്യ കളുടെ മഹാസാഗരത്തിൽ നിമ ജ്ഞമാക്കുവാനും പര്യാപ്തമാണ്. സമീപസ്ഥമായ ആകാശം എത്ര കണിശമായും ധിഷണാ വൈഭവ ത്തോടെയുമാണ് സംഘടിപ്പിക്ക പ്പെട്ടതും ഓരോ പ്രത്യേക ധർമ്മ ങ്ങൾ നിർവ്വഹിക്കാനായി വിഭജി ക്കപ്പെട്ടിരിക്കുകയും ചെയ്തിരി ക്കുന്നത്. അതിന്റെ സന്തുലനത്തിൽ എന്തെങ്കിലും നേരിയ തകരാറുകൾ ഉണ്ടായിരുന്നെങ്കിൽ ഭൂമി ജീവന്ന് അനുകൂലമല്ലാതായി തീരുമായിരു ന്നു. ഓസോൺ പാളിയിൽ എന്തെ ങ്കിലും ന്യൂനതകൾ ഉണ്ടായിരുന്നു വെങ്കിൽ തീവ്രമായ കോസ്മിക് രശ്മികളുടെ അപ്രതിരോധ്യമായ വികിരണത്താൽ ജീവന്റെ എല്ലാ രൂപങ്ങളും നശിക്കാൻ അത് പര്യാപ്തമാകുമായിരുന്നു. ഈ പഠനം ***അദ്ൽ***, സന്തുലനം എന്നീ പദങ്ങളുടെ അഗാധമായ അർത്ഥം പ്രപഞ്ചത്തിൽ പ്രതിഫലിക്കുന്നത് പ്രകടിപ്പിക്കാൻ ഉതകുമെന്ന് മാത്ര മല്ല, ഈ പഠനം മനുഷ്യനും അവന്റെ സ്രഷ്ടാവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുകയും ചെയ്യു ന്നു. ഒരാൾ പ്രകൃതിയിലെ പ്രഹേളി കകളെപറ്റി അഗാതമായി ചിന്തിക്കു മ്പോൾ മനുഷ്യന്ന് ദൈവം ചെയ്ത് വെച്ച കാര്യങ്ങളെ ഓർത്ത് അയാളി ൽ നന്ദിയുടെയും ജാഗ്രതാബോധ ത്തിന്റെയും വിതാനം ഉയരുന്നു. അവസരങ്ങളുടെ പകിടകളികൊ ണ്ട് ഭൂമിയിൽ ജീവൻ സൃഷ്ടി ക്കാനോ ജീവനെ പിന്തുണക്കാനോ സാദ്ധ്യമല്ല. മനുഷ്യൻ ഇന്ന് എത്തിനിൽക്കുന്ന തലചുറ്റിക്കുന്ന ഉന്നതാവസ്ഥയിൽ എത്തിച്ചേരാൻ സഹായകരമായി നിൽക്കാനോ അതിന്ന് സാധ്യമാകില്ല. ഭൂമിയെ ജീവന്റെ സുസ്ഥിരമായ നിലനിൽ പ്പിന്നുള്ള ഉചിതമായ സ്ഥലമാക്കി ഒരുക്കിയെടുക്കാൻ വിവിധ ശക്തി കളെ തുലനപ്പെടുത്തി കോടാനു കോടി ക്രമീകരണങ്ങൾ നടത്തേ ണ്ടതുണ്ട്.

## മാഗ്നറ്റോസ്പിയർ (കാന്തിക മണ്ഡലം)

കാന്തിക മണ്ഡലം (Magnetosphere) എന്നത് അന്തരീക്ഷത്തി ലെ കാന്തിക പ്രഭാവമുള്ള ഒരു മണ്ഡലമാണ്. അയോണീകരണം* കാരണമുണ്ടാകുന്ന കാന്തിക പ്രതിഭാസവും ഉയർന്ന അന്തരീക്ഷ ചാലകതയും ചാർജ്ജിത കണങ്ങളു ടെ സ്വഭാവം നിർണ്ണയിക്കാൻ അനിവാര്യമായ ഘടകങ്ങളാണ്. അനന്തമായ കോസ്മിക് ഊർജ്ജം ആഗിരണം ചെയ്ത് മിക്കവാറും അതിനെ ഭൂമിയിലേക്ക് എത്തുന്നതി നെ തടയുക എന്നതാണ് കാന്തിക മണ്ഡലത്തിന്റെ ധർമ്മം.

അടിസ്ഥാനപരമായി രണ്ടു വിധത്തിലുള്ള കോസ്മിക് രശ്മി കളുണ്ട്. ഒന്ന് പ്രാഥമിക രശ്മികളും മറ്റൊന്ന് ദ്വിതീയ രശ്മികളും. പ്രാഥമിക കോസ്മിക് രശ്മികൾ മുഖ്യമായും പ്രോട്ടോണുകളും (ഹൈഡ്രജൻ ന്യൂക്ലി) അൽഫാ കണങ്ങളും അടങ്ങി യതാണ്. (ഹീലിയം ന്യൂക്ളി). ഭൂരിപക്ഷം പ്രഥമ കോസ്മിക് രശ്മികളുടെ ഊർജ്ജം ഏകദേശം നൂറ് കോടി ഇലക്ട്രോൺ വോൾട്ട്സ് വരും. മാത്രമല്ല ചില പ്രാഥമിക രശ്മികൾ സൂര്യനിൽ നിന്നും ഉദ്ഭവിക്കുന്ന താണ്. ഭൂരിപക്ഷം കോസ്മിക് രശ്മികളും ഭൂമിയിൽ നിന്നും വളരെ അകലെയുള്ള സ്രോതസ്സു കളിൽ നിന്നും വരുന്നവയാണ്. (അതിഭയങ്കരമായി സ്ഫോടനം നടക്കുന്ന സൂപ്പർ നോവ നക്ഷത്ര ങ്ങളിൽ നിന്നാണ് അവ വരാനുള്ള സാദ്ധ്യത) കൂടാതെ ആകാശ ഗംഗയുടെ പുറമെനിന്നും ഉയർന്ന ഊർജ്ജ നിലകളോടെ വരുന്നവയാ ണ്. ഭൂമിയിലെ അന്തരീക്ഷത്തി ലേക്ക് കടന്നുവരുന്ന ചില പ്രാഥ മിക കോസ്മിക് രശ്മികൾ ഓക്സി ജൻ നൈട്രജൻ ന്യൂക്ളികളുമായി കൂട്ടിമുട്ടുകയും ദ്വിതീയ കോസ്മിക് രശ്മികൾ ഉദ്ഭവിക്കുകയും ചെയ്യുന്നു. ഈ ദിത്വീയ കോസ്മിക് രശ്മികൾ ഇലക്ട്രോൺ, പോസി ട്രോൺ മെസോൺ ന്യൂട്രിനോസ് എന്നീ ഉപകണങ്ങളും (Subatomic) അത്പോലെ ഫോട്ടോണു കളും ഉൾപ്പെട്ടതാണ്. ഉന്നത ഊർജ്ജ നിലകളുള്ള ദിത്വീയ കോസ്മിക് രശ്മികൾ അന്തരീക്ഷ ത്തിലെ മറ്റു *ന്യൂക്ലിയുമായി (Nuclei) പ്രതി പ്രവർത്തിക്കുകയും കൂടുതൽ ദിത്വീയ കോസ്മിക് രശ്മികൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. അത്തരം തുടർന്നുള്ള കൂട്ടിമുട്ടലുകളുടെ ഫലമായുണ്ടാകു ന്ന കോസ്മിക് രശ്മികളുടെ പെരുക്കത്തിനെയാണ് സോപാന വർഷം (കാസ്കേഡ് ഷവർ- Cascade Shower) എന്ന് പറയപ്പെടുന്ന ത്.

വാസ്തവത്തിൽ കോസ്മിക് വികിരണം ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ ആകർഷിക്കാനുള്ള ലളിതമാ യ കാരണം ഈ പ്രതിഭാസം അവരുടെ ധാരണാശക്തിക്ക് ഒരു വെല്ലുവിളിയായി തീർന്നതിനാലാ ണ്. കോസ്മിക് രശ്മികളുടെ വമ്പിച്ച പ്രാധാന്യത്തിന്ന് കാരണം ഭൂമിയിലെ ജീവൻ സംരക്ഷിത വ്യവസ്ഥയുടെ പല മേഖലകളിലും അത് ചെലുത്തുന്ന വൻ സ്വാധീന മാണ്. യഥാർത്ഥത്തിൽ ഭൂമിയിലെ മനുഷ്യ ജീവിതം വലിയ തോതിൽ ആശ്രയിക്കുന്നത് ദിത്വീയ കോസ്മി ക് രശ്മികളെയാണ്. ഈ രശ്മി കളാണ് സസ്യങ്ങളിൽ പച്ച നിറത്തി

---

* **അയോണീകരണം** :- ആറ്റത്തിലും തന്മാത്രയിലും ചാർജ്ജുള്ള കണങ്ങൾ കൂടിചേർന്നോ മാറിനിന്നോ ചാർജ്ജുള്ള അവസ്ഥയിലായികൊണ്ടാണ് അത് അയോൺ ആയിതീരുന്നത്. ഇങ്ങനെ അയോണുകളാക്കി മാറ്റുന്ന പ്രക്രിയയെയാണ് അയോണീകരണം എന്ന് പറയുന്നത്. അയോണുകൾ വൈദ്യുത ചാർജ്ജുള്ള കണങ്ങളാണ് അതിനാൽ ഇവ വൈദ്യുത ചാലകമായി പ്രവർത്തിക്കുന്നു. - വിവ:

***ന്യൂക്ലി** :- ന്യൂക്ലിയസ്സിന്റെ ബഹുവചനം - വിവ:

ന്ന് കാരണമാകുന്ന ഹരിതകം നിർമ്മിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നത്. പ്രകാശസംശ്ലേഷണ ത്തിൽ സുപ്രധാന പങ്ക് വഹിക്കുന്ന ത് ഹരിതകമാണ്. പ്രകാശ സംശ്ലേ ഷണത്തിലൂടെ കാർബൺ, ഓക്സി ജൻ, ഹൈഡ്രജൻ എന്നീ മൂലകങ്ങ ളെ സങ്കീർണ്ണമായ ജൈവ വസ്തു ക്കളാക്കി മാറ്റിയാണ് എല്ലാവിധ സസ്യവിളകളും ഉദ്പാദിപ്പിക്കുന്നത്. വേര്, ഇലകൾ, കാണ്ഡം, പൂവ്, ഫലം തുടങ്ങി അവയുടെ അസ്തി ത്വം മുഴുവൻ ഹരിതകത്തിന്റെ പങ്കിനോട് കടപ്പെട്ടിരിക്കുന്നു. സൂര്യകിരണങ്ങളിൽ നിന്നും ദ്വിതീയ കോസ്മിക് രശ്മികളിൽ നിന്നുമുള്ള ഊർജ്ജം സംയോജിപ്പി ച്ച് കാര്യക്ഷമമമായ ഒരു ഫാക്റ്റ റിയിലെന്നപോലെ പ്രവർത്തിച്ചാണ് ഇവകൾ നിർമ്മിക്കുന്നത്.

ഈ ദിത്വീയ കോസ്മിക് രശ്മികൾ ഈയ്യത്തിന്റെ വളരെ കട്ടിയുള്ള പാളികൾ പോലും തുളച്ചു കയറാൻ ശേഷിയുള്ളതാ ണ്. ഖനിയുടെ അഗാധതകളിലേ ക്കും സമുദ്രങ്ങളുടെ അടിത്തട്ടിലേ ക്കും അത് ആഴങ്ങളിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നതായി കണ്ടെത്തിയിരിക്കുന്നു. മനുഷ്യന്റെ ശരീരത്തിലൂടെ ഓരോ മിനുട്ടിലും 25,000 മുതൽ 30,000 വരെ കോസ്മിക് രശ്മികളുടെ കണങ്ങൾ കടന്നുപോയിക്കൊണ്ടിരിക്കുന്നു. കോസ്മിക് രശ്മികളെ അതിന്റെ പ്രാഥമിക രൂപത്തിൽ ഭൂമിയുടെ ഉപരിതലത്തിൽ പ്രവേശിക്കുന്ന തിൽ നിന്നും തടയേണ്ടതായിട്ടുണ്ട്. ഈ കൃത്യം മേൽ വിവരിച്ച ഭൂമിയുടെ സംരക്ഷണ പാളിയിലൂടെ നിർവ്വഹിക്കപ്പെടുന്നു. കോസ്മിക് രശ്മികൾ ഓക്സിജൻ നൈട്രജൻ ആറ്റങ്ങളുമായി ആവർത്തിച്ച് സംഘട്ടനത്തിലേർപ്പെടുമ്പോഴുണ്ടാ കുന്ന ദിത്വീയ രശ്മികളാണ് അവസാനം ഭൂമിയിലെത്തുന്നത്.

ഇതിന്ന് മുമ്പ് പരാമർശിച്ചത് പോലെ വാനലോകവുമായുള്ള ബന്ധം പറയുമ്പോൾ വിശുദ്ധ ഖുർആൻ ***മീസാൻ*** എന്ന സാങ്കേതി ക പദമാണ് ഉപയോഗിക്കുന്നത്. അതിന്റെ അർത്ഥം സന്തുലനം അല്ലെങ്കിൽ സന്തുലനം സാധ്യമാ കാൻ വേണ്ടി ഉപയോഗിക്കുന്ന എന്തെങ്കിലും ഉപാധികൾ എന്നാണ്. ഭൂമിക്കും ഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ഖുർആൻ ഉപയോ ഗിക്കുന്നത് അതേ കേവല ക്രിയയി ൽ നിന്നും നിഷ്പന്നമായ മറ്റൊരു പദമാണ്. ***വസൻ*** (ഭാരം) എന്ന കേവലക്രിയയിൽ നിന്നും നിഷ്പ ന്നമായതാണ് ***മീസാൻ.*** മുകളിൽ പ്രതിപാദിച്ചതിന്റെ രണ്ട് അർത്ഥ വും ***മീസാൻ*** എന്ന പദത്തിന്റെ ലക്ഷ്യാർത്ഥത്തിൽ നിന്നും ലഭി ക്കും. അതേ ധാതുവിൽ നിന്നും നിഷ്പന്നമാകുന്ന ***മൗസുൻ*** എന്ന പദത്തിന്റെ അർത്ഥം എന്തെങ്കിലും ഒന്ന് പൂർണ്ണതോതിൽ സംന്തുല നാത്മകമായും അനുപാതത്തിലും നിർമ്മിച്ചത് എന്നാണ്.

ഖുർആൻ ഒഴികെ ലോകത്ത് ഏതെന്തിലും ഒരു ഗ്രന്ഥം ഇത്തരം സങ്കീർണ്ണമായ വിഷയം ഇത്രയും ലളിതമായി മഹിതമായ കൽപനാ വൈഭവത്തോടെ അനായാസം ചർച്ച ചെയ്യുന്നുണ്ടോ? അക്കാദമി കവും ശാസ്തീയവുമായ അഗാധ മായ വിഷയങ്ങൾ വളരെ ഒഴുക്കോ ടെ സരളമായ ശൈലിയിൽ പ്രതിപാ തിക്കുന്നത് തികച്ചും അത്ഭുക രമാണ്. വിശുദ്ധ ഖുർആൻ നമ്മുടെ ഈ കാലഘട്ടത്തിൽ അവതീർണ്ണ മായതല്ല. നമ്മുടെ കാലത്തെ വിജ്ഞാനത്തിൽ നിന്നും ധാരണ കളിൽനിന്നും തികച്ചും വ്യത്യസ്ത മായ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് വെളിപ്പെട്ടതാണ്. എന്നിട്ടും സമകാലീന ലോകത്തെ പ്രശ്നങ്ങ ളും താൽപര്യങ്ങളും ആ ഗ്രന്ഥം ചർച്ചചെയ്യുന്നു. പ്രകൃതിയുടെ എല്ലാ സർഗ്ഗാത്മക പ്രക്രിയകളിലു മുള്ള സങ്കീർണ്ണമായ രഹസ്യങ്ങളും ചർച്ചചെയ്ത് വെളിപ്പെടുത്തുന്നു എന്നത് വിസ്മയകരമാണ്.

ദൈവാസ്തിത്വത്തിൽ വിശ്വസി ക്കാത്ത ഇസ്‌ലാമിന്റെ ചില വിമർശ കന്മാർ വിശുദ്ധ ഖുർആൻ ദൈവ ത്തിൽ നിന്നും വെളിപ്പെട്ടതല്ലെന്നും അത് മുഹമ്മദിന്റെ (സ) വാക്കുകൾ മാത്രമാണെന്നും ആരോപിക്കുന്ന വരാണ്. അങ്ങനെയാണെങ്കിൽ നാം ചർച്ചചെയ്യുന്ന നിഗൂഢ രഹസ്യങ്ങ ളേക്കാളും പ്രഹേളികയേക്കാളും വൻ തോതിലുള്ള കാര്യങ്ങൾ വിശുദ്ധ ഖുർആൻ സ്വയം അവത രിപ്പിക്കുന്നതായി നാം കാണുന്നു. ഖുർആന്റെ രചയിതാവ് എന്ന് അവർ ആരോപിക്കുന്ന വ്യക്തി ഒരു നിരക്ഷരനായിരുന്നു എന്നകാ ര്യം അവർക്ക് എങ്ങനെ അവഗണി ക്കാൻ കഴിയുന്നു എന്നകാര്യം ആശ്ചര്യകരമാണ്. അദ്ദേഹം ജനിച്ച ദേശം **'നിരക്ഷരരുടെ നാട്'** എന്ന് നിന്ദാകരമായി പരാമർശിക്ക പ്പെടുന്ന ദേശമാണ്. അറേബ്യയുടെ ഒരു ഭാഗത്ത് വളരെയേറെ പുരോഗ മിച്ച പേർഷ്യൻ നാഗരികതയാ യിരുന്നു നിലകൊണ്ടിരുന്നത്. മറുഭാഗത്താകട്ടെ ലോകത്ത് മറ്റൊരി ടത്തും ഇല്ലാത്തവിധം തത്വശാസ്ത്ര വും ഭൗതിക ശാസ്ത്രങ്ങളും പുഷ്ക്കലമായ വിജ്ഞാനത്തിന്റെ കളിതൊട്ടിലായ പ്രവിശാലമായ റോമാ സാമ്രാജ്യവും. അക്കാല ത്തെ വൻശക്തികളായിരുന്ന ഇവർ രണ്ട് കൂട്ടരും പരിഹാസത്തോടെ യും നിന്ദയോടെയും അജ്ഞാന ത്തിന്റെ കേദാരം എന്ന നിലക്കാണ് അറേബ്യയെ നോക്കി കണ്ടത്. ഇത്തരത്തിലുള്ള ഒരു നാട്ടിൽ നിന്നും ജ്ഞാനത്തിന്റെ മഹത്തായ ഈ സ്രോതസ്സിന്റെ രചനാകർതൃത്വം പരിശുദ്ധ പ്രവാചകനിൽ ആരോപി ക്കുക എന്നത് യാതൊരു വിധത്തി ലും സാദ്ധ്യമല്ല. അത് ദൈവത്തിന്റെ വചനം മാത്രമായിരുന്നിരിക്കണം.

### ഭൂമി

ഭൂമിയുടെ സൃഷ്ടിപ്പുമായി ബന്ധപ്പെട്ട സന്തുലനത്തിന്റെ തത്വ ങ്ങൾ വിവരിക്കാനായി വിശുദ്ധ ഖുർആൻ ചില വചനങ്ങൾ പ്രതിപാദിക്കുന്നു. ഉദാഹരണമായി:

**ഭൂമിയെ നാം വികസിപ്പിക്കുക യും അതിൽ ഉറച്ചു നിൽക്കുന്ന പർവ്വതങ്ങളെ സ്ഥാപിക്കുകയും കൃത്യമായ അളവിൽ എല്ലാവസ്തു**

**ക്കളേയും അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു. (അൽ-ഹിജ്ർ 15: 20)**

വിശുദ്ധ ഖുർആനിലെ ഈ വചനം സൂചിപ്പിക്കുന്നത് ദൈവം ആകാശഭൂമികൾ സൃഷ്ടിച്ചത് സമ്പൂർണ്ണ സന്തുലനം പോലെയുള്ള തത്വത്തിന്റെ മേലെയാണെന്നാണ് എന്നാണ്. തുടർന്ന് ആകാശ ഭൂമിക്കിടയിൽ സൃഷ്ടിക്കുന്നതെല്ലാം എന്താണോ അതെല്ലാം നീതിയുടെ തത്വങ്ങൾ പാലിക്കുകയും ചെയ്യുന്നു. ആയതിനാൽ ദൈവം ഏറ്റവും ഉചിതമായി പ്രഖ്യാപിക്കുന്നത് ആകാശം ഒരു ***മീസാനും*** ഭൂമി ***മൗസുൻ*** ആയിരിക്കുക എന്നാണ്. ഇത് സൂചിപ്പിക്കുന്നത് ഭൂമി അത് സ്വയം തന്നെ സംന്തുലീകരിക്കപ്പെടുകയില്ല. മറിച്ച് പുറമേനിന്നും അത്യുന്നതമായ ഒരു തുലനീകരണശക്തിക്ക് ഭൂമി വിധേയമാവുന്നു എന്നാണ്.

**മീസാൻ** എന്നത് ആകാശീയമായ നീതിയുടെ തത്വങ്ങളുമായിട്ടാണ് ബന്ധപ്പെട്ടു നിൽക്കുന്നത്. മറ്റു വസ്തുക്കളിലും സന്തുലനം സൃഷ്ടിക്കാൻ അത് ഉപാധിയാകുന്നു എന്ന അർത്ഥധ്വനി ആ പദത്തിന്നുണ്ട്. ഭൂമിയിൽ പാലിക്കപ്പെടുന്ന നീതിയുടെ തത്വം ഭൂമിയുടെ തന്നെ ആന്തരികമായ ഗുണത്തിൽ നിന്നും ഉദ്ഭൂതമായതല്ല. അത് ആകാശത്ത് നിന്നും നൽകപ്പെട്ടതാണ്. ഇവിടെ നാം മറ്റൊരു യാഥാർത്ഥ്യത്തിലേക്കാണ് നയിക്കപ്പെടുന്നത്. ഭൂമിയിലെ എല്ലാ ഭൗതിക വസ്തുക്കളുടെയും അസ്തിത്വത്തിന്റെ മികവ് അതിന്റെ ആകാശീയമായ തത്വങ്ങളുടെ സാമജ്ഞ്യസത്തെ ആശ്രയിച്ചാണ് നിൽക്കുന്നത്. അത്പോലെ യഥാർത്ഥത്തിൽ അകാശീയമായ വ്യക്തിത്വങ്ങളാണ് ലോകത്തെ എല്ലാകാര്യത്തിലും നന്നായി നയിക്കാൻ ഏറെ പ്രാപ്തരായിട്ടുള്ളവർ എന്ന് കരുതലാണ് വിവേകം.

**കൃത്യമായ അളവിൽ നാം എല്ലാ വസ്തുക്കളെയും അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു. (സൂറ: അൽ ഹിജ്ർ:15:20)**

ഭൂമിയിൽ എല്ലാം മുളക്കുന്നത് പ്രകൃതിയിലെ പരമോന്നത കേവല നീതിയുടെ നിയമത്തിന്റെ സ്വാധീനത്തിലാണ്. അതിനെ പിന്തുടരുകയല്ലാതെ മറ്റു വഴികളില്ല. ഭൂമിയിലെ എല്ലാ വളർച്ചയും നിയന്ത്രിക്കുന്നത് പ്രകൃതിയിലെ ദിവ്യനിയമങ്ങളാണ് എന്ന് കാണപ്പെടുന്നു.

ഈ പശ്ചാത്തലത്തിൽ **'നാം മുളപ്പിക്കുന്നു'** എന്ന് അർത്ഥം വരുന്ന ***അമ്പത്നാ*** എന്ന അറബി പദം സവിശേഷ ശ്രദ്ധ അർഹിക്കുന്നു. സാധാരണയായി ഈ പദം സസ്യജാലങ്ങൾ വളരുന്ന പ്രതിഭാസത്തെ പരാമർശിക്കാനായി ഉപയോഗിക്കുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. ഇത് ശരിയല്ല. മനുഷ്യന്റെ ജനനത്തെയും വളർച്ചയേയും സംബന്ധിച്ചും പലപ്പോഴും ഈ പദം ഉപയോഗിക്കാറുണ്ട്.

സൂറ: നൂഹ് 18-ാം വചനം ***നമ്പാത്ത്*** എന്ന ഇതേ പദം മനുഷ്യന്റെ ഭൂമിയിലെ സൃഷ്ടിപ്പിനെ പറ്റിയും അതിന്ന് ശേഷമുള്ള വികാസവളർച്ചയെ പറ്റിയും നേരിട്ട് തന്നെ ഉപയോഗിച്ചിട്ടുണ്ട്. വചനം ഇപ്രകാരമാണ്.

**നിങ്ങളെ അല്ലാഹു ഭൂമിയിൽ നിന്ന് നല്ലനിലയിൽ ഉൽപാദിപ്പിച്ചു വളർത്തിയിരിക്കുന്നു.(സൂറ: നൂഹ് 71: 18)**

ഇവിടെ മനുഷ്യനെ അഭിസംബോധന ചെയ്തുകൊണ്ട് ദൈവം അസന്നിഗ്ദമായി പ്രസ്താവിക്കുന്നത് മനുഷ്യനെ ജനിപ്പിച്ചു വളർത്തിയ നബാത് എന്ന പദം അർത്ഥമാക്കുന്ന അതേ പ്രക്രിയയിലൂടെയാണ് സസ്യത്തെയും മുളപ്പിച്ചു വളർത്തിയത് എന്നാണ്.

## പർവ്വതങ്ങൾ

സൂറ: ലുഖ്മാനിലെ 11,12 വചനത്തോടൊപ്പം നാം സൂറ: ഹിജ്ർ ലെ 20ാം വചനത്തിലേക്ക് വീണ്ടും പോകുകയാണ്. സൂറ: ലുഖ്മാനിലെ വചനം നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഇതേ പ്രതിഭാസം എത്ര വിശദമായാണ് ചർച്ചെയ്യുന്നതെന്ന് കാണാം.

**ഭൂമിയെ നാം വികസിപ്പിക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന പർവ്വതങ്ങളെ നാം സ്ഥാപിക്കുകയും കൃത്യമായ അളവിൽ എല്ലാ വസ്തുക്കളെയും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു. (സൂറ അൽ ഹിജ്ർ 15:20)**

**......... ഭൂമിയിൽ അവൻ ഉറച്ച പർവ്വതങ്ങളെ സ്ഥാപിച്ചിരിക്കുന്നു. അതായത് നിങ്ങൾക്ക് അത് ഭക്ഷണം നൽകുന്നു. അവനതിൽ എല്ലാതരം ജീവികളെയും വ്യാപിപ്പിച്ചിരിക്കുന്നു. എന്നിട്ട് നാം ആകാശത്ത് നിന്ന് വെള്ളമിറക്കി, എന്നിട്ട് അതിൽ മെച്ചപെട്ട എല്ലാ വർഗ്ഗങ്ങളിൽ നിന്നുമുള്ള ഇണകളേയും നാം വളർത്തുന്നു. ഇത് അല്ലാഹുവിന്റെ സൃഷ്ടിയാണ്. അപ്പോൾ അവൻ പുറമേയുള്ളവർ എന്താണ് സൃഷ്ടിച്ചതെന്ന് നിങ്ങൾ എനിക്ക് കാണിച്ചു തരിക. പക്ഷേ അക്രമികൾ വ്യക്തമായ വഴികേടിലാണ്. (സൂറ: ലുഖ്മാൻ 31: 11-12)**

ഇവിടെ പർവ്വതങ്ങൾക്ക് ഉപയോഗിച്ച പദം ***റവാസിയ*** എന്നാണ്. അതിന്നർത്ഥം അഗാധമായും ദൃഢമായും വേരോടിനിൽക്കുന്നത് എന്നാണ്. ഈ പദത്തിന്റെ ഈ അർത്ഥധ്വനി കാരണം അറബികൾ പർവ്വതത്തിന്ന് ഇതേ പദമാണ് ഉപയോഗിക്കുക. വിശുദ്ധ ഖുർആന്റെ മിക്ക വിവർത്തനങ്ങളിലും കാണുന്ന പർവ്വതങ്ങളുമായി ബന്ധപ്പെട്ട ***തമീദ ബിക്കും*** എന്ന പദം അർത്ഥമാക്കുന്നത് പർവ്വതങ്ങൾ ഭൂകമ്പത്തിൽ നിന്നും മനുഷ്യരാശിയെ രക്ഷിക്കാനാണ് സൃഷ്ടിക്കപ്പെട്ടത് എന്നാണ്. ഭൂകമ്പത്തിൽ നിന്നും പർവ്വതങ്ങൾ ഭൂമിയെ രക്ഷിക്കുന്നില്ല എന്ന വസ്തുനിഷ്ഠമായ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിവർത്തനം സ്വീകരിക്കാൻ സാദ്ധ്യമല്ല. ഇതിന്ന് വിരുദ്ധമായി മിക്ക ഭൂകമ്പങ്ങളുടെയും

കേന്ദ്രബിന്ദു ഭൂമിക്ക് മുകളിൽ എഴുന്നു നിൽക്കുന്ന പർവ്വതത്തിലും സ്ഥിതിചയ്യുന്നു എന്നതാണ്. അല്ലെങ്കിൽ അത്തരം കേന്ദ്രങ്ങൾ സമുദ്രത്തിന്റെ അഗാധങ്ങളിൽ മറഞ്ഞുകിടക്കുന്ന അഗ്നി പർവ്വതങ്ങളിലും ഉണ്ടാവാറുണ്ട്. ദൈവത്തിന്റെ സൃഷ്ടിപ്രക്രിയക്ക് വിരുദ്ധമായ രീതിയിൽ ദൈവവചനങ്ങൾ വിവർത്തനം ചെയ്യുന്നത് ഉചിതമല്ല.

***മദ്ദ, യമുദ്ദു*** എന്നീ എന്ന പദങ്ങളിൽ നിന്നും സംജാതമായ ***തമീദ ബിക്കും*** എന്ന പദം ഭക്ഷണത്തിന്നായുള്ള മേശ ഒരുക്കുക എന്ന മറ്റൊരർത്ഥവും സൂചിപ്പിക്കുന്നു. അങ്ങനെയാവുമ്പോൾ വിവർത്തനം ഇങ്ങനെ ആയിരിക്കണം. **'നാം രൂഢമൂലമായ പർവ്വതങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. കാരണം അവ നിങ്ങൾക്ക് ഭക്ഷണം നൽകുന്നതിന്നുള്ള സ്രോതസ്സായി വർത്തിക്കുന്നു'**.

ചുരുക്കത്തിൽ ഭൂമികുലുക്കത്തിൽ നിന്ന് മനുഷ്യവംശത്തെ രക്ഷിക്കാനല്ല ദൈവം പർവ്വതങ്ങളെ സൃഷ്ടിച്ചത്. മറിച്ച് ജീവന്റെ നിലനിൽപ്പ് പർവ്വതങ്ങളുടെ അസ്തിത്വത്തെ ആശ്രയിച്ചാണ് എന്നത്കൊണ്ടാണ്. ***മൗസുൻ*** എന്ന പദത്തിന്റെ അർത്ഥപ്രതീതി സൃഷ്ടിക്കുന്ന വിധം ജീവന്ന് ആവശ്യമായ ഭക്ഷ്യ ശൃംഖലയുടെ സംവിധാനത്തെ പർവ്വതങ്ങൾ പരിപൂർണ്ണമായും പരിപാലിക്കുകയും പിന്തുണക്കുകയും ചെയ്യുന്നു.

ഭൂമിയുടെ ഉപരിതലത്തിൽ 30 ശതമാനം മാത്രമാണ് കരഭാഗമുള്ളത്. അത് തന്നെ അഞ്ച് ഭൂഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ബാക്കി 70 ശതമാനം ഭൂമിയുടെ ഉപരിതലം സമുദ്രവും തടാകങ്ങളുമാണ്. പക്ഷേ നാം കാണുന്ന ഈ ജലം മുഴുവനും അവിടെയില്ല. വാസ്തവത്തിൽ 75 ശതമാനം ജലവും ഐസ് രൂപത്തിൽ വടക്കൻ അർദ്ധഗോളത്തിൽ പർവ്വതശിഖരങ്ങളിൽ ശേഖരിക്കപ്പെട്ടിരിക്കുന്നു. പർവ്വതം ഉറഞ്ഞ ഖരജലത്തിന്റെ ഒരു ജലസംഭരണി പോലെ പ്രവർത്തിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ഐസ് ഉരുകി അത് സമുദ്രജലത്തിലേക്ക് തിരിച്ച് ഒഴുകി നിലവിലുള്ള 30 ശതമാനം കരയും പൂർണ്ണമായും മുങ്ങിപ്പോകുമായിരുന്നു. അങ്ങനെ ഭൂമിയുടെ ഉപരിതലം മുഴുവൻ സമുദ്രംകൊണ്ട് ആവരണം ചെയ്യപ്പെടുമായിരുന്നു.

ഭൂമിയിലെ ജലത്തിന്റെ സന്തുലനം നിലനിർത്താൻ പർവ്വതങ്ങൾ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. മനുഷ്യന്റെ ഉപയോഗത്തിന്നും സസ്യലോകത്തിന്റെ ജീവനത്തിന്നുമായുള്ള ജലശുദ്ധീകരണം പർവ്വതങ്ങളുടെ സുപ്രധാനമായ മറ്റൊരു പ്രവർത്തനമാണ്. സമുദ്രത്തിൽ നിന്നു പർവ്വതങ്ങളിലേക്കും അവിടെനിന്ന് തിരിച്ച് വീണ്ടും സമുദ്രത്തിലേക്കുമുള്ള ജലത്തിന്റെ പരിവൃത്തി പ്രക്രിയ ഒരു നീണ്ട കഥയാണ്. അതായത് ഈ ജലചക്രം ഭൂമിയിലെ സസ്യങ്ങളും ജീവികളും ഉപയോഗിക്കുകയും മലിന ജലം കടലിലേക്ക് തിരികെ ഒഴുകിപ്പോവുകയും ചെയ്യുന്നു.

പർവ്വതങ്ങൾ ഈർപ്പ(Moister) പാതത്തിന്നും പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. ധ്രുവ പ്രദേശങ്ങളിലും ഉയരമുള്ള പർവ്വതമേഖലകളിലും ജലവർഷണം മഴയേക്കാൾ കൂടുതലായി ഹിമപാതരൂപത്തിലാണ് ഉണ്ടാവുക. അവിടെ ഐസ് മഞ്ഞു പാളികളായും ഹിമാനികളായും (Glaciers) ജലം സാന്ദ്രീകരിച്ചു നിൽക്കുകയാണ്.

അവിടെ ഈ മഞ്ഞു മലകളിൽ നിരന്തരം ഭൂഗുരുത്വബലം പ്രയോഗിക്കപ്പെട്ടുകൊണ്ടിരിക്കും. ഈ ഗുരുത്വബലം ഐസിന്റെ ബന്ധനസ്ഥമായ സ്ഥാനികോർജ്ജം (Potential Energy) മോചിപ്പിക്കുന്നതിൽ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. എവിടെയാണോ ഐസിന്റെ ഉപരിതലത്തിൽ മർദ്ദം കൂടുതലായി പ്രയോഗിക്കപ്പെടുന്നത് അവിടെ താപം വർദ്ധിക്കുകയും ഐസ് ഉരുകാൻ തുടങ്ങുകയും ചെയ്യുന്നു എന്നത് പ്രകൃതി നിയമമമാണ്. ഇവിടെ താപം -60 ഡിഗ്രി വരെ താഴുന്ന സ്ഥലമുണ്ട്. ഹിമാനികളുടെ അടിഭാഗം എപ്പോഴും ഉരുകികൊണ്ടിരിക്കും. ഉന്നതമായ മർദ്ദത്തിന്റെ ഫലമായി ഒരു ഹിമാനിയുടെ അടിഭാഗം സ്പർശിക്കുന്ന പർവ്വതത്തിന്റെ ഉപരിഭാഗത്തെ താപം ഉയരുകയും ഹിമാനി ഉരുകാൻ ആരംഭിക്കുകയും ചെയ്യും. അങ്ങനെ പർവ്വതത്തിന്ന് മീതെ കിടക്കുന്ന ഹിമാനിയുടെ പർവ്വതവുമായുള്ള മുഴുവൻ പിടിയും വിട്ടുപോവുകയും അത് താഴേക്ക് പതിക്കാൻ ആരംഭിക്കുകയും ചെയ്യും. അത് താഴേക്ക് പതിക്കുന്നതിനനുസരിച്ച് വലിയ കരിങ്കല്ലുകളും പാറക്കഷണങ്ങളും കൂട്ടത്തിൽ താഴെയെത്തുകയും അതിന്റെ താഴെക്കുള്ള കുത്തി ഒഴുക്കിൽ എല്ലാ തടസ്സങ്ങളും തട്ടി നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി കരിങ്കല്ലുകളും പാറക്കഷണങ്ങളും മുതലായവ പൊടിഞ്ഞു ചെറിയ കല്ലുകളും കൽത്തരികളുമായി മാറുന്നു. അവസാനമായി ഉപ്പ്തരികളും സൃഷ്ടിക്കപ്പെടുന്നു.

എന്നാൽ ഈ നിയമ പ്രകാരം സന്മുദ്രത്തിലെ മുഴുവൻ ജലവും പർവ്വതങ്ങളിലേക്കോ ധ്രുവങ്ങളിലേക്കോ മാറ്റപ്പെടുകയും സകലജലവും ഹിമസമുദ്രങ്ങളായി രൂപാന്തരപ്പെടുമെന്നതിനാൽ മനുഷ്യ സമൂഹത്തിന്റെ അസ്തിത്വം തന്നെ ഇല്ലാതാവുകയും ചെയ്യുമായിരുന്നു.

ജീവന്ന് സഹായകമായി പർവ്വതങ്ങൾ നിർവ്വഹിക്കുന്ന മറ്റൊരു ധർമ്മം അത് ഭൂമിയിലെ മണ്ണിനെ വിവിധ രീതിയിൽ ഫലഭൂയിഷ്ടമാക്കുന്നു എന്നതാണ്. പല വിധത്തിലുള്ള അമോണിയം ലവണങ്ങൾ അടങ്ങിയ ക്രിത്രിമവളങ്ങൾ ഉപയോഗിച്ചാണ് നാം മണ്ണിനെ ഫലഭൂയിഷ്ടമാക്കുന്നതെന്നോർക്കണം. അത്യധികം വൈദ്യുതപരമായി ചാർജ്ജ് ചെയ്യപ്പെട്ട മഴമേഘങ്ങൾ ശക്തമായ വായ പ്രവാഹത്താൽ പർവ്വതങ്ങളിലേക്ക് ചലിപ്പിക്കപ്പെടു

മ്പോൾ, അത് ഒരു വിദ്യുത് പ്രവാഹമായും മിന്നൽ പിണരായും ഇടിനാദമായും മാറി മഴകണങ്ങളെയും നൈട്രജൻ വാതകങ്ങളേയും വിഘടിപ്പിച്ച് വിധങ്ങളായ അമോണിയം ലവണങ്ങളാക്കി മാറ്റുന്നു. അവ മഴയേയോ മഞ്ഞിനേയോ പോഷക സമ്പുഷ്ടമാക്കുകയും ചെയ്യുന്നു. ചില കണക്കുകൾ വ്യക്തമാക്കുന്നത് മനുഷ്യനിർമ്മിതമായിട്ടുള്ള ലോകത്തെ മുഴുവൻ വ്യവസായ ശാലകളിലും ഒരു വർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന വളങ്ങൾക്ക് തുല്യമായ വളം ഈ പ്രക്രിയ മുഖേന ഒരു മണികൂർ കൊണ്ട് നിർമ്മിക്കപ്പെടും എന്നാണ്.

ഇത്തരം പ്രകൃതി പ്രതിഭാസങ്ങളുടെ പ്രവർത്തനങ്ങളെ പറ്റിയുള്ള ഒരു വിശദമായ പഠനം, മനുഷ്യ ജീവിതത്തിൽ പർവ്വതങ്ങളുടെ അനുഗ്രങ്ങളെ പറ്റി ഖുർആനിൽ കാണുന്ന ജ്ഞാനസമ്പത്തിന്ന് യഥാർത്ഥത്തിലുള്ള ഒരു വിവരണം നൽകാനാവും. സൂറ: ഹാം മീം അൽ സജദ യിൽ നിന്നുള്ള ഒരു വചനം ഉദ്ധരിക്കാം.

**അവൻ അതിന്റെ ഉപരിതലത്തിൽ ഉറച്ച മലകൾ സ്ഥാപിച്ചു. അതിൽ അനുഗ്രഹങ്ങ്ൾ നിക്ഷേപിക്കുകയും ചെയ്തു. അവനതിൽ നാലുഘട്ടങ്ങളിലായി അതിലെ വിഭവങ്ങൾ ശരിയായ അളവിൽ തുലനപ്പെടുത്തുകയും എല്ലാ അന്വേഷകന്മാർക്കും നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. (സൂറ: ഹാ മീം സജ്ദ 41: 11)**

ചുരുക്കത്തിൽ നാം ഭൂമിയുടെ കാര്യങ്ങൾ നിർവ്വഹിക്കപ്പെടുകയും ആകാശങ്ങൾ ഭരിക്കപ്പെടുകയും ചെയ്യുന്ന രീതിയിൽ പ്രകൃതി നിയമങ്ങളുടെ പ്രകടനങ്ങൾ നിരീക്ഷിച്ചാൽ പരിപൂർണ്ണമായ സ്വരൈക്യവും ഏകോപനവും സന്തുലനവും കാണാനാവും. പകലിൽ നിന്ന് രാവിലേക്കും രാവിൽ നിന്ന് പകലിലേക്കുമുള്ള മാറ്റങ്ങൾ വസന്തത്തിൽ നിന്ന് ഗ്രീഷ്മത്തിലേക്കും ഹേമന്തത്തിൽ നിന്ന് ശിശിരത്തിലേക്കുമുള്ള ഋതുക്കളുടെ സംക്രമണങ്ങൾ ചൂടിൽനിന്ന് തണുപ്പിലേക്കുള്ള പരിവർത്തനങ്ങൾ മുതലായവയെല്ലാം ഭൂമിയിലെ ജീവവ്യവസ്ഥയിൽ അഗാധമായ പ്രഭാവങ്ങളാണ് ഉണ്ടാക്കുന്നത്.

## അന്തരീക്ഷ വായുവിലെ സന്തുലനം

സ്വാഗതം ചെയ്യപ്പെട്ടാലും ഇല്ലെങ്കിലും ഓരോ ഋതുക്കൾക്കും അതിന്റേതായ പ്രാധാന്യമുണ്ട്. ഭൂമിയിലുള്ള വിവിധ ജീവിരൂപങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നിലനിർത്താൻ മാത്രമല്ല അതിലെ ഘടങ്ങൾ തമ്മിലുള്ള ഒരു സന്തുലനം നിലനിർത്താനും ഓരോ ഋതുവും അവ ഒറ്റയാണെങ്കിലും സംയുക്തമാണെങ്കിലും അനിവാര്യമാണ്.

എന്തുകൊണ്ടാണ് വായുവിൽ നൈട്രജൻ ഓക്സിജൻ കാർബൺ ഡയോക്സൈഡ് എന്നിവയുടെ നിശ്ചിത അനുപാതങ്ങൾ? എന്തുകൊണ്ട് അപൂർവ്വ വാതകങ്ങളുടെ (Rare Gases) സാന്നിദ്ധ്യം? ഇതൊക്കെയാണ് പരിഹരിക്കപ്പെടേണ്ടതും ഉത്തരം കണ്ടെത്തേണ്ടതുമായ ശാസ്ത്രജ്ഞന്മാരുടെ എക്കാലത്തേയും ശ്രദ്ധ ആകർഷിച്ച ചോദ്യങ്ങൾ. ഒരു കാര്യം സുനിശ്ചിതമാണ് ഈ അനുപാതങ്ങൾ യാദൃശ്ചികമല്ല. സന്തുലനങ്ങളിൽ എന്തെങ്കിലും കുഴപ്പങ്ങൾ സംഭവിച്ചാൽ മൊത്തം ജൈവആവാസ വ്യവസ്ഥ താറുമാറാകും. അന്തരീക്ഷത്തിൽ കാർബൺ ഡയോക്സൈഡിന്റെ അളവ് 1 ശതമാനം കൂടിയാൽ അതിന്റെ പ്രത്യാഘാതം സർവ്വനാശമായിരിക്കും. വാർത്തകളിൽ വായിക്കപ്പെന്ന *ഹരിതഗൃഹ പ്രഭാവത്തിന്റെ (Geen House Effect) സ്വാധീനങ്ങളെപറ്റി സാധാരണ വായനക്കാർക്ക് കുറഞ്ഞ കാര്യങ്ങളെ മനസ്സിലായിട്ടുണ്ടാവൂ. എന്നാൽ ശാസ്ത്രജ്ഞന്മാർ ഹരിതഗൃഹ പ്രഭാവത്തിന്റെ യഥാർത്ഥ പ്രാധാന്യം അറിയിക്കുമ്പോൾ വായനക്കാരൻ ആശങ്കാകുലനാകുന്നു. ഉദാഹരണത്തിന്ന്, കാർബൺ ഡയോക്സൈഡ് 4 മുതൽ 5 ശതമാനം വരെ അന്തരീക്ഷത്തിൽ കൂടുകയാണെങ്കിൽ ഭൗമഗ്രഹം ജീവയോഗ്യമല്ലാതായിതീരും. ഇത് തീർച്ചയായും കേവലം അനുപാതത്തിന്റെ ഒരു പ്രശ്നം മാത്രമല്ല. അന്തരീക്ഷത്തിൽ കാണുന്ന ഓരോ മൂലകത്തിന്നും ഒരു ലക്ഷ്യമുണ്ട്. അതിനെല്ലാം തന്നെ കാണപ്പെടുന്നത് പോലെ കൃത്യവും കണിശവുമായ അനുപാതവും ആവശ്യമാണ്. ഭൂമിയുടെ മേലെയുള്ള പാളിക്കും ഇത് ബാധകമാണ്.

സ്റ്റ്റാറ്റോസ്പിയറിൽ ഒസോൺ പാളി 18 മുതൽ 30 മൈൽ വരെ കട്ടിയുള്ളതാണ്. എന്തെങ്കിലും അപകടത്താൽ ഈ ഓസോൺ പാളിയുടെ സംന്തുലനത്തിന്ന് തകരാറ് സംഭവിച്ചാൽ ഭൂമിക്ക് എല്ലാവിധത്തിലും അത് അപകടകരമായിരിക്കും. ജീവന്ന് അത്യന്തം വിനാശകരമായ ഹ്രസ്വ തരംഗ ദൈർഘ്യമുള്ള കോസ്മിക് രശ്മികളുടെ വർഷമായിരിക്കും അതിന്റെ ഫലം. ഓസോൺ പ്രത്യേകമായി ഹ്രസ്വ തരംഗ ദൈർഘ്യമുള്ള അൾട്രാ വയലറ്റ് രശ്മികളെ നശിപ്പിക്കുന്ന ഒരു സുരക്ഷാകവചമാണ്.

## സസ്യ ജീവിലോകത്തിലെ സംന്തുലനം

ജീവിവർഗ്ഗങ്ങൾക്കിടയിൽ ഓരോന്നിന്റേയും പരസ്പര ബന്ധത്തെ അടിസ്ഥാനമാക്കിയുള്ള സന്തുലനവും ജീവിവർഗ്ഗവും സസ്യവർഗ്ഗവും തമ്മിലുള്ള സന്തുലനവും ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ വർദ്ധിച്ച തോതിൽ ആകർഷിക്കുന്നു. ഇത്തരത്തിലുള്ള സന്തുലനം പല രീതിയിലുമുണ്ട്. അതിൽ ചിലത് താഴെ വിവരിക്കാം

ഒരുജീവിരൂപം അതിന്റെ ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട സംന്തുലനം

പരഭക്ഷിയും (Predator) അതിന്റെ ഇരയും (Prey) തമ്മിലുള്ള സംന്തുലനം.

ഒരു മത്സ്യം അതിന്റെ പർവ്വത ശിഖരങ്ങളിലെ പ്രജനന കേന്ദ്ര

ത്തിൽ നിന്നും സമുദ്രത്തിലേക്കുള്ള ദേശാടനവും

അത്കഴിഞ്ഞ് മത്സ്യത്തിന്റെ പ്രജന കേന്ദ്രത്തിലേ ക്കുള്ള മടക്ക പ്രയാണവും തമ്മിലുള്ള സംന്തുലനം

നദികളും തടാകങ്ങളും തമ്മിലുള്ള സംന്തുലന പാലനവും അവയിലും

സമുദ്രത്തിലും ഉള്ളടങ്ങിയിട്ടുള്ള ജീവിരൂപങ്ങൾ തമ്മിലുള്ള പരസ്പര വിനിമയവും ശാസ്ത്രജ്ഞന്മാർ ഇത്തരത്തിലുള്ള സന്തുലനാത്മക ബന്ധങ്ങളുടെ പഠനങ്ങളിലും ഇതുപോലെയുള്ള മറ്റു പഠനങ്ങളിലും മുഴുകിയിരിക്കുകയാണ്. ഓരോ കണ്ടുപിടിത്തങ്ങളും അടരുകൾക്ക് പിന്നിൽ അടരുകളായി വർത്തിക്കുന്ന സംന്തുലനത്തിന്റെ നിഗൂഢതയിലേക്കാണ് അവരെ നയിക്കുന്നത്.

ആവാസവ്യവസ്ഥയിൽ ആസകലം നിവേശിച്ചു നിൽക്കുന്ന സംന്തുലനത്തിന്റെ തത്വം വിശദീകരിക്കുന്ന മുറക്ക്, ജീവിഗണത്തേയും അജീവി ഗണത്തേയും പ്രതിപാദിക്കേണ്ടതുണ്ട്. അതുപോലെ അവ തമ്മിലുള്ള പരസ്പരം ഏകോപനത്തേയും കൂടി പരാമർശിക്കണം. ഇത് വിവരിക്കാൻ ഒരാൾക്ക് ***മഉസുൻ*** എന്ന പദത്തേക്കാൾ ഉചിതമായ മറ്റൊരു പദം ആവിഷ്ക്കരിക്കാൻ സാധ്യമല്ല.

ചുരുക്കത്തിൽ, വിശുദ്ധ ഖുർആനിൽ കാണുന്ന നീതിയുടെ തത്വം അതി വിശാലമാണ്. പ്രപഞ്ചത്തിലെ ഓരോ കണത്തിലും അത് പ്രവർത്തനനിരതമാണ്. ഈ വിഷയത്തെപ്പറ്റി കുറച്ചധികം പറയുകയും എഴുതുകയും ചെയ്തു കഴിഞ്ഞു. എന്നാൽ ഈ വിഷയം അവസാനിക്കാത്തതാണ്. അതിനാൽ, സങ്കീർണ്ണമായ ശാസ്ത്രസാങ്കേതിക ഭാഷയിൽ ഇത് വിവരിക്കാൻ തുനിയുന്നത് അനുചിതമാണ്. ഈ ചർച്ച എത്രതന്നെ കൗതുകകരമായിരുന്നാലും സാധാരണക്കാരന്റെ ധാരണക്കതീതമായ ഒരു വിഷയമാണ്. (വിവ: എ.എം.)

**പേജ് 9 ൽ നിന്ന് തുടർച്ച**

എന്നതാണ്. ചിലത് പൂർണ്ണമായും ഉപയോഗശൂന്യമായി ഉപേക്ഷിക്കുകയും മറ്റുള്ളവയ്ക്ക് വളരെയധികം പ്രാധാന്യം നൽകുകയും ചെയ്യുക എന്ന അവസ്ഥയാകരുത് ദൈവവുമാുള്ള യഥാർഥ ബന്ധത്തിന്റെ ഫലമായുണ്ടാകുന്ന അടയാളങ്ങളെയും ലക്ഷണങ്ങളെയും ആത്മീയത സൂചിപ്പിക്കുന്നു. അതുകൊണ്ട്, തൗഹീദ് തന്റെ ഉള്ളിൽ എത്രമാത്രം ശക്തവും ആവേശഭരിതവുമാണെന്ന് ഓരോ അഹ്മദിയും ചിന്തിക്കേണ്ടതുണ്ട്. അതുപോലെ നമ്മൾ പള്ളികൾ പണിയുമ്പോൾ അതിനെ ജനവാസമുള്ളതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ ഓരോ അഹ്മദിയും ഉയർന്ന ധാർമികത പ്രകടിപ്പിക്കേണ്ടതാണ്. നമ്മുടെ സന്ദേശം എത്തിക്കുന്നതിൽ വലിയ പങ്കുവഹിക്കാൻ കഴിയുന്നത് ഈ ഉയർന്ന ധാർമ്മികതയ്ക്കാണ്. പറയുന്നു: അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള അവകാശങ്ങൾ നൽകുന്നതിൽ ഉയർന്ന നിലവാരം സ്ഥാപിക്കപ്പെ ടുമ്പോൾ മാത്രമേ ആത്മീയതയുടെ ഗുണനിലവാരം അറിയാൻ സാധിക്കുകയുള്ളൂ.

ദൈവവുമായി നാം ശക്തമായ ഒരു ബന്ധം വളർത്തിയെടുത്തിട്ടുണ്ടോ? നമ്മുടെ നമസ്കാരങ്ങളുടെ ഉയർന്ന നിലവാരം സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ? നമസ്കാരസമയത്ത് ലൗകിക ജോലി ഉപേക്ഷിച്ച് നമസ്കാരത്തിന് നാം ഹാജരാകുന്നുണ്ടോ അതോ മസ്ജിദുകൾ നിർമ്മിക്കുന്നതിൽ മാത്രമാണോ ഊന്നൽ നൽകുന്നത്? നാം വിശുദ്ധ ഖുർആൻ സ്ഥിരമായി പാരായണം ചെയ്യുന്നവരാണോ? നാം ഖുർആനിക കൽപ്പന കൾ കണ്ടെത്തി അവ പാലിക്കാൻ ശ്രമിക്കാറുണ്ടോ? നമ്മുടെ കുട്ടികളെ മതവുമായി ബന്ധിപ്പിക്കാൻ നാം കഠിനമായി ശ്രമിക്കുന്നുണ്ടോ? നമ്മുടെ കുട്ടികളുടെ ലൗകിക വിദ്യാഭ്യാസത്തെക്കുറിച്ചു മാത്രമാണോ നാം ചിന്തിക്കുന്നത് അതോ അവരുടെ മതത്തെകുറിച്ചും നാം ഉത്കണ്ഠാകുലരാണോ? പരസ്പരമുള്ള ബന്ധങ്ങളിൽ *റുഹമാഉ ബൈനഹും* (പരസ്പരം കാരുണ്യമുള്ളവർ എന്ന) നിലവാരം നമ്മുടെ ഉയർന്ന ധാർമ്മികത നേടിയിട്ടുണ്ടോ? ഉന്നത ധാർമികതയുടെ മാതൃകകൾ അന്യർക്ക് കാണിച്ച് ഇസ്‌ലാമിന്റെ മനോഹര അധ്യാപനങ്ങളെക്കുറിച്ച് നാം അവരെ ബോധവാന്മാരാക്കുന്നുണ്ടോ? അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിർവഹിക്കുന്നതിൽ നാം എത്രത്തോളം നിലവാരം നേടിയെന്ന് ആദ്യം പരിശോധിക്കേണ്ടതാണ്.

ലോകഹൃദയങ്ങൾ കീഴടക്കണമെന്ന വാദവുമായി എഴുന്നേറ്റിട്ടുള്ളവരാണ് നമ്മൾ. ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്തേണ്ടവരാണ് നമ്മൾ. ഹദ്റത്ത് മുഹമ്മദ്(സ) ന്റെ കാൽക്കീഴിൽ ലോകത്തെ ആക്കേണ്ടതാണ്. അതുകൊണ്ട് ഈ കാര്യത്തിൽ നാം ഓരോരുത്തരും നമ്മെ വിലയിരുത്തിക്കൊണ്ട് പുതിയ ഒരു ദൃഢനിശ്ചയത്തോടെ അടുത്ത നൂറ്റാണ്ടിലേക്ക് പ്രവേശിക്കണം. ദീനിനു ദുനിയാവിനേക്കാൾ മുൻ ഗണന നൽകിക്കൊണ്ട് ഈ ലക്ഷ്യം നേടുന്നതിന് പരമാവധി ശ്രമിക്കേണ്ടതാണ്. ദൈവവുമായുള്ള ബന്ധത്തെക്കുറിച്ചുള്ള അവബോധം ഒരു തലമുറയിൽ നിന്ന് മറ്റൊന്നിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന വിധത്തിൽ തങ്ങളുടെ കുട്ടികളെയും വരും തലമുറയേയും താക്കീദ് ചെയ്യുകയും അവർക്ക് തർബിയത്ത് ചെയ്യുകയും ചെയ്യേണ്ടതാണ്. അല്ലാഹു നമുക്ക് ഇതിനുള്ള തൗഫീഖ് നൽകട്ടെ. ആമീൻ

www.alislam.org

# റസൂൽ തിരുമേനി(സ): ഒളിമങ്ങാത്ത ചരിത്രപുരുഷൻ

ആത്മീയ തികവിന്റെ മനുഷ്യസാദ്ധ്യമായ പാരമ്യം കണ്ട റസൂൽ തിരുമേനി (സ) മറ്റു മതപുരുഷന്മാരിൽ നിന്നും വ്യത്യസ്തനാക്കുന്ന ഒരു കാര്യം അവിടുന്ന് ഇതിഹാസവത്ക്കരണത്തിനും ദൈവവത്ക്കരണത്തിനും വിധേയനാകാത്ത സത്യസ്വരൂപനായ മതപുരുഷനും ചരിത്ര പുരുഷനുമാണ് എന്നതാണ്

എ. എം. മുഹമ്മദ് സലീം

ചരിത്രത്തിന്റെ സ്പടികക്കൂട്ടിൽ സൂര്യസ്സമാനം വെട്ടിത്തിളങ്ങുന്ന മതപുരുഷനാണ് മുഹമ്മദ് നബി (സ). മറ്റൊരു മതപുരുഷനും റസൂൽ തിരുമേനി (സ) യെപോലെ ചരിത്രത്തിന്ന് മുമ്പിൽ ഇത്രമേൽ മിഴിവോടെയും തെളിവോടെയും അവതരിക്കപ്പെട്ടിട്ടില്ല. അവിടുത്തെ ജീവിതവും ജീവിത സന്ദേശവും സൂക്ഷ്മാംശത്തിൽ പോലും കണ്ണാടിപോലെ വ്യക്തമാണ്. അവിടുന്ന് ഒരേസമയം മതപുരുഷനും ചരിത്ര പുരുഷനുമാണ്. അവിടുത്തെ ജീവിതത്തിന്റെ ഓരോ അടക്കവും അനക്കവും രേഖപ്പെടുത്തപ്പെട്ടതാണ്. റസൂൽ തിരുമേനി(സ)യെ മറ്റു മതപുരുഷന്മാരിൽ നിന്നും വ്യത്യസ്തനാക്കുന്ന സുപ്രധാന ഘടകം അതാണ്. കാര്യങ്ങൾ രേഖപ്പെടുത്തുവാൻ അത്യാധുനിക ഉപകരണങ്ങളുള്ള ഇക്കാലത്തെ ചരിത്രകാരന്മാരെ പോലും അമ്പരപ്പിക്കുന്ന തരത്തിൽ അത്ഭുതകരമായ നിശ്ക്കർശതയാണ് ഇക്കാര്യത്തിൽ പുരാതന മുസ്‌ലിം പണ്ഡിതന്മാർ കാണിച്ചിട്ടുള്ളത്.

റസൂൽ തിരുമേനി(സ) യുടെ വചനങ്ങൾ, പ്രവർത്തികൾ, മൗനാനുവാദങ്ങൾ, ജീവിത സംഭവങ്ങൾ മുതലായവയുടെ നിവേദനം, ശേഖരണം, ക്രോഡീകരണം, പ്രമാണീകരണം മുതലായവയിൽ പാലിച്ച സൂക്ഷ്മതയും ജാഗ്രതയും മറ്റൊരു മതപുരുഷനിലോ ചരിത്ര പുരുഷനിലോ കാണാൻ സാദ്ധ്യമല്ല. അത്യന്തം അത്ഭുതകരവും സത്യസന്ധവുമാണ് ആ നിവേദന സമാഹാരണം. നിവേദനം ചെയ്ത ഹദീസുകൾ മാത്രമല്ല അത് ആരിൽ നിന്ന് എപ്പോൾ എങ്ങനെ സ്വീകരിച്ചു. സ്വീകർത്താവായ നിവേദകന്റെ ജീവിത വിശുദ്ധി, ദേശം, കുടുംബം, വംശം, ഗ്രഹണ പാടവം, നിവേദന പ്രമേയം വിനിമയം ചെയ്യാൻ കാണിച്ച സൂക്ഷ്മത മുതലായവയെല്ലാം കർശനമായ പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. റസൂൽ തിരുമേനി(സ)യുടെ പ്രവർത്തികളും വചനങ്ങളും അതേപടി അനുകരിച്ചും പകർന്ന് നൽകിയും മുസ്‌ലിംകൾ അത് തലമുറകൾക്ക് കൈമാറി. ഹദീസ് നിവേദനത്തിന്ന് തനതായ ഒരു രീതിശാസ്ത്രം തന്നെ മുസ്‌ലിംകൾ ആവിഷ്ക്കരിക്കുകയുണ്ടായി. ഉലൂമുൽ ഹദീസ് (ഹദീസ് വിജ്ഞാനീയം) ഉസൂലുൽ (ഹദീസ് നിദാന തത്വങ്ങൾ) എന്നീ രണ്ട് ബൃഹത്തായ വിജ്ഞാന ശാഖകൾ ഇസ്‌ലാം മത സാഹിത്യത്തിൽ കാണാം. ഹദീസിനെ ശാസ്ത്രീയ പരിശോധനക്കായി രണ്ടായി വിഭജിച്ചിരിക്കുന്നു. ഹദീസിന്റെ പ്രവാചകനിൽ നിന്നുള്ള ഉറവിടം, ഹദീസിന്റെ പരായണ വിശുദ്ധി, നിവേദന പരമ്പര അതിന്റെ ചരിത്രം മുതലായവയുമായി ബന്ധപ്പെട്ട ശാഖയെ **'ഇൽമുൽ ഹദീസ് റിവായത്തൻ'** എന്ന് പറയുന്നു. മറ്റൊന്ന് ഹദീസിന്റെ സ്വീകാര്യ നിരാകരണ യുക്തിയുമായി ബന്ധപ്പെട്ട **'ഇൽമുൽ ഹദീസ് ദിറായത്തൻ'** ആണ്. ലക്ഷക്കണക്കിന്ന് ഹദീസുകൾ ഇന്നും കൈയ്യെഴുത്ത് പ്രതികളായി തന്നെ നിൽക്കുന്നു. ഇമാം ബുഖാരിയുടെ സഹീഹുൽ ബുഖാരിയാണ് ഏറ്റവും ആധികാരികമായ ഹദീസ് ഗ്രന്ഥം. ഗ്രന്ഥകാരന്ന് ഒരു ലക്ഷം ഹദീസുകൾ ഹൃദിസ്ഥമായിരുന്നു. മൂന്ന് ലക്ഷത്തോളം ഹദീസുകൾ പരിശോധനക്ക് വിധേയമാക്കിയാണ് ബുഖാരി ഇമാം തന്റെ സഹീഹിൽ 7275 ഹദീസുകൾ ക്രോഡീകരിച്ചത്. അതിൽ ആവർത്തിച്ചു വരുന്ന ഹദീസുകൾ ഒഴിവാക്കിയാൽ 4000 ഹദീസുകൾ മാത്രമാണുള്ളത്. ഇമാം അഹ്മദ് ബ്നു ഹമ്പൽ തന്റെ ഹദീസ്

ഗ്രന്ഥമായ മുസ്നദിൽ ഏഴര ലക്ഷം (7,50,000) ഹദീസുകൾ സൂക്ഷ്മമായി പരിശോധിച്ചതിന്ന് ശേഷം 30,000 ഹദീസുകൾ ക്രോഡീകരിച്ചത്. അങ്ങനെ മുഹമ്മദ് നബി(സ) യുടെ ചിത്രം ചരിത്രത്തിൽ സമ്പൂർണ്ണമാണ്.

## ഇതിഹാസവത്ക്കരിക്കപ്പെടാത്ത മതപുരുഷൻ

മുഹമ്മദ് നബി (സ) ഇതിഹാസവത്ക്കരണത്തിന്നോ ദൈവവത്ക്കരണത്തിന്നോ വിധേയനാകാത്ത മതപുരുഷനാണ്. ദൈവം മാത്രമാണ് ആരാധ്യൻ താൻ ഒരു മനുഷ്യനായ ദൈവദൂതൻ മാത്രമാണ് എന്നതായിരുന്നു അവിടുത്തെ ദൗത്യസാരം. അവിടുന്ന് ഒരു സമ്പൂർണ്ണ മാർഗ്ഗദർശകനായിരുന്നു. വിശുദ്ധ ഖുർആന്റെ ദൈവദൂതനായ സ്വീകർത്താവ് എന്ന പദവി കൂടാതെ കുടുംബനാഥൻ, ഭർത്താവ്, പിതാവ്, അദ്ധ്യാപകൻ, കച്ചവടക്കാരൻ, പടയാളി, ആട്ടിടയൻ, ഭരണാധികാരി, ന്യായാധിപൻ തുടങ്ങി മനുഷ്യ ജീവിതത്തിന്റെ സമസ്ത ഭാവങ്ങളും അവിടുന്ന് പ്രകാശിപ്പിച്ചു. ഈ രംഗത്തെല്ലാം അവിടുന്ന് മാതൃകാ പുരുഷനുമായിരുന്നു. ആ കർമ്മമണ്ഠലങ്ങളുടെ ആധികാരിക രേഖകൾ ലഭ്യവുമാണ്. മുഹമ്മദ് നബി (സ) യെപോലെ ചരിത്രത്തിന്ന് മുമ്പിൽ പ്രകാശിപ്പിക്കപ്പെട്ട മറ്റൊരു മനുഷ്യ ജീവിതം ലോകത്തില്ല. ഇത് യാദൃശ്ചികമായി സംഭവിച്ചതല്ല. റസൂൽ തിരുമേനി (സ) യുടെ വ്യക്തമായ അദ്ധ്യാപനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും സർവ്വോപരി ദൈവികമായ ഇഛയും ഇതിന്ന് പിന്നിലുണ്ട്.

മനുഷ്യൻ പ്രത്യക്ഷങ്ങളിൽ വിശ്വസിക്കാൻ താൽപര്യപ്പെടുന്നവനാണ്. അദൃശ്യങ്ങളിലുള്ള വിശ്വാസങ്ങളിൽ പലപ്പോഴും അവൻ പിഴച്ചു പോവുന്നു. ഇക്കാര്യത്തിൽ വഴികാട്ടാനാണ് അല്ലാഹു പ്രവാചകന്മാരെ അയക്കുന്നത്. സ്ഥൂല വസ്തുക്കളെ അറിയുന്ന ഇന്ദ്രിയങ്ങളാണ് മനുഷ്യനിൽ പ്രബലമായുള്ളത്. പഞ്ചേന്ദ്രിയങ്ങൾക്ക് ഗ്രാഹ്യമാകുന്ന വസ്തുക്കളുടെ അസ്തിത്വമാണ് അവന് എളുപ്പത്തിൽ വിശ്വസിക്കാൻ കഴിയുന്നത്. സ്ഥൂല വസ്തുക്കളെ അറിയുന്നത് പോലെ അദൃശ്യനും സൂക്ഷ്മനുമായ ദൈവത്തെ അറിയാനോ പ്രാപിക്കാനോ സാദ്ധ്യമല്ല എന്നതാണ് സത്യം. ദൈവത്തെ അറിയാൻ ആത്മീയ ഗ്രാഹികളുടെ പരിശീലനവും നിഷ്ഠയോടുകൂടിയ ആരാധനകളും സൂക്ഷ്മതയോടുകൂടിയ സാത്വിക ജീവിതവും കരുതലോടെയുള്ള സൽക്കർമ്മങ്ങളും ആവശ്യമാണ്. സർവ്വോപരി ഒരു മാർഗ്ഗ നിർദേശകന്റെ അനുസാരിത്വവും ആവശ്യമാണ്. ദൈവാന്വേഷണത്തിലൂടെ മനുഷ്യനെ നിരന്തരം വളർത്തി പൂർണ്ണതയിലെത്തിക്കാനാണ് അല്ലാഹു ആഗ്രഹിക്കുന്നത്. ദൈവാന്വേഷണത്തിന്റെ ഈ മാർഗ്ഗം കഠിനമാണ്. അല്ലാഹു പറയുന്നു.

**'രണ്ട് പെരു വഴികൾ നാം അവന്ന് കാട്ടിക്കൊടുക്കുകയും ചെയ്തുവല്ലോ എന്നാൽ അവൻ ആ ഗിരി മാർഗ്ഗത്തിൽ സാഹസപ്പെട്ടു കടന്നില്ല. ആ ഗിരിമാർഗ്ഗം എന്തെന്ന് നിനക്കെന്തറിയാം? (അത്) അടിമയെ മോചിപ്പിക്കുക. അടുത്ത ബന്ധമുള്ള അനാഥനോ കടുത്ത ദുരിതമനുഭവിക്കുന്ന അഗതിക്കോ വിശപ്പിന്റെ നാളിൽ ഭക്ഷണം നൽകുക. എന്നിട്ട് അവൻ സത്യവിശ്വാസം സ്വീകരിക്കുകയും പരസ്പരം സഹനം കൈകൊള്ളാൻ ഉപദേശിക്കുകയും അന്യോന്യം കരുണകാണിക്കാൻ ഗുണദോഷിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവനുമാകണം.' (90:11 18)**

ആളുകളധികവും മൺമറഞ്ഞ ദൈവദൂതന്മാരെയും പുണ്യാത്മാക്കളെയും ജീവിച്ചിരിക്കുന്ന വ്യാജവേഷം ധരിച്ച ആൾ ദൈവങ്ങളെയും മൂർത്തികളെയും സൃഷ്ടവസ്തുക്കളെയും ജീവികളെ പോലും ദൈവമായോ ദിവ്യത്വം കൽപ്പിച്ചോ ആരാധിച്ചുവരുന്നു. അദൃശ്യനായ യഥാർത്ഥ ദൈവത്തിൽ വിശ്വസിച്ചു മതജീവിതം നയിക്കുക എന്നത് പ്രയാസകരവും ആരാധകർക്ക് പിഴച്ച് പോകുന്ന കാര്യവുമാണ്. മനുഷ്യന്റെ ഈ ബലഹീനത റസൂൽ തിരുമേനി (സ) ക്ക് മറ്റാരേക്കാളും നന്നായറിയാം. പ്രത്യക്ഷാത്ഭുതങ്ങളിലും സ്ഥൂല യാഥാർത്ഥ്യങ്ങളിലും വിശ്വസിക്കാൻ വ്യഗ്രതപ്പെടുന്ന ആളുകൾ അവിടുത്തോട് പലതവണ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ അത്ഭുതങ്ങൾ കാണിക്കലും അതിശയപ്പെടലുമാണ് മതത്തിന്റെ അടിസ്ഥാനമെന്ന് അവർ വിശ്വസിച്ചു. അന്ധവിശ്വാസജഡിലമായ വീക്ഷണം പുലർത്തുന്ന ഇത്തരം ആളുകളുമായി റസൂൽ തിരുമേനി (സ) നടത്തിയ ഒരു സംവാദം വിശുദ്ധ ഖുർആൻ ഇപ്രകാരം രേഖപ്പെടുത്തുന്നു:

**ഞാൻ സാധാരണ മനുഷ്യനാണ്. ദൈവദൂതനാണ്.**

**അവർ പറഞ്ഞു: 'നീ ഞങ്ങൾ**

മുഹമ്മദ് നബി (സ) ഇതിഹാസവത്ക്കരണത്തിന്നോ ദൈവവത്ക്കരണത്തിന്നോ വിധേയനാകാത്ത മതപുരുഷനാണ്. ദൈവം മാത്രമാണ് ആരാധ്യൻ താൻ ഒരു മനുഷ്യനായ ദൈവദൂതൻ മാത്രമാണ് എന്നതായിരുന്നു അവിടുത്തെ ദൗത്യസാരം. അവിടുന്ന് ഒരു സമ്പൂർണ്ണ മാർഗ്ഗദർശകനായിരുന്നു. വിശുദ്ധ ഖുർആന്റെ ദൈവദൂതനായ സ്വീകർത്താവ് എന്ന പദവി കൂടാതെ കുടുംബനാഥൻ, ഭർത്താവ്, പിതാവ്, അദ്ധ്യാപകൻ, കച്ചവടക്കാരൻ, പടയാളി, ആട്ടിട യൻ, ഭരണാധികാരി, ന്യായാധിപൻ തുടങ്ങി മനുഷ്യജീവിതത്തിന്റെ സമസ്തഭാവങ്ങളും അവിടുന്ന് പ്രകാശിപ്പിച്ചു. ഈ രംഗത്തെല്ലാം അവിടുന്ന് മാതൃകാ പുരുഷനുമായിരുന്നു.

**ക്ക് വേണ്ടി ഭൂമിയിൽ നിന്ന് ഒരു ഉറവ ഒഴുക്കി കാണിച്ചുതരുന്നത് വരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേയില്ല. അല്ലെങ്കിൽ നിനക്ക് ഈത്തപനയുടെയും മുന്തിരിയുടെയും ഒരു തോട്ടം ഉണ്ടാവണം. എന്നിട്ട് അതിന്റെ മധ്യത്തിലൂടെ നീ അരുവികൾ ഒഴുക്കുക. അല്ലെങ്കിൽ നീ വാദിച്ചത് പോലെ ഞങ്ങളുടെ മേൽ ആകാശത്തെ കഷണം കഷണമായി വീഴ്ത്തുക. അല്ലെങ്കിൽ നിനക്ക് സ്വർണ്ണം കൊണ്ടുള്ള ഒരു ഭവനമുണ്ടായിരിക്കുക. അല്ലെങ്കിൽ നീ ആകാശത്തേക്ക് കയറിപ്പോവുക. (അങ്ങനെ) ഞങ്ങൾ വായിക്കുന്ന ഒരു പുസ്തകം ഞങ്ങൾക്ക് നീ ഇറക്കിക്കൊണ്ടു വരുന്നത് വരെയും നിന്റെ ആരോഹണത്തെ ഞങ്ങൾ വിശ്വസിക്കുകയേയില്ല.' (17:91–94)**

ഈ ചോദ്യത്തിന്ന് റസൂൽ തിരുമേനി(സ)യോട് അല്ലാഹു പറയാൻ ആജ്ഞാപിക്കുന്ന ഉത്തരവും വിശുദ്ധ ഖുർആൻ അടുത്ത വചനത്തിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

**'പറയുക, എന്റെ നാഥൻ പരിശുദ്ധനാണ്. ഞാൻ ഒരു ദൂതനായ ഒരു മനുഷ്യൻ മാത്രമാണ്.' (17:94)**

മറ്റൊരു സ്ഥലത്ത് വിശുദ്ധ ഖുർആൻ പറയുന്നു:

**'പറയുക, ഞാൻ നിങ്ങളെ പോലെയുള്ള മനുഷ്യൻ തന്നെയാണ്. നിങ്ങളുടെ ആരാധ്യൻ ഏകനായ ദൈവം തന്നെയാണെന്ന്. എനിക്ക് ദിവ്യബോധനം നൽകപ്പെടുന്നു. അത്കൊണ്ട് നിങ്ങൾ അവനിലേക്ക് ചൊവ്വായ മാർഗ്ഗം സ്വീകരിക്കുകയും അവനോട് പാപമോചനത്തിന്ന് അർത്ഥിക്കുകയും ചെയ്യുക. ബഹുദൈവ വിശ്വാസികൾക്ക് വലിയ നാശം.'(41:7)**

മനുഷ്യന് മാതൃകയായ ഒരു മനുഷ്യനായ ദൈവദൂതനാണ് ഞാനെന്നും അതിമാനുഷനോ അമാനുഷനോ അല്ല എന്നുമുള്ള അദ്ധ്യാപനം നൽകി മതമണ്ഡലത്തെ യുക്തിപൂർണ്ണവും ലളിതസുന്ദരവുമാക്കിയ ദിവ്യാത്മാവാണ് റസൂൽ തിരുമേനി (സ). ഒരിക്കൽ ഒരു അപരിചിതൻ റസൂൽ തിരുമേനി(സ) യുടെ സന്നിധിയിൽ വന്ന് പരിഭ്രമിച്ചു നിൽക്കുകയായിരുന്നു. അപ്പോൾ ആ പാവം അപരിചിതനെ സമാശ്വസിപ്പിച്ചു കൊണ്ട് അവിടുന്ന് പറഞ്ഞു: **'ശാന്തനാവുക, പരിഭ്രമിക്കേണ്ട, ഞാൻ രാജാവല്ല. ഉണക്കമത്സ്യം (അൽ ഖദീദ്) ഭക്ഷിക്കുന്ന മക്കയിലെ ഒരു ഖുറൈശി സ്ത്രീയുടെ മകനാണ്.' (ഇബ്നുമാജ).**

പിൽക്കാലത്ത് റസൂൽ തിരുമേനിയെക്കുറിച്ചും ഇത്തരം കെട്ടുകഥകൾ നിക്ഷിപ്ത താൽപര്യക്കാൻ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഏകദൈവത്തിന്റെ അദ്ധ്യാപനം ഇത്രയും ശക്തമായി ലോകത്ത് പ്രചരിപ്പിച്ച റസൂൽ തിരുമേനി(സ) യെ എത്ര കടുത്ത യാഥാസ്ഥിക മുസ്‌ലിംകൾ പോലും ദൈവ പങ്കാളിയായി ചിത്രീകരിച്ചിട്ടില്ല. മനുഷ്യനടക്കമുള്ള പരകോടി ജീവികളടങ്ങുന്ന ബ്രഹ്മാൺഡ കടാഹം സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തിന്റെ ഉൺമയും സ്ഥാനവും പ്രവർത്തിയും ഗുണവും റസൂൽ തിരുമേനി(സ) ജനങ്ങൾക്ക് ഏറ്റവും ശക്തിമത്തും വ്യക്തവുമായ രീതിയിലാണ് പഠിപ്പിച്ചത്. അത്കൊണ്ടാണ് മനുഷ്യനേയും മറ്റു സൃഷ്ട വസ്തുക്കളേയും ആരാധിക്കപ്പെടുന്ന സമ്പ്രദായം ഇസ്‌ലാമിൽ മറ്റുമതങ്ങളിലുള്ളത് പോലെ കാണപ്പെടാത്തത്.

ഇസ്‌ലാമിൽ ദൈവവും മനുഷ്യനുമായുള്ള ബന്ധം മുഹമ്മദ് നബി വ്യക്തമായ രീതിയിൽ പഠിപ്പിച്ചു തന്നിരിക്കുന്നു. മറ്റു മതങ്ങളിൽ സൃഷ്ടികളും സൃഷ്ടാവുമായി ഇത്രമാത്രം വ്യതിരിക്തത കാണുക സാദ്ധ്യമല്ല. മറ്റുമതങ്ങളിലെ മതപുരുഷന്മാർ ഇതിഹാസങ്ങളാലും മിത്തുകളാലും പരിവേഷിതരാണ്. അത്ഭുതങ്ങളും അതിശയങ്ങളുടെയും നിറം പിടിപ്പിച്ച കഥകളുമുള്ള ആ മഹാത്മാക്കളുടെ ജീവിതം യഥാഗതി ചരിത്രബോധത്തോടെയും തത്ത്വജ്ഞാനത്തോടെയും ആളുകൾക്ക് മനസ്സിലാവുന്ന രീതിയിൽ ആ മതങ്ങളിൽ വിഷ്ക്കരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ആ മതപുരുഷന്മാരെല്ലാം ദൈവങ്ങളായോ ദൈവത്തിന്റെ പുത്രന്മാരായോ പുത്രിമാരായോ പാതിദൈവങ്ങളായോ ദൈവത്തിന്റെ അവതാരങ്ങളായോ ആണ് ഗണിക്കപ്പെടുന്നത്. മനുഷ്യരായ നമുക്ക് മനുഷ്യനായ ഒരാൾ തന്നെയാകണം മാതൃകയാകേണ്ടത് അയാളെ മാത്രമേ നമുക്ക് അനുകരിക്കാൻ സാദ്ധ്യമാവൂ എന്ന പ്രാഥമിക യുക്തിപോലും മറ്റു മതങ്ങൾ പാലിച്ചിട്ടില്ല. അസ്തിത്വത്തിലും പ്രകൃതിയിലും വ്യത്യസ്തനായ ഒരു അതിമാനുഷനേയോ അമാനുഷനേയോ ഒരു മനുഷ്യന്ന് അനുകരിക്കാൻ സാദ്ധ്യമല്ല. മനുഷ്യരായി ജനങ്ങൾക്ക് മാർഗ്ഗദർശനം നൽകാൻ ദൈവം നിയോഗിച്ച മഹാത്മാക്കളെ ആത്മീയ പ്രബുദ്ധതയില്ലാത്ത അനുയായികൾ സ്തുതിച്ച് സ്തുതിച്ച് പൂജാവിഗ്രഹമാക്കി മാറ്റുകയാണുണ്ടായത്. മതമെന്നാൽ ഇത്തരം മിത്തോളജിയും അയുക്തികമായ അത്ഭുതങ്ങളും അതിശയങ്ങളും മാത്രമാണെന്നാണ് ബഹുഭൂരിപക്ഷം മതാനുയായികളും കരുതുന്നത്.

## ഹദ്റത്ത് ശ്രീകൃഷ്ണൻ

ഭാരതത്തിലെ ജനകോടികളെ ആദ്ധ്യാത്മിക മാർഗ്ഗത്തിൽ നയിച്ച ദൈവത്തിന്റെ മഹാനായ ദൂതനായിരുന്നു ശ്രീകൃഷ്ണൻ. ഗീതയിൽ സ്ഫുരിക്കുന്ന ആത്മീയ തേജസ്സ് അതിന്ന് സാക്ഷ്യമാണ്. പക്ഷേ കൃഷ്ണൻ മനുഷ്യനായ മാർഗ്ഗദർശകനായല്ല ദൈവമോ ദൈവാവതാരമോ ആയാണ് ബഹുഭൂരിപക്ഷവും ആരാധിക്കപ്പെടുന്നത്. അദ്ദേഹം മിത്തിൽ നിന്നും മുക്തനല്ല. കൃഷ്ണ ലീലകൾ മനുഷ്യ പരിധിക്കതീതമാണ്. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ അതിശയങ്ങളും അത്ഭുതങ്ങളുടെയും പ്രളയം കാണാം. തീർച്ചയായും മനുഷ്യരായ ദിവ്യാത്മാക്കളെ ബിംബവത്ക്ക

രിച്ച് പൂജാവിഗ്രഹമാക്കിയത് അദ്ദേഹത്തിന്റെ അനുയായികളാണ്. ശിശുവായ ശ്രീകൃഷ്ണനെ കൊല്ലാൻ ഗോപസ്ത്രീയുടെ വേഷത്തിൽ വന്ന പൂതന എന്ന അസുര സ്ത്രീയെ ശ്രീകൃഷ്ണൻ കൊന്നു, മണ്ണുതിന്നു കൊണ്ടിരുന്ന ഉണ്ണിക്കണ്ണന്റെ വായിൽ മാതാവ് സകല ലോകങ്ങളും കണ്ട കാഴ്ച്ച, കാളിന്ദി നദിയിൽ കാളിയൻ എന്ന വിഷസർപ്പത്തിന്റെ ഫണത്തിൽ കയറി നൃത്തം ചെയ്ത് അതിനെ കൊന്ന കഥ, ശ്രീകൃഷ്ണന്റെ പതിറായിരത്തെട്ടു ഭാര്യമാരെ വിവാഹം ചെയ്ത കഥ, ഗോപസ്ത്രീകളുടെ വസ്ത്രം കവർന്ന കഥ, കണ്ണൻ കാട്ടുതീ വിഴുങ്ങിയത്, ഉത്തരക്ക് അഭിമന്യുവിന്ന് ജനിച്ച പരീക്ഷിത്ത് എന്ന മൃതപുത്രനെ ജീവിപ്പിച്ച കഥ, അമ്പാടിയിൽ പേമാരി പെഴ്തപ്പോൾ ഗോവർദ്ധന പർവ്വതം കുടയാക്കി പിടിച്ച് അമ്പാടി നിവാസികളെ രക്ഷിച്ച കഥ ഭാഗവതത്തിലേയും ജയദേവ കവിയുടെ ഗീതഗോവിന്ദത്തിലേയും കൃഷ്ണന്റെയും രാധയുടെയും രാസലീലകൾ ഇങ്ങിനെ മിത്തിന്റെയും ചാപല്യങ്ങളുടെയും പരിവേഷമുള്ള അനേകം കഥകളാണ് ശ്രീകൃഷ്ണനെ ചുറ്റിയുള്ളത്. ശ്രീകൃഷ്ണനെ ഒരു ചരിത്ര പുരുഷനാക്കി അവതരിപ്പിക്കാനോ അദ്ദേഹത്തിന്റെ കഥ വിവരിക്കുന്നതിൽ സ്വീകരിച്ച പ്രതീകങ്ങളും അലങ്കാരങ്ങളും ഉപമകളും ബിംബങ്ങളും യുക്തിസഹമായി വ്യാഖ്യാനിച്ച് വിശദീകരിക്കാനോ ദാർശനികമായി വിശകലനം ചെയ്ത് വിശ്വാസികൾക്കിടയിൽ പ്രചരിപ്പിക്കാനോ ആ മഹാത്മാവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ വിവരിക്കാനോ കാര്യമായ ശ്രമങ്ങളൊന്നും അനുയായികളായ മതവിശ്വാസികൾ നടത്തിയിട്ടില്ല

അതുപോലെ അനുയായികൾ ചരിത്ര യഥാർത്ഥ്യത്തിൽ നിന്നും പറിച്ചു മാറ്റി അത്ഭുതങ്ങളുടെയും അതിശയങ്ങളുടെയും സ്വർഗ്ഗലോകത്ത് ദൈവമാക്കി പ്രതിഷ്ഠിച്ച മതപുരുഷനാണ് യേശു. യേശുവിന്റെ ജനനം തന്നെ ഒരു ദിവ്യാത്ഭുതമായാണ് ആഘോഷിക്കപ്പെടുന്നത്. അത്ഭുതങ്ങളുടെ അകമ്പടിയോടെയാണ് യേശു ദൈവപുത്രനായി മാറുന്നത്. പിറവിക്കുരുടന്ന് കാഴ്ച്ച, ലാസറിന്റെ പുനരുത്ഥാനം, വിധവയുടെ പുത്രന്ന് പുനരുത്ഥാനം, ഭൂതബാധിതന്ന് സൗഖ്യം, പലർക്കും രോശാന്തി, അന്ധർക്ക് കാഴ്ച്ച, ഊമക്ക് സംസാരം, വെള്ളത്തിന്മേലുള്ള നടത്തം, വെള്ളം വീഞ്ഞാക്കൽ ഇങ്ങനെ 36 അത്ഭുത സംഭവങ്ങളാണ് യേശുവിനെ ദൈവമാക്കി അവതരിപ്പിക്കാൻ അധാരമായെടുക്കുന്നത്.

ഇതിഹാസ ഗ്രസ്തരായ എല്ലാ പൂർവ്വ മതപുണ്യാത്മാക്കളുടെയും സത്യത, നിർവ്യാജമായ ചരിത്ര സത്യങ്ങളുടെ ഉജ്വലശോഭയിൽ ജ്വലിച്ചു നിൽക്കുന്ന മുഹമ്മദ് നബി(സ) യുടെ സാക്ഷ്യത്തിലാണ് നാം വിശ്വസിക്കുന്നത്. അവരെല്ലാം മുഹമ്മദ് നബി (സ)യെപ്പോലെ പ്രവാചക കുടുംബത്തിലെ അംഗങ്ങളാണ്. പൂർവ്വികരായ എല്ലാ മതപുരുഷന്മാരെയും വിശ്വസിക്കാനും അവരെ ആദരിക്കാനും അവരുടെ അദ്ധ്യാപനങ്ങൾ സ്വാംശീകരിക്കാനും മുഹമ്മദ് നബി(സ) ദൈവത്തിൽ നിന്നുള്ള സംശുദ്ധമായ വെളിപാടിനാൽ ആഹ്വാനം ചെയ്തു. മുഹമ്മദ് നബി (സ) പറ്റി അവിടുത്തെ ശിഷ്യനായി ദൈവം നിയോഗിച്ച ഹദ്റത്ത് അഹ്മദ് (അ) പറയുന്നു.

*'നമ്മുടെ നബി (സ) എല്ലാ പ്രവാചകന്മാരുടെയും നാമങ്ങളെ തന്നിൽ സമാഹരിച്ചിരിക്കുന്നു. മറ്റെല്ലാ പ്രവാചകന്മാരിലുമുള്ള വിശിഷ്ടങ്ങളായ ഗുണങ്ങളെല്ലാം അദ്ദേഹത്തിൽ വിളക്കിചേർത്തിരിക്കപ്പെട്ടിരിക്കുന്നു. അതുകാരണം അവിടുന്ന് മൂസായും ഈസായും ആദമും ഇബ്റാഹീമും യൂസുഫും യഅ്ഖൂബും തന്നെ. ഇതിലേക്ക് സൂചന നൽകികൊണ്ട് അല്ലാഹു പറയുന്നു: 'നീ അവരുടെ മാർഗ്ഗം പിന്തുടർന്നുകൊള്ളുക.' (6:91) അതായത് അല്ലയോ പ്രവാചകരേ, എല്ലാ പ്രവാചകന്മാരുടെയും വിവിധങ്ങളായ ഉപദേശങ്ങത്രയും നിന്നിൽ ലയിപ്പിക്കുവീൻ. എല്ലാ പ്രവാചകന്മാരുടെയും ശ്രേഷ്ഠതകൾ നബി തിരുമേനി(സ) യിൽ സമ്മേളിച്ചിരിക്കുന്നു എന്നാണിതു കാണിക്കുന്നത്. (ആയിനയെ കമാലാത്തെ ഇസ്ലാം)*

ചുരുക്കത്തിൽ ചരിത്രത്തിൽ വെട്ടിതിളങ്ങി നിൽക്കുന്ന മുഹമ്മദ് നബി(സ)യാണ് ഇതിഹാസങ്ങളിലും മിത്തുകളിലും പൊതിഞ്ഞു നിൽക്കുന്ന മതപുരുഷന്മാരെ പറ്റി നമുക്ക് സാക്ഷ്യം നൽകിയത്. ഇരുളടഞ്ഞ മതചരിത്രത്തിലേക്ക് വിശ്വാസിക്ക് വെളിച്ചം തൂവിയ സൂര്യനാണ് റസൂൽ തിരുമേനി (സ) ആ പുണ്യാത്മാവിനെ അപവദിക്കുന്നത് നിർഭാഗ്യവാന്മാരായ വിഡ്ഢികൾ മാത്രം!!

## യാ റസൂലുല്ലാഹ് !!

### ഹദ്റത്ത് അഹ്മദ്(അ)

യാ റസൂലുല്ലാഹ് ഞങ്ങളുടെ നേരെ ദയാപൂർവ്വം അങ്ങ് ദൃഷ്ടി പായിക്കേണമേ. എനിക്കങ്ങയെ കൂടാതെ മറ്റാരുമായും ബന്ധമില്ല. ജീവിതകാലം മുഴുവനും അങ്ങയെ സ്തുതിച്ചു കൊണ്ടിരുന്നാലും അത് അപൂർണ്ണം മാത്രം!. അങ്ങയുടെ മാഹാത്മ്യങ്ങളെ എങ്ങനെ എണ്ണുവാൻ സാധിക്കും!? അങ്ങയുടെ പ്രകാശം പതിക്കുന്നിടത്തെല്ലാം രാവുകൾ പകലായി മാറുന്നു!! അങ്ങ് അല്ലാഹുവിന്റെ പ്രതിഛായയാണ്.! അങ്ങയിൽ അവന്റെ എല്ലാ സിഫത്തുകളും (ഗുണങ്ങളും) പ്രതിഫലിക്കുന്നു.!! *(ദുർറെ മക്നൂൻ)*

# മുഹമ്മദ് നബി(സ): ഹൃദയഹാരിയായ ദൈവദൂതൻ

ഏത് മനുഷ്യനേയും സ്വാധീനിക്കുന്ന അത്യുന്നതമായ സാത്വിക വിശുദ്ധിയുള്ള റസൂൽ തിരുമേനി(സ)യുടെ ജീവിതം മാനവീയത യുടെ സമ്പൂർണ്ണ മാതൃകയായിരുന്നു. പാവനമായ ആ ജീവിതം മനുഷ്യ ഹൃദയങ്ങളെ ആർദ്രപൂരിതമാക്കുകയും മനുഷ്യനെ ദിവ്യനാക്കി മാറ്റുകയും ചെയ്യുന്നു.

എ. ജി സൂഫി

ഇസ്‌ലാം മതത്തിന്റെ വിശുദ്ധ നായ സ്ഥാപകൻ റസൂൽ തിരുമേനി (സ) തന്റെ മുഴുജീവിതവും ദൈവത്തിന്ന് വേണ്ടി സമർപ്പിക്കപ്പെട്ട ഒരു മഹാത്മാവായിരുന്നു. ദരിദ്രാവസ്ഥയിൽ ഒരു അനാഥ നായിട്ടായിരുന്നു അവിടുന്ന് ജനിച്ചത്. ജീവിതത്തിലൊരിക്കലും തിരുമേനി(സ) വയറ് നിറച്ച് ആഹാരം കഴിച്ചിരുന്നില്ല. ഒരിക്കലും വിലകൂടിയ വസ്ത്രങ്ങൾ ധരിച്ചിരുന്നില്ല. ഒരു രാജാധിരാജനെ പോലെ ജനങ്ങൾ അദ്ദേഹത്തെ സകലതും നൽകി ആദരിച്ചെങ്കിലും അദ്ദേഹം ദിവംഗതനായപ്പോൾ ഒരു ചില്ലിക്കാശു പോലും സ്വന്തമായിട്ടില്ലായിരുന്നു. അവിടുത്തെ വസതി ചളിക്കട്ടകൊണ്ട് നിർമ്മിച്ച ഒരു കൂരയായിരുന്നു. പള്ളി തന്നെയായിരുന്നു അവിടത്തെ ദർബാർ. സിംഹാസനമാകട്ടെ ചരൾ പാകി മിനുസമാക്കിയ നിലവും. പുല്ലു കൊണ്ട് നിർമ്മിച്ചതായിരുന്നു റസൂൽ തിരുമേനിയുടെ ശയ്യ. സ്വന്തം കരങ്ങൾ തന്നെയായിരുന്നു റസൂൽ തിരുമേനി(സ) യുടെ തലയിണ. മാസങ്ങളോളം പുകയുയരാത്ത ആ കൂരയിൽ പാചകം ചെയ്യാൻ ഒന്നുമുണ്ടായിരുന്നില്ല. ആ കുടുംബം ആട്ടിൽ പാൽ കൊണ്ടും അൽപ്പം കാരക്കകൊണ്ടും വിശപ്പകറ്റി. അതുമില്ലാത്തപ്പോൾ പട്ടിണി കിടന്നു. അവിടുത്തെ പത്നിമാർക്ക് വീട്ടുജോലിക്കാരില്ലായിരുന്നു. പട്ടു വസ്ത്രങ്ങളില്ല. ആഭരണങ്ങളില്ല. താഴ്ന്നതും വിലകുറഞ്ഞതുമായിരുന്നു അവരുടെ വസ്ത്രങ്ങൾ. തിരുദൂതർ ഒരു തരി സ്വർണ്ണമോ വെള്ളിയോ സൂക്ഷിച്ചിരുന്നില്ല. തിരുമേനി(സ)ക്ക് ലഭിച്ചതെല്ലാം പാവങ്ങൾക്കും ദരിദ്രർക്കും നൽകി. അവിടുന്ന് വിടപറയുമ്പോൾ വീട്ടിൽ അവശേഷിച്ചിരുന്നത് ഏതാനും മണി ബാർലിയുടെ ധാന്യങ്ങൾ മാത്രമായിരുന്നു.

തിരുമേനി(സ) ആരോഗ ദൃഢഗാത്രനും മധ്യനിലയിൽ ഉയരമുള്ള ആളുമായിരുന്നു. അയഞ്ഞ മുടിയും ഇടതൂർന്ന താടിയും നീണ്ട മൂക്കും കറുത്ത മനോഹരമായ മീശയും നീണ്ടു മെലിഞ്ഞ പുരികങ്ങളും വിശാലമായ നെറ്റിത്തടങ്ങളുമുള്ള അവിടത്തെ തിരുമുഖം അതീവ സുന്ദരവും അതിലേറെ ആകർഷകവുമായിരുന്നു. നടത്തം അൽപ്പം വേഗത്തിലും സംസാരം പതുക്കെയുമായിരുന്നു. അപരിചിതനാകട്ടെ പരിചിതനാകട്ടെ ആരെ കണ്ടാലും അവിടുന്ന് ഒരു ചെറു പുഞ്ചിരിയോടെ ആളുകളെ അഭിവാദ്യം ചെയ്തു സ്വീകരിക്കുകയും അവരുടെ കരം ഗ്രഹിക്കുകയും ചെയ്യുമായിരുന്നു. അവർ പറയുന്നതെല്ലാം ശ്രദ്ധയോടെ ക്ഷമാപൂർവ്വം കേൾക്കും. അവരുടെ സഹായഭ്യർത്ഥനകളിൽ നിന്നോ ആവശ്യങ്ങളിൽ നിന്നോ ഒരിക്കലും മുഖം തിരിച്ചിരുന്നില്ല. ഒരാൾക്ക് കൈകൊടുത്താൽ കൈ പിൻവലിക്കുന്നത് ഒരിക്കലും അദ്ദേഹമായിരിക്കില്ല. അവിടുത്തെ ജീവിതം അത്യന്തം മധുരവും ലളിതവും അത്യന്തം മധുരോദാത്തവുമായിരുന്നു. എത്ര ക്രൂരമായ പെരുമാറിയവർക്കും എത്ര വലിയ തെറ്റ് ചെയ്തവർക്കും മാപ്പു നൽകാനും പൊറുത്തു കൊടുക്കാനും അദ്ദേഹം സദാ സന്നദ്ധനായിരുന്നു. അപൂർവ്വം സന്ദർഭങ്ങളിൽ കൊടിയ പാപികളെ മാത്രമേ അദ്ദേഹം ശിക്ഷിച്ചിരുന്നുള്ളൂ. അതും പൊറുമയേക്കാൾ ശിക്ഷയാണ് അയാളിൽ ഏതെങ്കിലും പരിവർത്തനം നടത്തുവാൻ സാധ്യതയുള്ളത് എന്ന ദൃഢബോദ്ധ്യം വരുന്നുവെങ്കിൽ മാത്രം. അവിടത്തെ ചിന്തയും വാക്കും പ്രവർത്തിയുമെല്ലാം അല്ലാഹുവിന്ന്

വേണ്ടിയായിരുന്നു. ജീവിതത്തിൽ മറ്റൊരു ലക്ഷ്യവും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. ദൈവത്തിന്റെ തൃപ്തി മാത്രമായിരുന്നു അവിടുന്ന് അന്വേഷിച്ചത്. അദ്ദേഹം ഹുദൈബിയയിൽ ശത്രുക്കളുമായി സന്ധി ചെയ്തെങ്കിൽ അത് അല്ലാഹുവിന്ന് വേണ്ടിയായിരുന്നു. സന്ധിയിലെ കരാർ വ്യവസ്ഥ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം തീക്ഷ്ണവും അരോചകവുമായിരുന്നു. അതായത് ഹുദൈബിയ്യാ സന്ധി പ്രകാരം മുസ്‌ലികൾ കഅ്ബ വലം വെക്കുന്നത് തടയപ്പെട്ടിരിന്നു. മുഹമ്മദ് നബി (സ) യുടെ അരികലേക്ക് തങ്ങളുടെ രക്ഷിതാക്കന്മാരുടെ സമ്മതമില്ലാതെ ആര് തന്നെ വന്നാലും അവർ തങ്ങളുടെ രക്ഷിതാക്കളിലേക്ക് മടക്കി തിരിച്ചയക്കപ്പെടുന്നതാണ്. വളരെ വേദനാജനകവും തന്റെ അനുയായികളുടെ വികാരത്തെ വ്രണപ്പെടുത്തുന്നതായി കണ്ടിട്ടുകൂടി അദ്ദേഹം ആ കരാർ സ്വീകരിച്ചു, പാലിച്ചു. പതിനായിരം അനുചരന്മാരോടൊപ്പം തന്നെ തിരസ്ക്കരിച്ച ജന്മഗേഹമായ മക്കയിലേക്ക് ചെന്നു. അതിക്രൂരമായിട്ടായിരുന്നു മക്കക്കാർ അദ്ദേഹത്തോട് പെരുമാറിയത്. പക്ഷേ അദ്ദേഹത്തിന്ന് കീഴടങ്ങിയ മക്കക്കാർക്കെല്ലാം അദ്ദേഹം മാപ്പ് നൽകുകയാണുണ്ടായത്. തന്റെ കാരുണ്യ വലയത്തിൽ മക്കക്കാരെ അണച്ചു നിർത്തി. മക്കക്കാർ തന്നെയും, തന്റെ അനുചരന്മാരെയും അതിഭയാനകാം വിധം പീഢിപ്പിച്ചിരുന്നു. ആഫ്രിക്കൻ അടിമയായിരുന്ന തന്റെ പ്രിയപ്പെട്ട അനുചരൻ ബിലാൽ ക്രൂരതയുടെ ഏറ്റവും ഹീനമാർഗ്ഗങ്ങളിലൂടെയായിരുന്നു പീഢിപ്പിക്കപ്പെട്ടത്. ഒരിക്കൽ പുറത്ത് ചാട്ടവാർ ക്കൊണ്ടടിച്ച് ബിലാൽ (റ) നെ ചുട്ടു പഴുത്ത പുഴിയിൽ കിടത്തി അദ്ദേഹത്തിന്നു മേൽ ഭാരമുള്ള കല്ലുവെച്ചു. ഏകദൈവത്തിൽ വിശ്വസിക്കുകയും മുഹമ്മദ് നബി(സ)യെ ദൈവദൂതനായി സ്വീകരിച്ചതുമായിരുന്നു അദ്ദേഹം ചെയ്ത കുറ്റം. മക്കക്കാരെ സമാധാനത്തിന്റെ മാർഗ്ഗത്തിലേക്ക് ക്ഷണിക്കാനുള്ള പതാക അടിമയായ ആ ആഫ്രിക്കൻ നീഗ്രോയുടെ കൈയ്യിലായിരുന്നു തിരുമേനി (സ) ഏൽപ്പിച്ചത്.

ഇക്‌രിമ, പ്രവാചകനോട് അങ്ങേയറ്റം ക്രൂരത കാട്ടുകയും പകവെച്ചു പുലർത്തുകയും ചെയ്ത ഏറ്റവും വലിയ ശത്രുവായ അബുജഹലിന്റെ പുത്രനായിരുന്നു. ഇക്‌രിമ മക്ക റസൂൽ(സ) തിരുമേനിക്ക് കീഴടങ്ങിയ വിവരമറിഞ്ഞപ്പോൾ അദ്ദേഹം മക്കയിൽ നിന്നും അബിസീനിയയിലേക്ക് ഓടി രക്ഷപ്പെടുകയായിരുന്നു. ഇക്‌രിമയുടെ പത്നി മനസ്സുകൊണ്ട് മുസ്‌ലിമായിരുന്നു. അവർ തിരുനബി (സ) യോട് ചോദിച്ചു: 'അല്ലയോ തിരുദൂതരെ താങ്കൾ എന്റെ ഭർത്താവ് ഇകിരിമക്ക് പൊറുത്തുകൊടുക്കില്ലേ?'. 'തീർച്ചയായും!' വീണ്ടും അവർ ചോദിച്ചു. 'അമുസ്‌ലിമായി കൊണ്ട് ഈ മക്കയിൽ താമസിക്കാൻ താങ്കൾ അദ്ദേഹത്തെ അനുവദിക്കില്ലേ?.''അതെ തീർച്ചയായും.' റസൂൽ തിരുമേനി(സ) മറുപടി പറഞ്ഞു. അവർ തിരിച്ചുപോയി തന്റെ ഭർത്താവിനെ മക്കയിലേക്ക് കൂട്ടിക്കൊണ്ട് വന്നു. ഇക്‌രിമ തന്റെ പത്നി പറഞ്ഞതെല്ലാം തിരുനബി (സ)യുടെ തിരുമുഖത്ത് നിന്നു തന്നെ കേൾക്കണമെന്നായി. അദ്ദേഹം റസൂൽ തിരുമേനി(സ)യുടെ അടുത്തെത്തി ചോദിച്ചു: 'അങ്ങ് എനിക്ക് പോലും പൊറുത്തുതരുന്നതായി എന്റെ ഭാര്യ എന്നോടു പറഞ്ഞു.' തിരുനബി(സ) പറഞ്ഞു: 'അതേ, ഇക്‌രിമ'. അദ്ദേഹം അപ്പോൾ തന്നെ ഇസ്‌ലാം മതം സ്വീകരിച്ചു. തിരുമേനി(സ) തന്നെ തന്റെ തിരുവസ്ത്രം കൊണ്ട് ഇക്‌രിമയെ പുതപ്പിച്ചു. അവിടുന്ന് അരുളി മുസ്‌ലിമായിക്കൊണ്ട് ആര് എന്റെയടുക്കൽ വന്നാലും അവൻ എന്നോടുകൂടെയുള്ളവനാണ്. എന്റെ വീട് അവന്റെ വീടാണ്.

ഹബ്ബാർ, തിരുനബി(സ) യുടെ പ്രിയപുത്രിയുടെ മരണത്തിന്ന് കാരണക്കാരനായ ഒരു ശത്രുവായിരുന്നു. ഇറാനിലേക്ക് ഓടിപ്പോവാൻ തീരുമാനിച്ച ഹബ്ബാർ മടങ്ങി വന്ന് റസൂൽ(സ) തിരുമേനിയോട് മാപ്പിന് അപേക്ഷിച്ചു. തിരുമേനി (സ) അദ്ദേഹത്തിന്ന് പൊറുത്തു കൊടുത്തു.

ഹിന്ദ്, അബൂ സുഫിയാന്റെ ഭാര്യയായിരുന്നു. ഹിന്ദും അടിമയായ വഹ്ശിയുമായിരുന്നു തിരുനബി (സ) യുടെ അമ്മാവനും അവിടുന്ന് അത്യധികം സ്നേഹിച്ച വ്യക്തിയുമായ ഹംസാ (റ) യെ ശഹീദാക്കുകയും അദ്ദേഹത്തിന്റെ പാവന ശരീരം വികൃതമാക്കുകയും ചെയ്തത്. ഇവർ രണ്ട് പേർക്കും തിരുനബി (സ) മാപ്പ് നൽകി.

മക്കക്കാരനായ മറ്റൊരു ശത്രുവായിരുന്ന ശൈബ. ഹവാസിന്റെ കൂടെ ചേർന്ന് റസൂൽ തിരുമേനി (സ)യെ വധിക്കാനുള്ള ഒരേയൊരു വിചാരത്തോടെ ജ്വലിക്കുന്ന വിദ്വേഷവുമായി അയാൾ പടക്കൊരുങ്ങി. ആ ശൈബ. റസൂൽ തിരുമേനി (സ)യെ സമീപിച്ചപ്പോൾ അദ്ദേഹം ഒരു ശബ്ദം കേട്ടു: 'ശൈബാ വരൂ അരികിലേക്ക് വരു.' പ്രവാചക തിരുമേനി (സ) അരികിലേക്ക് വിളിച്ചു. ആ പവിത്ര കരങ്ങൾ നീട്ടി ശൈബയെ ആലിംഗനം ചെയ്തു. ശൈബാ ആകപ്പാടെ മാറിപ്പോയി. അദ്ദേഹത്തിന്നിപ്പോൾ ഒരേയൊരു ചിന്ത മാത്രമേയുള്ളു. ആ ചിന്ത എന്താണെന്നോ, തന്റെ ജീവിതം റസൂൽ തിരുമേനി (സ) ക്ക് വേണ്ടി എങ്ങിനെയെങ്കിലും സമർപ്പിക്കണമെന്ന് ചിന്ത മാത്രം!!.

റസൂൽ തിരുമേനി (സ) ദിവംഗതനാകുന്നതിന്ന് അൽപ്പ ദിവസം മുമ്പ് അദ്ദേഹം അരുളി. 'ഞാൻ ആരോടെങ്കിലും എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് എന്നോട് പ്രതികാരം ചോദിക്കാനുള്ള സന്ദർഭമാണിത്. കൂടിയിരുന്നവരെല്ലാം ഹൃദായാലുവായ തങ്ങളുടെ പ്രിയപ്പെട്ട പ്രവാചകന്റെ ഈ വാക്കുകൾ കേട്ട് വിതുമ്പിക്കരഞ്ഞു. അപ്പോഴതാ ഒരാൾ മുന്നോട്ട് കടന്ന് വന്ന്

അവിടുത്തെ കൈമുട്ട് തട്ടി വന്ന് നിന്നു. തിരുമേനി (സ) അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾക്ക് എന്റെ കൈകൊണ്ട് എന്തെങ്കിലും വേദന തട്ടിയിട്ടുണ്ടെങ്കിൽ എന്നോട് പ്രതികാരം ചോദിക്കാം. പകരം എന്നെ വേദനിപ്പിക്കാം.' റസൂൽ തിരുമേനി (സ) യോട് പ്രതികാരം തീർക്കാൻ വന്ന ആ മനുഷ്യന്റെ അൽപ്പത്തരത്തിൽ കോപാകുലരായ അനുചരന്മാർ അന്തം വിട്ടുമാറി നിന്നു. ആ മനുഷ്യൻ പറഞ്ഞു: 'എന്റെ നഗ്ന ശരീരത്തിന്റെ പുറത്തായിരുന്നു താങ്കളെന്നെ അടിച്ചത്. താങ്കളുടെ ശരീരമാകട്ടെ വസ്ത്രം കൊണ്ട് മൂടിയിരിക്കുന്നു.' പ്രവാചകൻ തന്റെ കുപ്പായ മുയർത്തി. എല്ലാവരും അത്ഭുതസ്തബ്ദരായി. പ്രതികാരം ചെയ്യാൻ വന്നുനിന്ന ആ മനുഷ്യന്റെ ശിരസ്സ് കുനിഞ്ഞു. ആ പൂമേനിയിൽ അദ്ദേഹം മുത്തമിട്ടു. തിരുമേനി(സ)യെ അഗാധമായി സ്നേഹിച്ച ആ മനുഷ്യന്റെ ദീർഘനാളത്തെ ആഗ്രഹമായിരുന്നു നഗ്നമായ ആ പുണ്യശരീരത്തിൽ ഒന്നു ചുബിക്കുക എന്നത്!

തിരുദൂതർ(സ) ശുചിത്വത്തെ അങ്ങേയറ്റം ഇഷ്ടപ്പെട്ടു. വാക്കിലും ചിന്തയിലും പ്രവർത്തിയിലും വസ്ത്ര ധാരണത്തിലും ശരീരത്തിലും വീട്ടിലും പള്ളിയിലും തെരുവിലും പരിശുദ്ധി കാണാൻ അദ്ദേഹം ആഗ്രഹിച്ചു. ഭക്ഷണം കഴിക്കുന്നതിന്ന് മുമ്പും കഴിച്ചതിന്ന് ശേഷവും പ്രാർത്ഥനക്ക് മുമ്പും അദ്ദേഹം അംഗശുദ്ധി വരുത്തിയിരുന്നു.

എല്ലാവർക്കും സുഖവും ക്ഷേമവും വന്നുകാണാനായിരുന്നു തിരുമേനി(സ) അഭിലഷിച്ചത്. മിത്രവും ശത്രുവും എല്ലാവരും തിരുനബി(സ)യുടെ കാരുണ്യ വലയത്തിലായിരുന്നു. അനുയായികളും ബന്ധുക്കളും അയൽപക്കക്കാരും അപരിചിതരുമായ എല്ലാവരോടും വളരെ ഹൃദ്യമായിട്ടായിരുന്നു അവിടുന്ന് പെരുമാറിയത്. തിരുമേനി(സ) സ്വയം തന്നെ തന്റെ അതിഥികളുടെ ആവശ്യങ്ങൾ തിരക്കുകയും പാവങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കുകയും ചെയ്യുമായിരുന്നു.

ഒരിക്കൽ ഒരു പ്രാകൃത ഗോത്ര മുഖ്യൻ അവിടുത്തെ സന്ദർശിച്ചു. അപ്പോൾ അവിടെ ഒരു കൂട്ടം ആടുകൾ മേയുന്നതായി അദ്ദേഹം കണ്ടു. അതിലൊന്ന് തിരുമേനി (സ)യുടെ സമ്മാനമായി തനിക്ക് തരണമെന്ന് അയാൾ പറഞ്ഞു. തിരുമേനി (സ) അദ്ദേഹത്തിന്ന് ഒരു ആടിനെ നൽകി. അദ്ദേഹം തന്റെ ഗോത്രത്തിൽ തിരിച്ചെത്തിയപ്പോൾ പറഞ്ഞു: 'മുഹമ്മദിന്ന് തന്റെ ദൈവത്തിൽ വളരെ വിശ്വാസമുണ്ട്. അദ്ദേഹത്തിന്ന് ദാരിദ്രത്തെ പറ്റിയാതൊരു ഭയവുമില്ല.'

തിരുമേനി (സ) എപ്പോഴും തന്റെ വാക്കു പാലിച്ചു. ഒരിക്കലും കരാറുകൾ ലംഘിച്ചില്ല. ഖൈബർ യുദ്ധ വിജയത്തിന്ന് ശേഷം ഒരു ആട്ടിടയൻ ഇസ്‌ലാം മതം സ്വീകരിച്ചു. ഒരു യഹൂദ മുഖ്യന്റെ ആടുകളെ ആയിരുന്നു അയാൾ നോക്കി നടത്തിയിരുന്നത്. പ്രവാചകനോട് അദ്ദേഹം പറഞ്ഞു: 'എനിക്ക് എന്റെ ജനതയുടെ അടുത്തേക്ക് ഇപ്പോൾ പോകാൻ സാദ്ധ്യമല്ല. എന്റെ പഴയ യജമാനന്റെ ആടുകളെയും കൊണ്ട് ഞാനെന്തു ചെയ്യും?' റസൂൽ തിരുമേനി(സ) അദ്ദേഹത്തോട് പറഞ്ഞു: 'ഖൈബറിന്ന് അഭിമുഖമായി നിർത്തി ആ ആട്ടിൻ പറ്റങ്ങളെ തെളിക്കുക. അവ തങ്ങളുടെ ഉടമസ്ഥന്റെ അടുക്കൽ എത്തിക്കൊള്ളും.' അപ്രകാരം തന്നെ അവ തങ്ങളുടെ ഉടമസ്ഥന്റെ അടുക്കൽ എത്തി ചേരുകയും ചെയ്തു.!!

ഹുദൈബിയ്യ സന്ധിക്ക് ശേഷം എതിർ പക്ഷത്തുള്ള ഒരാൾ ഇസ്‌ലാം മതം ആശ്ലേഷിക്കുകയുണ്ടായി. മുസ്‌ലിംകളോട് സംരക്ഷണം ആവശ്യപ്പെട്ടു. അയാളെ വീണ്ടും സ്വന്തം ഗോത്രത്തിലേക്ക് തിരിച്ചയച്ചാൽ അയാൾ മർദ്ദിക്കപ്പെടുമെന്നുറപ്പായിരുന്നു. മക്കക്കാരുമായുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാം മതം സ്വീകരിച്ചിട്ടും നബി (സ) അയാളെ തിരിച്ചയച്ചു. ദൈവത്തിൽ വിശ്വാസമർപ്പിച്ചു സ്വന്തം ഗോത്രത്തിലേക്ക് തിരിച്ച് പോകാനായിരുന്നു റസൂൽ തിരുമനി (സ) യുടെ കൽപ്പന.

റസൂൽ തിരുമേനി(സ)യുടെ ശത്രുക്കൾ പോലും അവിടുത്തെ ഉന്നതമായ ധാർമിക മൂല്യങ്ങളെക്കുറിച്ച് നല്ലത് മാത്രമേ സംസാരിച്ചിട്ടുള്ളൂ. ബൈസാന്റിയം ചക്രവർത്തിയായിരുന്ന ഹെറാക്ലീയസ്സിന്ന് തിരുദൂതർ (സ) ഒരു എഴുത്തയക്കുകയുണ്ടായി. അപ്പോൾ നഗരത്തിലുണ്ടായിരുന്ന ഒരു അറബി കച്ചവട സംഘത്തെ രാജാവ് കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. അതിന്റെ നേതാവ് അപ്പോൾ നബി തിരുമേനി(സ) യുടെ കഠിന ശത്രുവായിരുന്ന അബൂസുഫിയാനായിരുന്നു. അവരിൽ നിന്നും നബി(സ) തിരുമേനിയെ പറ്റി അറിയുകയായിരുന്നു രാജാവിന്റെ ഉദ്ദേശം. രാജാവ് അബൂ സുഫിയാനോട് ചില ചോദ്യങ്ങൾ ചോദിക്കുകയും അദ്ദേഹം അതിന്ന് ഉത്തരം നൽകുകയും ചെയ്തു. അത് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

**ഹെറാക്ലിയസ്:** സ്വയം പ്രവാചകനാണെന്ന് അവകാശപ്പെടുന്ന ഒരാളെ താങ്കൾ അറിയുമോ? അദ്ദേഹം ഏത് കുടുംബത്തിൽ നിന്നാണ് വരുന്നതെന്ന് താങ്കളറിയുമോ?

**അബൂസുഫിയാൻ:** അറിയാം അദ്ദേഹത്തിന്റേത് വളരെ കുലീനമായ ഒരു കുടുംബമാണ്.

**ഹെറാ:** ഇതിന്ന് മുമ്പ് ഏതെങ്കിലും അറബികൾ ഇത്തരത്തിലുള്ള അവകാശ വാദം പുറപ്പെടുവിക്കുകയുണ്ടായിരുന്നോ?

**അബു:** ഇല്ല.

**ഹെറാ:** അദ്ദേഹത്തിന്റെ പൂർവ്വികരിൽ ആരെങ്കിലും രാജാക്കന്മാരോ ഭരണാധികാരികളോ ഉണ്ടായിരുന്നോ?

**അബൂ:** ഇല്ല.

**ഹെറാ:** അദ്ദേഹത്തിന്റെ അനുയായികൾ സമ്പന്നരും ശക്തന്മാരുമാണോ? അതോ പാവങ്ങളും സാധുക്കളുമാണോ?

**അബൂ:** അവരിൽ അധിക പേരും താഴെക്കിടയിലുള്ള പാവങ്ങളാണ്.

**ഹെറാ:** അവരുടെ എണ്ണം കൂടി വരുന്നോ, കുറയുന്നുവോ?

**അബൂ:** അവരുടെ എണ്ണം കൂടി വരുന്നു.

**ഹെറാ:** എപ്പോഴെങ്കിലും അദ്ദേഹം കരാർ ലംഘിച്ചിട്ടുണ്ടോ?

**അബൂ: ഇല്ല, ഇന്ന്വരെ ലംഘിച്ചിട്ടില്ല.**

**ഹെറാ:** അദ്ദേഹം എന്താണ് പഠിപ്പിക്കുന്നത്?.

**അബൂ:** നാം ഒരു ദൈവത്തെ മാത്രമേ ആരാധിക്കാവൂ. എന്നും അവനോട് സമന്മാരെ ചേർക്കരുതെന്നും അദ്ദേഹം ഉപദേശിക്കുന്നു. നാം സത്യം പറയണമെന്നും ദുരാചാരങ്ങളുപേക്ഷിക്കണമെന്നും നാം മറ്റുള്ളവരെ ബഹുമാനിക്കണമെന്നും അവർക്ക് നന്മ ചെയ്യണമെന്നും കരാറുകൾ പാലിക്കണമെന്നും പഠിപ്പിക്കുന്നു.

ഉപസംഹരിച്ചു കൊണ്ട് ഹെറാക്ലിയസ്സ് രാജാവ് പറഞ്ഞു. ഞാൻ ആദ്യം അദ്ദേഹത്തിന്റെ കുടുംബത്തെ പറ്റിയാണ് നിങ്ങളോട് ചോദിച്ചത്. പ്രവാചകന്മാർ എപ്പോഴും കുലീന കുടുംബത്തിൽ നിന്നാണ് വരിക. ഞാൻ പിന്നീട് നിങ്ങളോട് ചോദിച്ചത് അദ്ദേഹത്തിന്ന് മുമ്പ് വല്ലവരും ഇത്തരത്തിൽ പ്രവാചകത്വം വാദിച്ചിട്ടുണ്ടോയെന്നാണ് എന്നായിരുന്നു. ഇല്ല എന്നാണ് നിങ്ങൾ പറഞ്ഞത്. ഞാൻ ഈ ചോദ്യം ചോദിക്കാൻ കാരണം വല്ലവരും ഇതിന്ന് മുമ്പ് ഇത്തരം വാദവുമായി വന്നിട്ടുണ്ടെങ്കിൽ അയാളെ പോലെ ഇദ്ദേഹവും ആ പാത പിന്തുടരുന്നുവെന്ന് പറയാമായിരുന്നു. ഞാൻ പിന്നീട് നിങ്ങളോട് ചോദിച്ചത് അദ്ദേഹം കളവ് പറയാറുണ്ടോ എന്നാണ്. നിങ്ങൾ പറഞ്ഞു ഇല്ല എന്ന്. ദൈവം അയച്ച ഒരാൾ കളവ് പറയില്ല എന്ന് എനിക്ക് ഉത്തമ വിശ്വാസം ഉണ്ടായിരുന്നു. എന്റെ അടുത്ത ചോദ്യം അദ്ദേഹത്തിന്റെ പൂർവ്വ പിതാക്കളിലാരെങ്കിലും ഭരണാധികാരം കൈയ്യാളിയിരുന്നോ എന്നായിരുന്നു. നിങ്ങളുടെ മറുപടി ഇല്ല എന്നായിരുന്നു. ഇതിൽ നിന്നും അദ്ദേഹത്തിന്റെ വിനഷ്ടമായ സാമ്രാജ്യം വീണ്ടെടുക്കാനല്ല അദ്ദേഹത്തിന്റെ അവകാശവാദം എന്ന് എനിക്ക് മനസ്സിലായി. എന്റെ അടുത്ത ചോദ്യം അദ്ദേഹത്തിന്റെ അനുയായികളിൽ സമ്പന്നരും ശക്തരുമാണോ എന്നാണ്. നിങ്ങളുടെ മറുപടി അവരിൽ അധികം പേരും പാവങ്ങളും താഴെക്കിടയിലുള്ള ആളുകളുമാണെന്നായിരുന്നു. അത്തരക്കാർ തന്നെയാണ് ഒരു പ്രവാചകന്റെ അനുയായികൾ. എന്റെ മറ്റൊരു ചോദ്യം അദ്ദേഹത്തിന്റെ അനുയായികൾ കൂടി വരുന്നോ കുറഞ്ഞു വരുന്നോ എന്നായിരുന്നു. നിങ്ങളുടെ ഉത്തരം കൂടി വരുന്നു എന്നായിരുന്നു. പ്രവാചകന്മാരുടെ അനുയായികൾ കൂടിവരികയാണ് ചെയ്യുക. അദ്ദേഹം എപ്പോഴെങ്കിലും ആളുകളെ വഞ്ചിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന്ന് ഇല്ല എന്നായിരുന്നു നിങ്ങളുടെ മറുപടി. ഇത് സാത്വികരുടെ സ്വഭാവമാണ്. ഇദ്ദേഹം ഒരു സത്യ പ്രവാചകനാണെന്ന് ഞാൻ കരുതുന്നു. ഇദ്ദേഹം നമ്മുടെ കാലത്ത് തന്നെ പ്രത്യക്ഷപ്പെടുന്ന ഒരു പ്രവാചകനാണെന്ന് എനിക്കിങ്ങനെ അർദ്ധ പ്രതീക്ഷ ഉണ്ടായിരുന്നു. പക്ഷേ അദ്ദേഹം അറേബ്യയിലായിരിക്കുമെന്ന് നാം കരുതിയില്ല. നിങ്ങൾ പറഞ്ഞത് ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ സാമ്രാജ്യം ഈ രാജ്യത്തെയും കവിഞ്ഞ് നിൽക്കും!

തിരുമേനി (സ) ദൈവത്തിൽ മാത്രം വിശ്വസിക്കുകയും അവനെ മാത്രം ഭയപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്ന് തന്റെ ദൗത്യത്തിൽ സമ്പൂർണ്ണ വിശ്വാസമുണ്ടായിരുന്നു. തന്റെ എല്ലാ വിജയ പ്രതീക്ഷകളും ദൈവത്തിൽ മാത്രമാണ് അർപ്പിച്ചിരുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ ദിവസവും ഓരോ മണിക്കൂറും ഓരോ നിമിഷവും ദൈവത്തെ സൂക്ഷിച്ചിരുന്നു. അദ്ദേഹം ഇരിക്കുമ്പോഴും നിൽക്കുമ്പോഴും നടക്കുമ്പോഴും ഉറങ്ങാൻ പോവുമ്പോഴും ഉണർന്നാലും, ആഹരിക്കുമ്പോഴും വിശ്രമിക്കുമ്പോഴും വീട്ടിൽ നിന്ന് ഇറങ്ങുമ്പോഴും വീട്ടിലേക്ക് തിരിച്ചു വരുമ്പോഴും പള്ളിയിൽ നിന്ന് ഇറങ്ങുമ്പോഴും സുഹൃത്തുക്കളെ കാണുമ്പോഴും വേർപിരിയുമ്പോഴും സുവാർത്തകൾ കേൾക്കുമ്പോഴും പുതുവസ്ത്രം ധരിക്കുമ്പോഴും മലമൂത്ര വിസർജ്ജനത്തിന്ന് പോകുമ്പോഴും ചുരുക്കത്തിൽ ജീവിതത്തിന്റെ എല്ലാ അടക്കങ്ങളിലും അനക്കങ്ങളിലും പ്രത്യേകമായ പ്രാർത്ഥനകൾ നടത്തിയിരുന്നു. സുദീർഘമായും സ്ഥിരമായും അദ്ദേഹം പ്രാർത്ഥിക്കാറുണ്ടായിരുന്നു. ചിലപ്പോൾ രാത്രി മുഴുവനും അദ്ദേഹം പ്രാർത്ഥനയിൽ മുഴുകി. വാസ്തവത്തിൽ അദ്ദേഹത്തിന്റെ മുഴുജീവിതവും ദൈവസ്മരണയിൽ നിമഗ്നമായിരുന്നു.

പ്രവാചകൻ ദൈവത്തെ മാത്രമാണ് ഭയപ്പെട്ടിരുന്നത്. ഹവാസിലെ യുദ്ധത്തിൽ മുസ്‌ലിം സൈന്യം ചിന്നഭിന്നമായി. യുദ്ധക്കളത്തിൽ പ്രവാചകനും വിരലിലെണ്ണാവുന്ന ഏതാനും സഹാബികളും മാത്രം. എതിരാളികൾ ഇരുവശത്ത് നിന്നും ശരവർഷം ആരംഭിച്ചു. പ്രവാചകൻ അബൂബക്കറിനോട് തന്റെ കോവർ കഴുതയെ വിട്ടുതരാൻ പറഞ്ഞു. അതിന്ന് പുറത്ത് കയറി കുതിമുള്ളടിച്ചുകൊണ്ട് അദ്ദേഹം മുന്നോട്ട് കുതിച്ചു. അദ്ദേഹം ഇപ്രകാരം ഉരുവിട്ടു. **'ഞാൻ പ്രവാചകനാണ് ഞാൻ കള്ളവാദിയല്ല. ഞാൻ അബ്ദുൾ മുത്തലിബിന്റെ മകനാകുന്നു.'**

ഒരിക്കൽ മദീനയിലെ മുസ്‌ലിംകൾ ഭീകരമായ ഒരു ആക്രമണം പ്രതീക്ഷിച്ചിരിക്കയായിരുന്നു.

അവർ രാത്രി മുഴുവനും ഉറക്ക മൊഴിച്ചിരുന്നു. ഒരു രാത്രിയിൽ ഒരു അപായ വെളിച്ചം പുറത്ത് കാണുക യുണ്ടായി. മുസ്‌ലിംകളിൽ ചിലർ ആ വെളിച്ചം കണ്ട ഭാഗത്ത് അന്വേ ഷിക്കാൻ പോയി. ഉടൻ തന്നെ കുതിരപ്പുറത്ത് ഒരാൾ കുതിച്ച് വരുന്നതായി കണ്ടു അത് തിരുനബി (സ) ആയിരുന്നു. അദ്ദേഹം പറ ഞ്ഞു: 'ഭയപ്പെടാനൊന്നുമില്ല. അദ്ദേ ഹം ഏകനായി ഒറ്റക്ക് കുതിരപ്പുറ ത്ത് അപായ സൂചന ലഭിച്ച സ്ഥലം സന്ദർശിച്ച് വരികയായിരുന്നു.'

ദരിദ്രന്മാരോട് അങ്ങേയറ്റം കാരുണ്യം കാട്ടിയ ആളായിരുന്നു തിരുദൂതർ (സ) പണക്കാർ പാവ ങ്ങളെ അക്കാലത്ത് തീരെ ശ്രദ്ധിച്ചി രുന്നില്ല. സമ്പന്നന്മാരുടെ സ്വത്തിൽ ഒരു പങ്ക് ദരിദ്രർക്കുള്ളതാണെന്ന് അദ്ദേഹം താക്കീത് ചെയ്തു. പണക്കാർ പണക്കാരായിരിക്കുന്നത് പാവങ്ങളുടെ ചിലവിലാണെന്നോർ ക്കണമെന്ന് കൂടി അദ്ദേഹം പറ ഞ്ഞു. അവിടുന്ന് ഒരിക്കലും സ്വർണ്ണമോ, വെള്ളിയോ വീട്ടിൽ സൂക്ഷിച്ചിരുന്നില്ല. അതെല്ലാം കിട്ടി യ മുറക്ക് അവിടുന്ന് പാവങ്ങൾക്ക് വിതരണം ചെയ്യുമായിരുന്നു.

ഒരിക്കൽ മദീനയിൽ ഒരു ഗോത്രം വരികയുണ്ടായി. അവരെ ല്ലാം ദരിദ്രന്മായിരുന്നു. പട്ടിണി ക്കോലങ്ങളായ അവരുടെ മുഖം അവരനുഭവിക്കുന്ന ദാരിദ്ര്യത്തിന്റെ തീവ്രത വിളിച്ചു പറയുന്നവയായി രുന്നു. അവരെ കണ്ട് പ്രവാചകന്റെ ഹൃദയം വല്ലാതെ വേദനിച്ചു. അദ്ദേഹം അസ്വസ്ഥചിത്തനായി അവിടുന്ന് മുസ്‌ലിംകളെ മുഴുവൻ പള്ളിയിലേക്ക് വിളിപ്പിച്ചു. പണമോ വസ്ത്രമോ ധാന്യമോ ഈത്ത പ്പഴമോ എന്താണോ നിങ്ങളുടെ കൈയ്യിലുള്ളത് അതെല്ലാം കൊണ്ടു വരിക. എന്ന് ആജ്ഞാപിച്ചു. ചിലർ വസ്ത്രങ്ങളും ആഹാരവും ധാന്യ ങ്ങളും കൊണ്ടുവന്നു. അതിൽ ഒരാൾ വലിയ തോതിൽ സ്വർണ്ണ നാണയങ്ങൾ കൊണ്ടു വന്നു എല്ലാം അവിടുത്തെ മുമ്പിൽ കുമിഞ്ഞു കൂടി. അവിടുത്തെ വദനം പൂർണ്ണ ചന്ദ്രനെപോലെ സംതൃപ്തിയാൽ പ്രകാശ പൂർണ്ണ മായി. എല്ലാം തന്നെ ആ പാവങ്ങ ൾക്ക് വിതരണം ചെയ്തു.

അന്യരെ അകമഴിഞ്ഞ് സ്നേ ഹിക്കാൻ പ്രവാചകൻ (സ) അനു യായികളെ ഉദ്ബോധിപ്പിച്ചു കൊ ണ്ടിരുന്നു. ഒരാൾ തനിക്ക് എന്തൊ ന്നാണോ ഇഷ്ടപ്പെടുന്നത് അത് തന്റെ സഹോദരന്ന് വേണ്ടിയും ഇഷ്ടപ്പെടണം എന്നായിരുന്നു തിരുമേനിയുടെ (സ) ഉപദേശം. അദ്ദേഹം ഒരിക്കൽ പറഞ്ഞു: ഒരു മുസ്‌ലിമിനോട് മറ്റൊരു മുസ്‌ലിം യുദ്ധം ചെയ്യുക എന്നത് കുഫ്ർ ആണ്. (അനിസ്‌ലാമികം) മുസ്‌ലിം സഹോദരനെ ചീത്ത പറയുക എന്നത് മറ്റൊരു മുസ്‌ലിമിന് പാപമാണ്. ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിന്നോട് മൂന്ന് ദിവസ ത്തോളം വെറുപ്പ് വെച്ചു പുലർ ത്തുക എന്നത് നിഷിദ്ധമാണ്.

മുസ്‌ലിംകളിലൊരാൾ മറ്റൊ രാൾക്ക് അഭിവാദ്യം ചെയ്യണമെ ന്നും കൈകൊടുക്കണമെന്നും ഉപഹാരം നൽകണമെന്നും ഭക്ഷണ ത്തിന്ന് ക്ഷണിക്കണമെന്നും രോഗി കളെ ശുശ്രൂഷിക്കണമെന്നും മരണ ശുശ്രൂഷകളിൽ പങ്കെടുക്കണമെ ന്നും ഉപദേശിക്കുകയുണ്ടായി. മനുഷ്യ വംശത്തോട് എപ്പോഴും അനുകമ്പയുണ്ടാകണമെന്ന് തിരുദൂതർ(സ) ഉപദേശിച്ചു. ശത്രുവിനോട് പോലും നീതി പൂർവ്വമല്ലാതെ പെരുമാറരുത്. ഏറ്റവുമടുത്ത ബന്ധുവിനോട് പോലും സത്യം മാത്രമേ പറയാവൂ. സമൂഹത്തിൽ ശുദ്ധി പരത്തുകയും പാവങ്ങളെ ഊട്ടുകയും ചെയ്യണ മെന്ന് അദ്ദേഹം അനുയായികളെ ഉദ്ബോധിപ്പിച്ചു.

ഒരു നിയമം പരസ്യമായി ലംഘിക്കുന്നവരോടല്ലാതെ തിരു മേനി(സ) ആരോടും ഒരിക്കലും പരുഷമായി പെരുമാറിയിരുന്നില്ല. അവിടുത്തെ ഹൃദയം എപ്പോഴും പാവങ്ങൾക്ക് നേരെയും ദരിദ്രർക്ക് നേരെയും അനുഭാവപൂർവ്വം തിരിഞ്ഞിരുന്നു. ഒരിക്കൽ ഇബാദു ബ്നു ഷാർജിൽ എന്നൊരാൾ ഒരു തോട്ടത്തിൽ നിന്നുമൊരു ഫലം പറിച്ചെടുത്തു. അതൊരു ക്ഷാമ കാലമായിരുന്നു. തോട്ടമുടമ അദ്ദേ ഹത്തെ പിടികൂടുകയും മർദ്ദിക്കു കയും ചെയ്തു. അദ്ദേഹത്തിന്റെ വസ്ത്രം ഊരിയെടുക്കുകയും ചെയ്തു. അവർ രണ്ടുപേരും ദൈവദൂതന്റെ അടുക്കൽ ഹാജരാ ക്കപ്പെട്ടു. റസൂൽ തിരുമേനി(സ) തോട്ടമുടമയോടു പറഞ്ഞു: 'ഈ മനുഷ്യൻ അറിവില്ലാത്തവനാണ്. താങ്കൾ അദ്ദേഹത്തിന്ന് നല്ല ശീലം പഠിപ്പിക്കണം. അദ്ദേഹം വളരെ യേറെ വിശന്നിരിക്കുന്നു. താങ്കൾ അദ്ദേഹത്തിന്റെ വിശപ്പടക്കണം.' തോട്ടമുടമക്ക് തിരുമേനി(സ) അൽപ്പം ധാന്യം നൽകി. അദ്ദേഹ ത്തിന്റെ വസ്ത്രം തിരികെ വാങ്ങി ക്കൊടുത്തു.

പ്രവാചകൻ ഒരിക്കലും സമ്പ ന്നരായ കുറ്റവാളികളോട് ദാക്ഷി ണ്യം കാട്ടിയിരുന്നില്ല. ഒരിക്കൽ ശക്തരായ ഗോത്രത്തിൽ പെട്ട ഒരു സ്ത്രീ മോഷ്ടിച്ചു. നിയമ പ്രകാരം അവരെ ശിക്ഷിക്കാൻ പ്രവാചകൻ തീരുമാനിച്ചു. അവർ പ്രബലരായ ഒരു ഗോത്രത്തിൽ പെട്ടവരാണെ ന്നും അതുകൊണ്ട് അവരെ വെറുതെ വിടണമെന്നും ചിലർ അവിടത്തോട് ശുപാർശ ചെയ്തു. അപ്പോൾ തിരുമേനി(സ) ദ്വേഷ്യപ്പെ ട്ടു കൊണ്ട് പറഞ്ഞു: ഇസ്റയേ ലികൾ നശിച്ചത് അവർ പാവങ്ങളെ മാത്രം ശിക്ഷിക്കുകയും സമ്പന്നരെ വെറുതെ വിടുകയും ചെയ്തതു കൊണ്ടാണെന്ന് ഓർത്തുകൊള്ളു ക.

സ്വന്തം അദ്ധ്വാനിച്ച് ഉപജീവ നം കഴിക്കുന്നവരെ നബി (സ) തിരുമേനി വളരെ ആദരിച്ചിരുന്നു. അവിടുന്ന് അരുൾ ചെയ്തു: ഒരാൾ തന്റെ പുറത്ത് ഒരു ചുമട് വിറക് കയറ്റി അങ്ങാടിയിൽ കൊണ്ടു പോയി വിറ്റ് ജീവിച്ച് കൊണ്ട് തന്റെ മാനം രക്ഷിക്കുന്നുവെങ്കിൽ യാചി ക്കുന്നതിനേക്കാളും ഉത്തമം അയാ ൾക്കതാണ്.

ഒരിക്കലും മറ്റുള്ളവരെക്കാൾ താൻ വലിയവനാണെന്ന് റസൂൽ തിരുമേനി (സ) കരുതിയിരുന്നില്ല. യുദ്ധകാലത്താകട്ടെ സമാധാന കാലത്താകട്ടെ റസൂൽ തിരുമേനി(സ) മറ്റുള്ളവർക്ക് സമനാണ് താനെന്ന് കരുതി. അവിടുത്തേക്ക് ഇരിക്കാൻ പ്രത്യേകം ഇരിപ്പിടമില്ലായിരുന്നു. തന്റെ സഹചരർ ഇരിക്കുന്നിടത്ത് തന്നെയാണ് അവിടുന്ന് ഉപവിഷ്ടനായിരുന്നത്. ഒരു അപരിചിതന്, ആരാണ് പ്രവാചകനെന്ന് ഒരിക്കലും തിരിച്ചറിയാൻ കഴിയുമായിരുന്നില്ല. ഒരിക്കൽ ഒരു യാത്രക്കിടയിൽ തന്റെ സഹചരർക്കിടയിൽ എല്ലാവർക്കുമിടയിൽ ഒരോ പ്രവർത്തികൾ വീതിച്ചു നൽകി. തിരുമേനി(സ)ക്ക് നൽകിയ ജോലി പാചകം ചെയ്യുന്നതിന്ന് വിറക് ശേഖരിക്കലായിരുന്നു. തന്റെ അനുയായികൾ അവിടുന്ന് ആ പ്രവർത്തി ചെയ്യാനനുവദിച്ചിരുന്നില്ല. അവർ പറഞ്ഞു: 'അങ്ങേക്ക് വേണ്ടി ഞങ്ങൾ ആ പ്രവർത്തി ചെയ്യാം.' തിരുമേനി(സ) പറഞ്ഞു: ഞാൻ ഒരിക്കലും പ്രത്യേക പരിഗണന ഇഷ്ടപ്പെടുന്നില്ല. തന്റെ സഹോദരനെക്കാൾ വലിയവനാണ് എന്ന് കരുതുന്ന ഒരാളേയും ദൈവം ഇഷ്ടപ്പെടുന്നില്ല.

ബദറിലേക്കുള്ള യാത്രയിൽ മുസ്‌ലിംകൾക്ക് വളരെ കുറച്ച് സവാരി മൃഗങ്ങളെ ഉണ്ടായിരുന്നുള്ളൂ. മൂന്ന് പേർ ഇടവിട്ട് ഒട്ടകപുറത്ത് യാത്ര ചെയ്തിരുന്നു. തിരുമേനി(സ) അവരെപോലെ തന്നെ ഊഴമെത്തുന്നത് വരെ നടക്കുമായിരുന്നു. ഇത് കണ്ട് സഹിക്കാൻ വയ്യാതെ തന്റെ അനുചരന്മാർ ഒട്ടകപ്പുറത്ത് കയറാൻ അഭ്യർത്ഥിച്ചപ്പോൾ സ്നേഹപൂർവ്വം അത് നിരസിച്ചു കൊണ്ട് റസൂൽ തിരുമേനി (സ) പറഞ്ഞു. എന്നേക്കാൾ വേഗത്തിൽ നിങ്ങൾക്ക് നടക്കാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ പക്കൽ നിന്ന് നിങ്ങളെക്കാൾ പ്രതിഫലം കിട്ടാൻ ഞാൻ ആഗ്രഹിക്കുന്നു.

തിരുമേനി(സ) വീട്ടു ജോലികളിൽ തന്റെ ഭാര്യമാരെ സഹായിച്ചിരുന്നു. കീറിയ വസ്ത്രങ്ങൾ താൻ തന്നെ തുന്നി. നിലം അവിടുന്ന് സ്വയം തന്നെ വൃത്തിയാക്കി. ആടിന്റെ പാൽ കറക്കുകയും അങ്ങാടിയിൽ, താൻ തന്നെ പോയി സാധനങ്ങൾ വാങ്ങുകയും ചെയ്തു. അവിടത്തെ പാദരക്ഷകൾ സ്വയം നന്നാക്കുകയും ചെയ്തു. ഒട്ടകത്തെ ശുശ്രൂഷിക്കുകയും അതിന്ന് തീറ്റ നൽകുകയും വെള്ളം കുടിപ്പിക്കുകയും ചെയ്യുമായിരുന്നു.

മദീനയിലെ ഏറ്റവും അവഗണിതരായ അടിമകൾക്ക് പോലും റസൂൽ തിരുമേനി(സ) യെ സമീപിക്കാൻ യാതൊരു പ്രതിബന്ധവുമില്ലായിരുന്നു. തിരുമേനി (സ) ചെറുപ്പം മുതൽക്കേ അറിയാമായിരുന്ന ഹിന്ദ് ഇബ്നു ഹാല പറയുന്നു: 'അദ്ദേഹം വളരെ മൃദുല സ്വഭാവിയായിരുന്നു. ഒരിക്കലും പരുഷമായി പെരുമാറിയിരുന്നില്ല. ജീവിതത്തിൽ ഒരാളെയും അപമാനിച്ചിരുന്നില്ല. ചെറിയ സേവനത്തിന്ന് പോലും വലിയ തോതിൽ നന്ദി പ്രകടിപ്പിച്ചിരുന്നു. ഒന്നിന്നും യാതൊരു കുറ്റവും കണ്ടിരുന്നില്ല. തനിക്ക് മുമ്പിൽ കൊണ്ടുവരപ്പെട്ട ഏത് തരത്തിലുള്ള ഭക്ഷണമായാലും സംതൃപ്തിയോടെ അത് ഭക്ഷിക്കുമായിരുന്നു. മോശമായി ഒരഭിപ്രായവും അദ്ദേഹം അതിനെ പറ്റി പറഞ്ഞിരുന്നില്ല. സത്യത്തെ ആരെങ്കിലും എതിർത്താലല്ലാതെ അദ്ദേഹം ആരോടും കോപകുലനായിരുന്നില്ല. അദ്ദേഹത്തിന്റെ സ്വന്തം കാര്യത്തിന്നായി ഒരിക്കലും ആരോടും ദ്വേഷ്യപ്പെട്ടിരുന്നില്ല. ആരോടും അദ്ദേഹത്തിന്ന് പ്രതികാരമില്ലായിരുന്നു. ആയിശാ(റ) അദ്ദേഹത്തെ പറ്റി പറയുന്നു:

പ്രവാചക തിരുമേനി (സ) ആരേ പറ്റിയും ഒരിക്കലും കുറ്റം പറയുമായിരുന്നില്ല. തിന്മക്ക് കരമായി ഒരിക്കലും അവിടുന്ന് തിന്മ നൽകിയിരുന്നില്ല. എപ്പോഴും പൊറുത്തു കൊടുക്കാനും മാപ്പ് നൽകാനുമായിരുന്നു അവിടുന്ന് ഇഷ്ടപ്പെട്ടിരുന്നത്. അദ്ദേഹത്തിന്ന് എന്തെങ്കിലും തിരഞ്ഞെടുക്കേണ്ട സന്ദർഭം വരുകയാണെങ്കിൽ ദോഷമുള്ളതല്ലെങ്കിൽ എളുപ്പമുള്ളതായിരുന്നു അദ്ദേഹം തിരഞ്ഞെടുത്തിരുന്നത്. പാപകൃത്യങ്ങളിൽ നിന്ന് അദ്ദേഹം ബഹുദൂരം അകന്ന് സഞ്ചരിച്ചു. അദ്ദേഹത്തിന്റെ സ്വന്തം കാര്യങ്ങൾക്ക് വേണ്ടി അദ്ദേഹം ആരൊടും പകവെച്ചു പുലർത്തിയിരുന്നില്ല. ആരെങ്കിലും നിയമം ലംഘിച്ചാൽ ദൈവവിധി പ്രകാരം അദ്ദേഹം ശിക്ഷിക്കുമായുന്നു. അവിടുന്ന് യാതൊരു മുസ്‌ലിമനേയും പേരെടുത്ത് പറഞ്ഞ് ശപിച്ചിരുന്നില്ല. അവിടുന്ന് അടിമയായ യാതൊരു സ്ത്രീയേയോ പുരുഷനേയോ സേവകനേയോ അടിച്ചിട്ടില്ല. ഒരു മൃഗത്തേയും അവിടുന്ന് ഒരിക്കലും നോവിച്ചിട്ടില്ല. ആരോടും തന്നെ ഒരഭ്യർത്ഥനയും നടത്തിയിട്ടില്ല. പുഞ്ചിരിച്ചു കൊണ്ടായിരുന്നു അവിടുന്ന് എപ്പോഴും വീട്ടിലേക്ക് കയറിവന്നത്. ഇരിക്കുമ്പോളൊരിക്കലും അദ്ദേഹം തന്റെ സഹചരർക്ക് നേരെ കാൽ നീട്ടി വച്ചിരുന്നില്ല. അവിടുത്തെ വാക്കുകൾ ആർക്കെങ്കിലും ഹൃദിസ്വമാക്കണമെങ്കിൽ വാക്കുകൾ വളരെ പതുക്കെ സാവധാനത്തിൽ അദ്ദേഹം ഉരുവിടുമായിരുന്നു.

അലി(റ) റസൂൽ തിരുമേനി (സ) കുറിച്ച് പറഞ്ഞു:

അവിടുന്ന് എപ്പോഴും സുസ്മേര വദനനായിരുന്നു. വളരെ മൃദുല സ്വഭാവിയായിരുന്നു. എപ്പോഴും കാരുണ്യം വഴിഞ്ഞൊഴുകുന്നതായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. ഒരിക്കലും സങ്കുചിതമോ പരുക്കനോ ആയിരുന്നില്ല. ഒരിക്കലും ഉച്ചത്തിൽ സംസാരിച്ചിരുന്നില്ല. ദ്വേഷ്യത്തോടുകൂടി ഒരു വാക്കു പോലും ഉച്ചരിച്ചിരുന്നില്ല. ആരുടെ പ്രവർത്തിയിലും ഒരു കുറ്റവും കണ്ടിരുന്നില്ല. ആരെയും കൊണ്ട് കഠിനമായ ജോലി ചെയ്തിരുന്നില്ല. അവിടുത്തേക്ക് എന്തെങ്കിലും അനിഷ്ടമായിട്ടുണ്ടെങ്കിൽ നിശ്ശബ്ദനായി അത് നോക്കി നിൽക്കും. ഇങ്ങനെ കണ്ടാൽ തിരുമേനി (സ) യെ അടുത്തറിഞ്ഞവർക്കെല്ലാമറി

യാം അവിടുത്തേക്ക് അത് ഇഷ്ടമായിട്ടില്ല എന്ന്. റസൂൽ തിരുമേനി (സ) സ്വയം മൂന്ന് കാര്യങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല. തർക്കിക്കൽ, നിഷ്പ്രയോജനകരമായ സംസാരം, അന്യരുടെ കാര്യങ്ങളിൽ താൽപര്യം കാണിക്കൽ. അവിടുന്ന് ഒരിക്കലും മറ്റുള്ളവരെ കുറ്റപ്പെടുത്തി സംസാരിക്കുകയോ അവരുടെ സ്വകാര്യങ്ങളന്വേഷിക്കുകയോ ചെയ്തിരുന്നില്ല. എപ്പോഴും ഉപകാരമുള്ള കാര്യങ്ങൾ മാത്രമേ സംസാരിച്ചിരുന്നുള്ളു. സംസാരിക്കുമ്പോൾ അനുചരന്മാർ ശ്രദ്ധാപൂർവ്വം അത് ശ്രവിക്കുമായിരുന്നു. അപ്പോൾ പക്ഷികൾക്ക് അവരുടെ തലയിൽ വന്നു നിൽക്കാമായിരുന്നു. അത്രയും ശ്രദ്ധയോടെ അവർ അത് ശ്രവിക്കുമായിരുന്നു. അവിടുന്ന് നിശബ്ദനായാൽ മാത്രമേ അനുചരന്മാർ എന്തെങ്കിലും സംസാരിക്കൂ. ആരെങ്കിലും അദ്ദേഹത്തോട് സംസാരിക്കുകയാണെങ്കിൽ ശ്രദ്ധാപൂർവ്വം അത് കേൾക്കും. അനുചരന്മാർ എന്തെങ്കിലും കാര്യം കണ്ട് ചിരിക്കുകയാണെങ്കിൽ അദ്ദേഹവും ആ ചിരിയിൽ പങ്ക്ചേരും. പുറമേ നിന്ന് വന്ന ആരെങ്കിലും പരുഷമായി സംസാരിക്കുകയാണെങ്കിൽ അദ്ദേഹം ശാന്തനായിരുന്ന് ക്ഷമാപൂർവ്വം അത് കേൾക്കുമായിരുന്നു. സംസാരത്തിൽ ഇടക്ക് കയറി അദ്ദേഹം യാതൊന്നും പറയുമായിരുന്നില്ല. തിരുമേനി(സ)യിൽ നിന്നും ലഭിച്ച എന്തെങ്കിലും ഉപകാരത്തിന്റെ പേരിൽ ആരെങ്കിലും നന്ദി പ്രകാശിപ്പിക്കുകയാണെങ്കിൽ അവിടുന്ന് അത് സ്വീകരിക്കുമായിരുന്നു. ഒരിക്കലും തന്നെ സ്തുതിച്ച് പറയുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അളക്കാൻ കഴിയാത്തയത്ര വിശാല ഹൃദയനായിരുന്നു അദ്ദേഹം .ഏറ്റവും സത്യസന്ധൻ, പരമ ദയാലു, ഏറ്റവും നല്ല ചങ്ങാതി.

റസൂൽ തിരുമേനി(സ)ക്ക് ഒരു പാട് സന്താനങ്ങളുണ്ടായിരുന്നു. ഫാത്തിമ (റ) ഒഴികെ മറ്റെല്ലാവരും അവിടുത്തെ ജീവിതകാലത്ത് തന്നെ കാലഗതി പ്രാപിച്ചു. അവരിൽ മിക്കപേരും ശൈശവഘട്ടത്തിൽ തന്നെയാണ് വേർപിരിഞ്ഞത്. അവിടുത്തെ മൂത്തപുത്രി വേർപിരിഞ്ഞത് ഹിജ്റ എട്ടാം വർഷത്തിലായിരുന്നു. അബുൽ ആസ് ഇബ്നു റാബി (റ) എന്നവരായിരുന്നു അവരെ വിവാഹം കഴിച്ചത്. രണ്ട് പിഞ്ചു കുട്ടികളേയും ബാക്കി വെച്ചായിരുന്നു പ്രവാചക പുത്രി പരലോകം പൂകിയത്. ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും അവിടുന്ന് തന്റെ പേരക്കിടാങ്ങളെ അഗാധമായി സ്നേഹിച്ചു. പെൺകുട്ടിയുടെ പേർ ഇമാമ എന്നായിരുന്നു. ഫാത്തിമ (റ) യുടെ മരണത്തിന്ന് ശേഷം അലി (റ) അവരെ വിവാഹം കഴിച്ചു.

റുഖിയ്യ, ഉമ്മു കുൽസും (റ) എന്നീ രണ്ടു പുത്രിമാരെ ഒരാൾ ശേഷം മറ്റൊരാളെ ഉസ്മാൻ (റ) ആണ് വിവാഹം കഴിച്ചത്. ഉസ്മാൻ(റ) റുഖിയ്യയോടൊപ്പം കുറച്ച് നാൾ അബിസീനിയായിൽ താമസിക്കുകയുണ്ടായി. ഫാത്തിമയെ അലി(റ) യാണ് വിവാഹം കഴിച്ചത് ഹിജ്റ രണ്ടാം വർഷത്തിലായിരുന്നു. നബി (സ) വഫാത്തായതിന്ന് ശേഷം ആറു മാസം കഴിഞ്ഞപ്പോൾ ഫാത്തിമയും ദിവംഗതയായി. അവർക്ക് ഹസൻ ഹുസൈൻ എന്നീ രണ്ട് പുത്രന്മാരും ഉമ്മുകുൽസൂം സൈനബ് എന്നീ രണ്ട് പുത്രിമാരും ഉണ്ടായിരുന്നു.

കുടുംബാംഗങ്ങളോടെല്ലാം വളരെ ദയാപൂർവ്വമായിരുന്നു നബി (സ) പെരുമാറിയിരുന്നത്. അവിടുന്ന് ഒരിക്കലും തന്റെ പ്രഥമ പത്നി ഖദീജയെ വിസ്മരിച്ചിരുന്നില്ല. അവരായിരുന്നു തിരുമേനി (സ) ആദ്യമായി പ്രവാചകനായി വിശ്വസിച്ചത്. അവിടുന്ന് സ്നേഹനിധിയായ ഭർത്താവും സ്നേഹ ധനനായ പിതാവുമായിരുന്നു. എല്ലാറ്റിന്നുമുപരിയായി അവിടുന്ന് ദൈവത്തിന്റെ വിനീത ദാസനുമായിരുന്നു. അവിടുന്ന് സഹിച്ച എല്ലാ പ്രയാസങ്ങളും ദൈവത്തിനു വേണ്ടിയായിരുന്നു. ഗൃഹാംഗങ്ങളെല്ലാം തിരുമേനി (സ) യെ അങ്ങേയറ്റം വിശ്വസ്തതയോടെ പിന്തുടർന്നു. അവർ തങ്ങളുടെ ജീവിത സുഖങ്ങളെല്ലാം പരിത്യജിച്ചു. ഏറ്റവും പ്രയാസമേറിയ ജീവിതം അവിടത്തോടൊപ്പം അവർ സ്വയം തിരഞ്ഞെടുക്കുകയായിരുന്നു. ഈ ലോകത്തോട് വിടപറയുമ്പോൾ മുഴുവൻ അറേബ്യയും തിരുമേനി (സ) യുടെ കാൽകീഴിലായി. പക്ഷേ തന്റെ കുടുംബത്തിന്നായി സ്വത്തോ ഒരു തരി സ്വർണ്ണമോ പണമോ വിലയേറിയ എന്തെങ്കിലും സാധനങ്ങളോ തിരുമേനി(സ) സമ്പാദിച്ചിരുന്നില്ല. ലോകത്തിന്ന് വിശുദ്ധ ഖുർആനും തന്റെ പരിശുദ്ധ ജീവിതവും മാത്രമാണ് അവിടുന്ന് സമ്മാനിച്ചത്. മനുഷ്യ ജീവിതം ക്രമപ്പെടുത്തുവാൻ മാനവരാശിക്ക് ദൈവത്തിൽ നിന്നും ലഭിച്ച രണ്ട് മഹത്തായ സമ്മാനങ്ങളായിരുന്നു അവ. റസൂൽ തിരുമേനി(സ) മനുഷ്യന് സത്യം, വിശ്വസ്തത, സഹനം, ആത്മ നിയന്ത്രണം, അനുകമ്പ, നീതി, അയൽപക്കവുമായുള്ള നല്ല ബന്ധം, ശാന്തി, ദൈവത്തിലുള്ള വിശ്വാസം, കഠിനാദ്ധ്വാനം എന്നീ മൂല്യങ്ങൾ പഠിപ്പിക്കുകയുണ്ടായി. .അത്യുന്നതമായ ആത്മീയ പദവിയിലേക്ക് അദ്ദേഹം മനുഷ്യനെ കൈപിടിച്ചുയർത്തിയപ്പോഴും അവിടുന്ന് പറഞ്ഞത് **'ഞാൻ നിങ്ങളെപോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ് '**

കാട്ടുജന്തുക്കളെ പോലെ കലഹ പ്രിയരും മദ്യപന്മാരും കൊള്ളക്കാരും മർദ്ദകരുമായ ഒരു ജനതയായിരുന്നു അറബികൾ. ആ അറബ് ജനതയെ റസൂൽ തിരുമേനി (സ) പുണ്യാത്മാക്കളുടെയും ശുഹദാക്കന്മാരുടെയും സമൂഹമാക്കി. ദൈവഭയമുള്ളവരും വിധവകളെയും അനാഥകളേയും സംരക്ഷകരാക്കി മാറ്റി. അവരെ ദൈവത്തെ ആരാധിക്കുന്നവരും വ്രതമനുഷ്ഠിക്കുന്നവരുമാക്കി പരിവർത്തിപ്പിച്ചു.

മക്കയിലെ ഖുറൈശികളെ റസൂൽ തിരുമേനി (സ) ആദ്യമായി

**ശേഷം പേജ് 43 ൽ**

# മതരഹിതമായ ജർമ്മനിയിൽ ഇസ്‌ലാം അഹ്മദിയ്യത്തിന്റെ ജൈത്രയാത്ര

ജർമ്മനിയിൽ 100 മസ്ജിദുകൾ നിർമ്മിക്കുന്ന ഒരു സ്കീമിന്റെ ഭാഗമായി പണിത 5 വലിയ മസ്ജിദുകളുടെ ഉദ്ഘാടനം ഖലീഫത്തുൽ മസീഹ് നിർവ്വഹിച്ചിരിക്കുന്നു. ലോകത്തെ ഏറ്റവും കൂടുതൽ മതരഹിത രാജ്യമെന്ന് അറിയപ്പെടുന്ന ജർമ്മനിയിൽ ഇസ്‌ലാം അഹ്മദിയ്യത്തിന് കിട്ടുന്ന ഉജ്ജ്വലമായ വരവേൽപ്പ് യൂറോപ്പിൽ വരാനിരിക്കുന്ന ആത്മീയ വിപ്ലവത്തിന്റെ മുന്നോടിയായി കാണാം.

എം. എസ്

പ്രശസ്തനായ ജർമ്മൻ ഫിലോസഫർ ഫെഡറിക് നിത്ഷെ പ്രഖ്യാപിച്ചത് ദൈവം മരിച്ചിരിക്കുന്നു എന്നായിരുന്നു. 1882 ലെ ഒരു പ്രഭാഷണത്തിലാണ് അദ്ദേഹം ഈ വാചകം പറഞ്ഞത്. അന്ന് മുതൽ നീത്ഷെയുടെ ഈ പ്രഖ്യാപനം മനുഷ്യ ചിന്തകളെ സംസ്ക്കാരങ്ങളെയും പല വിധത്തിലും സ്വാധീനിച്ചു കൊണ്ടിരുന്നു. നീത്ഷെയുടെ ഈ അവകാശവാദം പ്രത്യേകിച്ച് അദ്ദേഹത്തിന്റെ ജന്മനാടായ ജർമ്മനിയിൽ ഗണ്യമായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കെ ഈ പ്രഖ്യാപനം മതവിശ്വാസത്തിന് സമൂഹത്തിലുള്ള പങ്കിനെ കുറിച്ച് പലവിധ വ്യാഖ്യാനങ്ങളിലേക്കും ചർച്ചകളിലേക്കും നയിച്ചു. 2012 ൽ ഗാർഡിയൻ പത്രം ഒരു ലേഖനത്തിൽ ജർമ്മനിയാണ് ഭൂമിയിലെ ഏറ്റവും കൂടുതൽ ദൈവരഹിത രാജ്യമെന്ന് കണ്ടെത്തുകയുണ്ടായി. ഈ കണ്ടെത്തൽ നീത്ഷെയുടെ നാസ്തിക വാദത്തെ സംബന്ധിച്ച ആശയങ്ങളുടെ ദീർഘകാല സ്വാധീനങ്ങളെ തുറന്നു കാട്ടുന്നതായിരുന്നു. സെക്കുലരിസം, സന്ദേഹവാദം, ഉദാരവാദം തുടങ്ങി നമുക്ക് ചിന്തിക്കാവുന്ന എല്ലാ ആശയങ്ങളും ദ്രുതഗതിയിൽ നാമ്പെടുക്കാൻ തുടങ്ങി. മതമാകട്ടെ കാലഹരണത്തിന്റെ വക്കത്ത് സങ്കടപ്പെട്ട് നിൽക്കുകയും ചെയ്തു.

മതരാഹിത്യത്തിന്റെ ഈ നാട്ടിൽ മറ്റേതൊരു കാലഘട്ടത്തേക്കാളും നിരവധി പള്ളികൾ നിർമിച്ചും ഇസ്‌ലാം അഹ്മദിയ്യത്ത് അതിശീഘ്രം മുന്നേറുന്നു എന്നത് എന്ത് മാത്രം വിപരീതോക്തിയാണ്? ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ ഈയ്യിടെയുണ്ടായ ജർമ്മൻ സന്ദർശനം അതിനുള്ള സാക്ഷ്യമാണ്. രണ്ടാഴ്ച്ചത്തെ ജർമ്മൻ പര്യടനവേളയിൽ ജർമ്മനിയിലെ വിവിധ നഗരങ്ങളിൽ 5 മഹത്തായ മസ്ജിദുകളാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഈ മസ്ജിദുകൾ നിർമ്മിക്കപ്പെട്ടത് ലോകത്തിലെ ഏറ്റവും ദൈവരഹിത രാജ്യത്താണ് എന്നത് ദിവ്യാത്ഭുതത്തിൽ കുറഞ്ഞ ഒന്നുമല്ല. ആ അഞ്ച് മസ്ജിദുകൾ ഇവയാണ്.

**1. മുബാറക്ക് മോസ്ക്, ഫ്ളോർസ്റ്റാഡ്.**

ആഗസ്ത് 28 നാണ് ജർമ്മൻ പട്ടണമായ ഫ്ളോർസ്റ്റാഡിൽ ഹുസൂർ തിരുമനസ്സ് മുബാറക്ക് മോസ്ക്ക് ഉദ്ഘാടനം ചെയ്തത്. ഈ പള്ളികൾ ജർമ്മനിയിൽ പണിയുന്ന 100 മസ്ജിദുകളുടെ സ്കീമിൽ ഉൾപ്പെട്ട പള്ളികളാണ്. 18 ഒക്ടോബർ 2015 ത്തെ ജർമ്മൻ സന്ദർശനത്തിലാണ് ഹുസൂർ തിരുമനസ്സ് മസ്ജിദ് മുബാറക്കിന് തറക്കല്ലിട്ടത്.

ഹുസൂർ തിരുമനസ്സ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അല്ലാഹുവിനോടുള്ള അഗാദമായ നന്ദി രേഖപ്പെടുത്തി. മസ്ജിദിനെ അധികരിച്ചുകൊണ്ടുള്ള ആ പ്രഭാഷണത്തിൽ മസ്ജിദ് ശാന്തിയുടെയും മതസ്വാതന്ത്ര്യത്തിന്റെയും പ്രതീകമാണ് എന്ന് ഹുസൂർ പ്രസ്താവിക്കുകയുണ്ടായി. തീവ്രവാദികളുടെ പ്രവർത്തന ഫലമായി പലപ്പോഴും പാശ്ചാത്യർ ഇസ്‌ലാം മതത്തെ



തെറ്റിദ്ധരിക്കുന്നു. എന്നാൽ വിശുദ്ധ ഖുർആനിലെ വചനങ്ങൾ ഓതിക്കൊണ്ട് ഇസ്‌ലാം സമാധാനത്തേയും സുരക്ഷയേയും വാഗ്ദാനം ചെയ്യുകയാണ് ചെയ്യുന്നതെന്ന് അദ്ദേഹം തിരുത്തുകയുണ്ടായി.

മസ്ജിദ് സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് അതിന്റെ പ്രാധാന്യം വെളിപ്പെടുത്തുകയുണ്ടായി. മസ്ജിദ് വാണിജ്യ പ്രാധാന്യമുള്ള ഒരു സ്ഥലത്താണ് പണിതത്. ലൗകികമായ വ്യവഹാരങ്ങൾക്ക് നടുവിൽ നിന്നും ദൈവത്തിലേക്കുള്ള വിളി നിർവ്വഹിക്കുന്ന രീതിയിലാണ് ഈ മസ്ജിദ് നിൽക്കുന്ന സ്ഥലമുള്ളത്. മനുഷ്യന്റെ ലൗകിക വ്യവഹാരങ്ങൾക്കിടയിൽ ഒരു ആത്മീയ സന്തുലനം പാലിക്കാൻ മസ്ജിദ് നിർവ്വഹിക്കുന്ന പങ്ക് ഹുസൂർ തിരുമനസ്സ് ഊന്നിപ്പറയുകയുണ്ടായി. സമകാലീന ലോകത്തിന്റെ അവസ്ഥകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഭൗതികമായ അതിപ്രസരം കാരണം ലോകം ഒരു നാശത്തിലേക്ക് പോയ്ക്കൊണ്ടിരിക്കുകയാണെന്ന് ഹുസൂർ തിരുമനസ്സ് താക്കീത് ചെയ്യുകയുണ്ടായി. ഒരു മസ്ജിദ് ദരിദ്രന്റെയും അനാഥകളുടെയും അവകാശങ്ങൾ നിർവ്വഹിക്കാനുള്ള പാഠങ്ങളാണ് നൽകുന്നത്. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള അവകാശങ്ങൾ നിറവേറ്റൽ മസ്ജിദുകളുടെ ദൗത്യമാണെന്ന് ഹുസൂർ തിരുമനസ്സ് ഓർമ്മിപ്പിച്ചു.

മസ്ജിദുകളുടെ നിർമ്മാണത്തിന്റെ ലക്ഷ്യങ്ങളെ പറ്റി പറഞ്ഞുകൊണ്ടാണ് ഹുസൂർ തിരുമനസ്സ് തന്റെ പ്രഭാഷണം ഉപസംഹരിച്ചത്. ഈ പ്രദേശത്ത് താമസിക്കുന്ന അഹ്മദികൾ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിൽ വ്യാപൃതരായിക്കൊണ്ട് ദൈവത്തിന്റെയും അവന്റെ സൃഷ്ടികളുടെയും അവകാശങ്ങൾ നിറവേറ്റുന്നവരായിരിക്കണം. ഈ ചടങ്ങിൽ അതിഥികളായി രണ്ട് മേയർമാരും പ്രൊവിൻഷ്യൽ അസംബ്ലിയിൽ നിന്നുള്ള ഒരു അംഗവും അടക്കം സമൂഹത്തിന്റെ വവിധ ഭാഗങ്ങളിൽ നിന്നും ആളുകൾ ഈ പരിപാടിയിൽ പങ്കെടുക്കുകയും സംസാരിക്കുകയും ചെയ്യുകയുണ്ടായി.

### 2. സാദിക്ക് മോസ്ക് കർബൻ

ആഗ്സ്ത് 30 ന് ഹുസൂർ തിരുമനസ്സ് കർബനിലെ സാദിക് മസ്ജിദ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ശിലാഫലകം അനാഛാദനം ചെയ്ത്, ളുഹർ, അസർ നമസ്ക്കാരങ്ങൾ ഒരുമിച്ച് നിർവ്വഹിച്ച് കൊണ്ടാണ് ഹുസൂർ തിരുമനസ്സ് ഉദ്ഘാടനം നിർവ്വഹിച്ചത്. 7 ജൂൺ 2014 നായിരുന്നു ഹുസൂർ തിരുമനസ്സ് മസ്ജിദിന്റെ തറക്കല്ലിട്ടത്. ഉദ്ഘാടനത്തിന് ശേഷം ഹുസൂർ ഒരു വൃക്ഷതൈ അവിടെ നടുകയും ചെയ്തു.

ഉദ്ഘാടന പ്രസംഗത്തിൽ ഹുസൂർ തിരുമനസ്സ് ദൈവത്തോട് മാത്രമല്ല അവിടുത്തെ പ്രാദേശിക ജനതയോടും മുനിസിപ്പൽ അഡ്മിനിസ്ട്രേഷനോടും നന്ദി പറയുകയുണ്ടായി. ഈ നന്ദി പ്രകടനം റസൂൽ തിരുമേനി(സ) പഠിപ്പിച്ച മതപരമായ ബാദ്ധ്യയാണെന്നും ഹുസൂർ തിരുമനസ്സ് പറഞ്ഞു. മസ്ജിദിനെതിരെ ഉണ്ടായ പ്രാദേശിക എതിർപ്പിനെ പരാമർശിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: തുടക്കത്തിൽ ഒരു മസ്ജിദിന് ഇത്തരത്തിലുള്ള എതിർപ്പുകളുണ്ടാവാം. അതിന് കാരണം ആഗോള തലത്തിൽ ഇസ്‌ലാം മതത്തിന് ചില മുസ്‌ലിംകൾ ഉണ്ടാക്കിയിട്ടുള്ള നിഷേധാത്മക പ്രതീതിയാണ് അപ്പോൾ സ്വാഭാവികമായും ഈ എതിർപ്പുകൾ ന്യായീകരിക്കപ്പെടാവുന്നതാണ്. തീർച്ചയായും അഹ്മദികളുടെ യഥാർത്ഥ ഇസ്‌ലാമിക പെരുമാറ്റം കാരണത്താൽ ആ എതിർപ്പ് പ്രകടിപ്പിച്ചവരെല്ലാം നമ്മുടെ സുഹൃത്തുക്കളായി മാറുന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുന്നതായിരിക്കും.

മതസ്വാതന്ത്ര്യത്തെ പരാമർശിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു, മതസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്നതിൽ ഞങ്ങൾ ഗവർമെന്റിനോട് നന്ദി പൂർവ്വം കടപ്പെട്ടവരാണ്. നിങ്ങളുടെ ഈ മതസ്വാതന്ത്ര്യ നയം കാരണം നിരവധി അഹ്മദികൾക്ക് ഇവിടെ യാതൊരു തടസ്സവും കൂടാതെ താമസിക്കാനും മതജീവിതം നയിക്കാനും സാദ്ധ്യമാകുന്നു. മതവിശ്വാസം കാരണം ലോകത്തിന്റെ നാന ഭാഗത്തു നിന്നും പീഡിപ്പിക്കപ്പെടുന്നവർക്ക് അഭയം നൽകുന്ന ജർമ്മൻ ഗവർമെന്റിന്റെ നയങ്ങളെ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

മറ്റുള്ളവരുടെ അവകാശങ്ങൾ നിറവേറ്റാനായി നാം കഠിനമായി പരിശ്രമിച്ചുകൊണ്ടിരിക്കണം. ഇത് എല്ലാ മുസ്‌ലികളുടെയും നിർബന്ധ ബാദ്ധ്യതയാണ്. സ്ത്രീകളുടെ അവകാശങ്ങളെ സംബന്ധിച്ച് ആരാധനാലയങ്ങളുടെ പരിശുദ്ധി



യെ സംബന്ധിച്ചും ഹുസൂർ പ്രത്യേകം പരാമർശിക്കുകയുണ്ടായി. ജനങ്ങൾക്ക് ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ എത്തിച്ചുകൊടുക്കുന്നതിൽ മസ്ജിദുകൾ പ്രധാന വേദിയാണ്. മനുഷ്യ വംശത്തിന്റെ സമാധാന പൂർണ്ണമായ സഹവർത്തിത്വം സാദ്ധ്യമാകാനും സ്രഷ്ടാവിനെ മനസ്സിലാക്കി അവന് വേണ്ടിയുള്ള ആരാധനകൾ വേണ്ടത് പോലെ നിർവ്വഹിക്കാനും ഹുസൂർ തിരുമനസ്സ് പ്രാർത്ഥിക്കുകയുണ്ടായി.

### 3. നാസർ മോസ്ക്, വയ്ബ്ലിംങ്ങ്ജൻ

5 സെപ്തംമ്പർ 2023 ൽ വയ്ബ്ലിംങ്ങ്ജൻ പട്ടണത്തിൽ നാസർ മോസ്ക് ഹുസൂർ തിരുമനസ്സ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഒരു ശിലാഫലകം അനാഛാദനം ചെയ്തുകൊണ്ട് എല്ലാവരും ഉൾപ്പെട്ട മൗനപ്രാർത്ഥനക്ക് ശേഷം ഔദ്യോഗികമായി അദ്ദേഹം ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു. അതിന് ശേഷം ളുഹർ അസർ നമസ്ക്കാരങ്ങൾ നിർവ്വഹിച്ചു. പിന്നിട് മസ്ജിദിന്റെ കെട്ടിടങ്ങളും പരിസരങ്ങളും ഹുസൂർ സന്ദർശിക്കുകയും പള്ളിക്ക് പുറത്ത് ഒരു വൃക്ഷത്തെ നടുകയും ചെയ്തു.

വയ്ബ്ലിംങ്ങ്ജൻ ടൗൺഹാളിൽ ഒരു പ്രത്യേക സ്വീകരണയോഗം സംഘടിപ്പിക്കുകയുണ്ടായി. അവിടെ രാഷ്ട്രീയ നേതാക്കന്മാർ പൗരപ്രധാനികൾ മസ്ജിദിന്റെ പരിസരത്തെ അയൽപക്കക്കാർ എന്നിവരെല്ലാം ചടങ്ങിൽ പങ്കെടുത്തു. ഹുസൂർ തിരുമനസ്സിന്റെ പ്രഭാഷണത്തിന് മുമ്പേ ജർമ്മൻ ജമാഅത്തിന്റെ അമീർ അബ്ദുല്ലാഹ് വാജിഷൗസർ സാഹിബ് മസ്ജിദിനെ പറ്റി ഒരു വിവരണം നൽകി ആമുഖ ഭാഷണം നടത്തി. അതിന് ശേഷം ബഹുമാന്യരായ വിശിഷ്ടാതിഥികൾ അഹ്മദികളെ പ്രശംസിച്ചുകൊണ്ട് ആശംസാ പ്രസംഗങ്ങൾ നടത്തി. .

ഹുസൂർ തിരുമനസ്സ് തന്റെ മുഖ്യ പ്രഭാഷണത്തിൽ, ഒരു മസ്ജിദിന്റെ നിർമ്മാണത്തിന്റെ ലക്ഷ്യം ചുറ്റും സമാധാന പൂർണ്ണമായ സമൂഹം സൃഷ്ടിക്കുകയാണെന്നതാണ്. മനുഷ്യന്റെ സമത്വമാണ് ഇസ്‌ലാം ഊന്നി പറയുന്നത്. വസ്തുതയെന്തെന്നാൽ നമ്മൾ പല വർഗ്ഗത്തിൽപെട്ട ആളുകളാണ്. യഥാക്രമം നാം പരസ്പരം തിരിച്ചറിയേണ്ടതുണ്ട്. നാമെല്ലാം സാരംശത്തിൽ ഒന്നാണ്. അതായത് ഒരു മനുഷ്യവംശമാണ്. ഒരിക്കൽ നമ്മുടെ ഈ മൂല്യം മനസ്സിലാക്കി കഴിഞ്ഞാൽ സമൂഹത്തിന്റെ എല്ലാ പ്രശ്നങ്ങളും ഇല്ലാതായി തീരും.

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ലോകത്തിന്റെ ഇന്നത്തെ അവസ്ഥയും നാം അഭിമുഖീകരിക്കുന്ന പ്രശ്നവും വിവരിക്കുകയുണ്ടായി. അതായത് മാനവ സമത, സമാധാന പൂർണ്ണമായ ഒരു സമൂഹം സൃഷ്ടിക്കുന്ന വിദ്യാഭ്യാസ മൂല്യങ്ങൾ, അയൽക്കാരനെ ശ്രദ്ധിക്കൽ മുതലായ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ ഹുസൂർ തിരുമനസ്സ് വിവരിച്ചു. ആളുകളെയെല്ലാം നിങ്ങൾ അയൽക്കാരെപ്പോലെ കണക്കാക്കിയാൽ അത് സമൂഹത്തിൽ ശാന്തിയും സമാധാനവും കൊണ്ടുവരും. അത് നിങ്ങളുടെ രാഷ്ട്രത്തെ പുരോഗതിയിലേക്ക് നയിക്കും. ഇത് വ്യക്തിഗതമായ തലത്തിൽ മാത്രമല്ല രാജ്യതലത്തിൽ തന്നെ പുരോഗതിയും വികസനവും ഉണ്ടാക്കും.

### 4. നൂർ മസ്ജിദ് ഫ്രങ്കെന്താൾ

9 സെപ്തംബർ 2023 ഫ്രങ്കെന്താൾ പട്ടണത്തിലാണ് നൂർ മസ്ജിദ് ഉദ്ഘാടനം നടന്നത്. എല്ലാവരുമടങ്ങിയ മൗന പ്രാർത്ഥനകൾക്ക് ശേഷം ഹുസൂർ തിരുമനസിന്റെ മുഖ്യ പ്രഭാഷണം നടക്കുകയുണ്ടായി. അമീർ ജർമ്മനിയെ പ്രതിനിധീകരിച്ച് ദാവൂദ് മോജക് സാഹിബ്, ഫ്രങ്കെന്താൾ പള്ളിനിർമ്മാണത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് വികാരനിർഭരമായ ചില കാര്യങ്ങൾ പങ്കുവെക്കുകയുണ്ടായി. ഈ പട്ടണത്തിലെ ആളുകൾ വളരെ അനുകമ്പയുള്ളവരായാണ് കാണപ്പെടുന്നത്. അനാവശ്യമായ ഒരു പ്രതിഷേധവും അവർ ഉയർത്തിയില്ല. ആരോഗ്യകാര്യ മന്ത്രാലയത്തിലെ സെക്രട്ടറിയും പാർലമെന്റ് മെംബർമാരുമടക്കം പലരും വേദിയിലുണ്ടായിരുന്നു. അവരെല്ലാം തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെച്ചു.

പള്ളി നിർമ്മാണത്തിന് വളരെ സഹായകരമായ നിലപാട് സ്വീകരിച്ച കൗൺസിലിനും മേയർക്കും നന്ദി പറഞ്ഞുകൊണ്ടാണ് ഹുസൂർ തിരുമനസ്സ് പ്രഭാഷണമാരംഭിച്ചത്. നന്ദി പ്രകടനം എന്നത് ഒരു മതപരമായ ബാദ്ധ്യത കൂടിയാണ്. ഒരാൾ മറ്റുള്ളവരോട് നന്ദിയുള്ളവനായിരിക്കുന്നില്ലയോ അയാൾ ദൈവത്തോടും നന്ദിയുള്ളവനല്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. വിശുദ്ധ ഖുർആനിലെ വചനങ്ങളും

റസൂൽ തിരുമേനി(സ) യുടെ ഉദീരണങ്ങളും ഉദ്ദരിച്ചുകൊണ്ട് അയൽപക്കക്കാരുടെ അവകാശങ്ങൾ ഹുസൂർ തിരുമനസ്സ് വിവരിക്കുകയുണ്ടായി.

ലോകത്തിന് സമാധാനവും സഹിഷ്ണുതയും ആവശ്യമുണ്ടെന്ന് ഹുസൂർ തിരുമനസ്സ് വിശദീകരിച്ചു. ലോകം വലിയൊരു യുദ്ധത്തിലേക്ക് നടന്നു നീങ്ങുകയും അനീതി വളരുകയും ചെയ്യുകയാണ്. ആസന്നമായ ദുരന്തം ഒഴിവാകണമെങ്കിൽ ആഗോള തലത്തിൽ തന്നെ നീതി നിർവ്വഹിക്കപ്പെടണം. നാമെല്ലാം തന്നെ വെറുപ്പിനും യുദ്ധത്തിനും പകരം സമാധാനത്തിനും സ്നേഹത്തിനും വേണ്ടിയത്നിക്കണം എന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു.

ഇന്ന് യുദ്ധം നടന്നു കൊണ്ടിരിക്കുകയാണ് അത് തുടരുകയാണെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങൾ ഭയാനകമായിരിക്കും. അതിന്റെ സാദ്ധ്യതകൾ വളരെ വ്യക്തമാണ്. അതിന്റെ ഫലം അമ്പരപ്പിക്കുന്നതായിരിക്കും. അതിലുപരിയായി യുദ്ധങ്ങളിലുപയോഗിക്കുന്ന ആയുധങ്ങൾ നമ്മുടെ ഭാവി തലമുറയെ മാരകമായി ബാധിക്കുന്നതുമായിരിക്കും. ജനിക്കുന്ന കുട്ടികൾ വളരെ വൈകല്യങ്ങളുമായിട്ടായിരിക്കും ജനിക്കുക. ദശലക്ഷക്കണക്കിന് ആളുകൾ ഭൂമുഖത്ത് നിന്ന് തുടച്ചു നീക്കപ്പെടും. ഈ പശ്ചാത്തലത്തിൽ നാം സമാധാനവും സ്നേഹവും സഹവർത്തിത്വവും എളിയ നിലയിലും വലിയ നിലയിലും സ്ഥാപിക്കാൻ പരിശ്രമിച്ചേ മതിയാവൂ. അതോടൊപ്പം ഗവർമെന്റിന്റെ ശ്രദ്ധ ഇക്കാര്യത്തിൽ കൊണ്ടുവരണം.

ഈ പ്രദേശങ്ങളിൽ വസിക്കുന്ന അഹ്മദികളോട് മറ്റെന്നേക്കാളുപരി അഹ്മദിയ്യാ ഇസ്‌ലാമിനെ കുറിച്ച് പ്രചാരണം നടത്താൻ അഭ്യർത്ഥിക്കുകയുണ്ടായി. നഗരങ്ങളിൽ മാത്രമല്ല രാജ്യം മുഴുക്കേ പ്രചാരണം നടത്തണം.




## 5. ബൈത്തുൽ കബീർ മോസ്ക് ഫുങ്ങ്സ്റ്റാർഡ്

11 സെപ്തംബറിർ ഹുസൂർ ബൈത്തുൽ കബീർ മോസ്ക് ഫുങ്ങ്സ്റ്റാർഡ് നഗരത്തിലെ മസ്ജിദ് ഹുസൂർ തിരുമനസ്സ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഫുങ്ങ്സ്റ്റാർഡിലെ അഹ്മദിയ്യാ സമൂഹത്തിന് 1999 മുതലുള്ള ഒരു ചരിത്രമുണ്ട്. ആദ്യ ദിനങ്ങളിൽ അഹ്മദികൾ പ്രാർത്ഥനക്കായി വാടക കെട്ടിടത്തിലായിരുന്നു സമ്മേളിച്ചിരുന്നത്. അങ്ങനെയാണ് അഹ്മദിയ്യാ സമൂഹത്തിന് ഒരു മുഴുവൻ സമയ മസ്ജിദ് വേണമെന്ന ഉത്ക്കടമായ ആഗ്രഹം സംജാതമായത്.

2013 ൽ ജർമ്മൻ നഗരമായ ഹെസ്സെയിലെ ഫുങ്ങ്സ്റ്റാർഡിൽ ഒരു മസ്ജിദ് നിർമ്മിക്കാനുള്ള ഔദ്യോഗിക അനുമതി അഹ്മദിയ്യ സമൂഹത്തിനു ലഭിക്കുകയുണ്ടായി. ഇത് ഈ നഗരത്തിലെ ജമാഅത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. 2016 ൽ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് തറക്കല്ലിട്ടപ്പോഴാണ് അഹ്മദിയ്യാ സമൂഹത്തിന്റെ സ്വപ്നത്തിന്റെ രൂപം തെളിഞ്ഞത്. നാല് വർഷങ്ങൾക്ക് ശേഷം 2020 ൽ മസ്ജിന്റെ നിർമ്മാണം പൂർത്തിയായി കബീർ മസ്ജിദ് എന്ന നാമത്തിലാണ് അത് അറിയപ്പെട്ടത്. മൊത്തം 1,125 മീറ്റർ വിസ്തീർണത്തിൽ ഒരു വാസ്തുകലാ വിസ്മയമായിരുന്നു കബീർ മോസ്ക്. 320 ആളുകൾക്ക് നമസ്ക്കരിക്കാൻ കഴിയുന്നത്ര വലുപ്പമുള്ളതായിരുന്നു മസ്ജിദിന്റെ അകത്തളം. മസ്ജിദിന്റെ അടയാളങ്ങളായ കുംഭയും മിനാരവുമുണ്ട്.

സമാധാനത്തെ പറ്റിയും ഐക്യത്തെ സംബന്ധിച്ചുമുള്ള മസ്ജിദിന്റെ ദർശനത്തിന് അനുയോജ്യമാം വിധം മസ്ജിദിന്റെ പ്രതീകാത്മക അടയാളം എന്ന നിലക്ക് മസ്ജിദ് നിലകൊള്ളുന്ന ആ തെരുവിന്റെ നാമം 'ഫ്രെയ്ഡെൻസ്ട്രസ്സീ' എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി. അതിന്നർത്ഥം 'പീസ് സ്ട്രീറ്റ്' എന്നാണ്.

അഹ്മദിയ്യാ ചരിത്രതിന് ഒരു നിർണ്ണായക മുഹൂർത്തം സമ്മാനിച്ചുകൊണ്ട് ഫുങ്ങ്സ്റ്റാർഡ് പട്ടണം 2023 സെപ്തംമ്പർ 11 മസ്ജിദിന്റെ ഔദ്യോഗിക ഉദ്ഘാടനത്തിനെത്തിയ ഹദ്റത്ത് ഖലീഫത്തുൽ മസീഹിനെ വരവേൽക്കുകയുണ്ടായി. ഹുസൂർ തിരുമനസ്സിന്റെ ഇത്തവണത്തെ ജർമ്മൻ യാത്ര മതരഹിതമായ ഒരു രാജ്യത്ത് ഇസ്‌ലാം അഹ്മദിയ്യത്ത് എണ്ണമറ്റ മനുഷ്യാത്മാക്കളുടെ ഹൃദയം കീഴടക്കിക്കൊണ്ട് പ്രചരിക്കുന്നതെങ്ങിനെ എന്നതിന്റെ മഹത്തായ ഒരു സാക്ഷ്യമായിരുന്നു. (കടപ്പാട്: അൽഫസൽ 15 സെപ്തംബർ 2023)

# സമാധാനത്തിലേക്കുള്ള സൗഹൃദ വീഥി

യാക്കോബായ സിറിയൻ സഭ, കോട്ടയം രൂപതയുടെ സമാദരണീയനായ ബിഷപ്പ്, ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ 'വേൾഡ് ക്രൈസിസ് ആന്റ് പാത്‌വേ ടു പീസ് 'എന്ന പുസ്തകത്തിന് ഇംഗ്ലീഷിലെഴുതിയ അവലോകനത്തിന്റെ പരിഭാഷ.

**തോമസ് മാർ തിമോതിയോസ്**

World Crisis and Pathway to Peace എന്ന ഈ പുസ്തകം ആഗോള അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ പ്രഭാഷണങ്ങളുടെയും കത്തുകളുടെയും ഒരു സമാഹാരമാണ്. ലോക രാജ്യങ്ങൾക്കും ജനതകൾക്കുമിടയിൽ സമാധാനവും സൗഹാർദവും സ്ഥാപിക്കാനുള്ള ആരായലുകൾ ഉള്ളടങ്ങിയ ഈ പുസ്തകം തികച്ചും ആകർഷണീയമാണ്. കരുനാഗപ്പള്ളി ദഅ്‌വത്തെ ഇലല്ലാഹ് സെക്രട്ടറി മി. പി. എ മുഹമ്മദ് ശരീഫ് എന്നെ സന്ദർശിക്കുകയും ഔദാര്യപൂർവ്വം ഈ പുസ്തകം എനിക്ക് സമ്മാനിക്കുകയുമുണ്ടായി.

ബ്രിട്ടീഷ് പാർലമെന്റിൽ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ചെയ്ത പ്രഭാഷണത്തിൽ ഹിംസയും യുദ്ധവും ഒഴിവാക്കി പകരം പരസ്പര വിശ്വാസത്തോടുകൂടിയ ശാന്തപൂർണ്ണമായ ഒരു ലോകക്രമം കെട്ടിപടുക്കാനുള്ള മനുഷ്യ വംശത്തിന്റെ ഉത്തവാദിത്വത്തെ അടിവരയിട്ട് പറയുന്നുണ്ട്. ഈ ലോകത്ത് സമാധാനം സുസ്ഥിരമാക്കാൻ നീതിയും സത്യസന്ധതയും അനുപേക്ഷണീയമാണെന്ന വസ്തുത ആ പ്രഭാഷണത്തിൽ അദ്ദേഹം ഊന്നി പറയുന്നു. വെറുപ്പും ശത്രുതയും എല്ലാവരും ഉപേക്ഷിക്കണം. ലോക മഹായുദ്ധം സംഭവിച്ചത് യുദ്ധ ജേതാക്കൾ പരാജിത രാജ്യങ്ങളുടെ മേൽ അനീതിയും അന്യായവുമായ ഉപാധികൾ അടിച്ചേൽപ്പിച്ചതുകൊണ്ടാണ് എന്ന വസ്തുത പ്രഭാഷണത്തിൽ അദ്ദേഹം ദൃഢമായി പറയുന്നു. എങ്കിലും ഓരോ രാജ്യത്തിനും ഓരോ രീതിയിലുള്ള അനുഗ്രഹങ്ങളും പ്രകൃതി വിഭവങ്ങളുമുണ്ട്. നിരവധി ദരിദ്ര രാജ്യങ്ങൾ കനത്ത കടഭാരം കൊണ്ട് അവശനിലയിലായിരിക്കുന്നു. സമകാലീന ലോകത്ത് നിലനിൽക്കുന്ന ലോകക്രമത്തിൽ സമാധാനവും സൗഹൃദവും സംജാതമാവാൻ നാനാ തലങ്ങളിലും യഥാവിധി പരിവർത്തനങ്ങൾ അനിവാര്യമാണ്. ഓരോരുത്തനും ജീവിക്കുന്ന സ്വദേശത്തെ ഓരോ ആളും സ്നേഹിക്കേണ്ടതുണ്ട്. അപ്രകാരം അപര രാജ്യവും പൗരനുമായും സൗഹൃദത്തിൽ വർത്തിക്കേണ്ടതും ഒഴിച്ചുകൂടാനാവാത്തതാണ്. ജർമ്മനിയിലെ മിലിറ്ററി ആസ്ഥാനത്ത് വെച്ചു



ശേഷം പേജ് 43 ൽ

ഭാഗം - 42

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### മസീഹ് മൗഊദിന്റെ വാഗ്ദാനവും ഒരു ശിലാസ്ഥാപന കർമവും

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ശിഷ്യരിൽ ഒരാളായ ഹദ്റത്ത് ശേഖ് റഹ്മത്തുല്ലാഹ് സാഹിബി (റ) ന്റെ ആഗ്രഹമനുസരിച്ചു ലഹോറിൽ ചെന്നു അദ്ദേഹത്തിന്റെ വീടിന്റെ ശിലാസ്ഥാപന കർമം നിർവഹിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അതിനു മുമ്പു തന്നെ വഫാത്തായതു കാരണം ശേഖ് സാഹിബിന്റെ ഉദ്ദേശ്യവും ആഗ്രഹവും പൂർത്തിയായില്ല. അതിനാൽ അദ്ദേഹം ഖാദിയാനിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അടുക്കൽ ചെന്നു പറഞ്ഞു ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്റെ വീടിന്റെ ശിലാസ്ഥാപന കർമം നിർവഹിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ അതു നടന്നില്ല. അതിനു മുമ്പു തന്നെ മസീഹ് മൗഊദ് (അ) വഫാത്തായി. ഇന്നു അങ്ങ് മസീഹ് മൗഊദിന്റെ ഒന്നാമത്തെ ഖലീഫയാണ്. അതിനാൽ മസീഹ് മൗഊദിന്റെ ആ വാഗ്ദാനം ഹുദൂർ പൂർത്തിയാക്കണമെന്നു ആഗ്രഹം പ്രകടിപ്പിച്ചു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ അനാരോഗ്യവും കലശലായ ക്ഷീണവും മൂലം ബുദ്ധിമുട്ടുന്ന സമയമായിരുന്നു അത്. എന്നിട്ടും ഹുദൂർ തന്റെ യജമാനനായ മസീഹ് മൗഊദ് (അ) ചെയ്ത വാഗ്ദാനം തന്നിലൂടെ പൂർത്തിയാകണമെന്ന ഉദ്ദേശ്യത്തിൽ ശേഖ് സാഹിബിന്റെ അപേക്ഷ സ്വീകരിക്കുകയും അതിനു വേണ്ടി 1912 ജൂൺ 15-ാം തിയ്യതി ലാഹോറിൽ പോകാൻ തീരുമാനിക്കുകയും ചെയ്തു. ഹുദൂറിന്റെ ആ യാത്രാ സംഘത്തിൽ ഹുദൂറിന്റെ ഭാര്യാമക്കൾക്കു പുറമെ ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്, ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ്, ഹദ്റത്ത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബ്, ഹദ്റത്ത് മൗലവി സദ്റുദ്ദീൻ സാഹിബ്, ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി, ഹദ്റത്ത് ഡോക്റ്റർ ഖലീഫാ റശീദുദ്ദീൻ സാഹിബ്, ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ്, ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് തുടങ്ങിയവരും ഉണ്ടായിരുന്നു.

ഹുദൂറും സംഘവും ഖാദിയാനിൽ നിന്നും അതിരാവിലെ ബട്ടാല എത്തി. ബട്ടാലയിൽ നിന്നും തീവണ്ടി മാർഗം പത്തു മണിയോടു കൂടി ലാഹോറിലെത്തി. ഹുദൂറിനെ സ്വീകരിക്കുന്നതിനായി റെയിൽവേ സ്റ്റേഷനിൽ ധാരാളം അഹ്മദി സഹോദരന്മാർ എത്തിയിട്ടുണ്ടായിരുന്നു. ഹുദൂർ ലാഹോർ സന്ദർശിക്കുന്ന വിവരം നമ്മുടെ പത്രങ്ങളിൽ രണ്ടാഴ്ച മുമ്പ് തന്നെ വിളംബരപ്പെടുത്തിയതിനാൽ ലാഹോറിന്റെ പുറത്തു നിന്നും ധാരാളം പേർ ലാഹോറിൽ എത്തിയിട്ടുണ്ടായിരുന്നു. അതിഥികളുടെ താമസത്തിനായി രത്തൻ ബാഗിലുള്ള അഹ്മദിയ്യാ ബിൽഡിംങ്ങിൽ തന്നെയാണു സൗകര്യപ്പെടുത്തിയിരുന്നത്. അവിടെ ജനാബ് ശേഖ് റഹ്മത്തുല്ലാഹ് സാഹിബ് ഭക്ഷണത്തിനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ടായിരുന്നു. ഹുസൂറിന്റെ താമസം ജനാബ് ഡോക്റ്റർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബിന്റെ വീട്ടിലായിരുന്നു. ഹുദൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും നേരെ പള്ളിയിലേക്കാണു പോയത്. അവിടെ ആദ്യം രണ്ടു റകഅത്ത് നമസ്ക്കരിച്ചു കൊണ്ട് ഹുദൂർ

ദീർഘമായി ദുആ ചെയ്തു.

അന്നു വൈകുന്നേരം ആറു മണിക്കായിരുന്നു ശിലാസ്ഥാപന കർമം നിശ്ചയിച്ചിരുന്നത്. അതിനായി എല്ലാവരും ജനാബ് ശേഖ് റഹ്മത്തുല്ലാഹ് സാഹിബിന്റെ വീടുണ്ടാക്കാനുള്ള ഭൂമിയിൽ ഒത്തുചേർന്നു. ശിലാസ്ഥാപന കർമം നിർവഹിക്കുന്നതിനു മുമ്പ് ഹുദൂർ ചെറിയൊരു പ്രസംഗം നടത്തുകയുണ്ടായി. ആരംഭത്തിൽ സൂറത്ത് തൗബയിലെ ഈ ഖുർആൻ ആയത്തു ഓതിക്കൊണ്ട് അതിന്റെ വളരെ ഗഹനമായ ഒരു വ്യാഖ്യാനം വിവരിക്കുകയുണ്ടായി.

أَفَمَنْ أَسَّسَ بُنْيَانَهُ عَلَى تَقْوَى مِنَ اللَّهِ وَرِضْوَانٍ خَيْرٌ أَمْ مَنْ أَسَّسَ بُنْيَانَهُ عَلَى شَفَا جُرُفٍ هَارٍ فَانْهَارَ بِهِ فِي نَارِ جَهَنَّمَ وَاللَّهُ لَا يَهْدِي الْقَوْمَ الظَّالِمِينَ

(അല്ലാഹുവിനെ കുറിച്ചുള്ള ഭയഭക്തിയിൻമേലും അവന്റെ തൃപ്തിയിന്മേലും തന്റെ കെട്ടിടത്തിന്റെ അടിത്തറ സ്ഥാപിച്ചവനോ അതല്ല ഇളകി വീഴാറായ മൺ തിട്ടയുടെ വക്കത്ത് ഒരുവൻ തന്റെകെട്ടിടത്തിന്റെ അസ്തിവാരം നിർമിച്ചു. എന്നിട്ട് അവനേയും കൊണ്ട് അത് നരഗാഗ്നിയിൽ ആപതിക്കുകയും ചെയ്തു. അങ്ങനെയുള്ളവനോ ഉത്തമൻ? അല്ലാഹു അധർമികളായ ആളുകളെ നേർവഴിയിലാക്കുകയില്ല. (ഖുർആൻ 9:109))

അതിനു ശേഷം ഹുദൂർ ഇങ്ങനെ പറഞ്ഞു. എന്റെ യജമാനനും ധർമധാതാവുമായ ഹദ്റത്ത് മസീഹ് മൗഊദ് (അ) ജനാബ് ശേഖ് റഹ്മത്തുല്ലാഹ് സാഹിബിനോടു അദ്ദേഹത്തിന്റെ കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമം നിർവഹിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. ആ പുണ്യാത്മാവ് ചെയ്ത വാഗ്ദാനം അദ്ദേഹത്തിന്റെ ഒരു സേവകൻ പൂർത്തിയാക്കണമെന്നായിരിക്കാം അല്ലാഹുവിന്റെ തീരുമാനം. ഞാൻ രോഗിയാണു കലശലായ ക്ഷീണവുമുണ്ട്. ശരീരാവയവങ്ങളിൽ പല ഭാഗത്തും വേദനയും അനുഭവപ്പെട്ടു കൊണ്ടിരിക്കുകയാണ്. എന്നിട്ടും ശേഖ് സാഹിബ് എന്നോട് ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ തന്നെ എന്റെ പ്രിയപ്പെട്ടവൻ ചെയ്ത വാഗ്ദാനം പൂർത്തിയാക്കാൻ എന്റെ മനസ്സിൽ എന്തെന്നില്ലാത്ത ആവേശം തിരതല്ലിക്കൊണ്ടിരുന്നു. ഇവിടെ ഇപ്പോൾ ഹദ്റത്ത് സാഹിബിന്റെ കുടുംബത്തിലെ അഞ്ചു പേർ സന്നിഹിതരായിട്ടുണ്ട്. അതായത് ഹുദൂർ തന്നേയും മസീഹ് മൗഊദിന്റെ മൂന്നു മക്കളെയും ജാമാതാവിനേയും ഉദ്ദേശിച്ചാണു അങ്ങനെ പറഞ്ഞത്.

പിന്നീട് ഹുദൂർ ഹദ്റത്ത് സാഹിബിന്റെ മൂന്നു മക്കളോടും നവാബ് സാഹിബിനോടും മുന്നോട്ടു വന്നു തന്റെ അരികിൽ നിൽക്കാൻ പറഞ്ഞു. എന്നിട്ടു നാലു കസേരകൾ കൊണ്ടു വരാൻ നിർദേശിച്ചു. ശേഷം നാലു പേരോടും അതിൽ ഇരിക്കാൻ പറഞ്ഞു. ഹുദൂർ നിന്നു കൊണ്ട് മറ്റു നാലുപേരൊടും ഇരിക്കാൻ പറഞ്ഞപ്പോൾ അവർ ഇരിക്കാൻ വളരെ മടിച്ചു. ഹുദൂർ പറഞ്ഞു മടിക്കേണ്ടതില്ല. ഇതൊക്കെ നിങ്ങൾക്കു പകരമായിട്ടാണു ഞാൻ ചെയ്യുന്നത്. എന്റെ യജമാനനായിട്ടുള്ള നിങ്ങളുടെ പിതാവിനു എന്റെ ഹൃദയത്തിലുള്ള സ്ഥാനം വളരെ വളരെ വലുതാണ്. അതുകൊണ്ട് നിങ്ങൾ ഇരുന്നോളൂ.

എന്നിട്ടു ഹുദൂർ പറഞ്ഞു വരാൻപോകുന്ന ഈ കെട്ടിടത്തിനു ചുറ്റും വേറെ കെട്ടിടങ്ങളുണ്ട്. ചിലതു പൂർത്തിയായിരിക്കുന്നു. മറ്റു ചിലതിന്റെ പണി പുരോഗമിക്കുകയാണ്. എന്നാൽ ഈ കെട്ടിടവുമായി നമുക്ക് ഒരു പ്രത്യേക ബന്ധമുണ്ട്. ആ ബന്ധം ഒരേസമയം സാമൂഹികവും വ്യക്തിപരവുമാണ്. ഹദ്റത്ത്സാഹിബ് ഇതിന്റെ ശിലാസ്ഥാപന കർമം നിർവഹിക്കാമെന്നു വാഗ്ദാനം ചെയ്യുകയും പിന്നീട് അദ്ദേഹത്തിന്റെ ഒരു സേവകൻ അതു പൂർത്തിയാക്കുകയും ചെയ്തു എന്നതാണു വ്യക്തിപരമെന്നു ഞാൻ പറഞ്ഞതിന്റെ അർഥം. ഹദ്റത്ത് ശേഖ് റഹ്മത്തുല്ലാഹ് സാഹിബ് തന്റെ ഈ സ്വത്തിന്റെ മൂന്നിൽ ഒരു ഭാഗം ജമാഅത്തിനു വസിയ്യത്ത് ചെയ്തിട്ടാണുള്ളത്. സാമൂഹിക ബന്ധമെന്നു പറഞ്ഞതിന്റെ വിവക്ഷ അതാണ്. അതിനാൽ ഇവിടെ താമസിക്കാൻ വരുന്നവർക്കായി അവരുടെ പര്യവസാനം ശോഭനമാകുന്നതിനും നേർമാർഗം പ്രാപിക്കുന്നവരായിത്തീരുന്നതിനും നന്മയിൽ ചരിക്കുന്നവരുമായിത്തീരാനും വേണ്ടി ആത്മാർഥമായി ദുആ ചെയ്യേണ്ടത് നമ്മൾ ഓരോരുത്തരുടേയും കടമയാണ്.

മുഴുവൻ സമുദായത്തിന്റേയും ഇതിൽ ഓഹരിയുണ്ടെന്നു ഞാൻ പറഞ്ഞു കഴിഞ്ഞു. അതിനാൽ ഇത് എല്ലാ തരത്തിലും അനുഗ്രഹീതമായിത്തീരാൻ നിങ്ങൾ അകമഴിഞ്ഞു ദുആ ചെയ്യുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ശേഖ് സാഹിബിനു നമ്മോടുള്ള സ്നേഹം പോലെ തന്നെ അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും നമ്മോടു സ്നേഹവും പ്രതിപത്തിയും ഉണ്ടാകട്ടെ എന്നു നാം ആശംസിക്കുന്നു. ഇനി ഞാൻ ദുആ ചെയ്തു കൊണ്ട് ഒരു ഇഷ്ടിക വെക്കുന്നതായിരിക്കും അതിനു ശേഷം മിർസാ മഹ്മൂദ് അഹ്മദ് സാഹിബും മിർസാ ബശീർ അഹ്മദ് സാഹിബും മിർസാ ശരീഫ് അഹ്മദ് സാഹിബും നവാബ് മുഹമ്മദ് അലി ഖാൻ സാഹിബും ദുആ ചെയ്തു കൊണ്ട് ഇഷ്ടിക വെക്കേണ്ടതാണു.

ഇത്രയും പറഞ്ഞു കൊണ്ട് ഹുദൂർ ഒരു ഇഷ്ടികയെടുത്തു ദുആ ചെയ്തു തറക്കല്ലു വച്ചു. അതിനു ശേഷം ഹുദൂർ നിർദേശിച്ച പ്രകാരം മറ്റുള്ളവരും ഇഷ്ടിക വെച്ചു പിന്നീട് ഹുദൂറിന്റെ നേതൃത്വത്തിൽ എല്ലാവരും ദുആ ചെയ്തു. അനന്തരം ഹുദൂർ ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനിയെ നോക്കിപറഞ്ഞു ശേഖ് റഹ്മത്തുല്ലാഹ് സാഹിബിനോടു പറയണം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ്

(അ) അദ്ദേഹത്തോടു ചെയ്ത വാഗ്ദാനം പൂർത്തിയായിരിക്കുന്നു. നമ്മൾ എന്തൊരു ഉദ്ദേശ്യത്തോടെയാണോ ഇവിടെ വന്നിരിക്കുന്നത് ആ കർത്തവ്യം നിർവഹിക്കപ്പെടുകയും ചെയ്തിരിക്കുന്നു. നമ്മൾ ഇപ്പോൾ സ്വതന്ത്രരാണ്. അതിനാൽ നാളെ രാവിലെയോ ഇന്നു രാത്രി തന്നെയോ വേണമെങ്കിൽ ഖാദിയാനിലേയ്ക്കു തിരിച്ചു പോകാം. ഹുദൂറിന്റെ അടുത്തു തന്നെ ഇതു കേട്ടു നിന്നിരുന്ന ശേഖ് റഹ്മത്തുല്ലാഹ് സാഹിബ് വളരെ വികാരഭരിതനായി നിറകണ്ണുകളോടെ ഇടറിയ സ്വരത്തിൽ പറഞ്ഞു. ഒരു ദാസനു തന്റെ യജമാനനെ സ്വതന്ത്രനാക്കാനുള്ള കഴിവും ധൈര്യവും എവിടെ നിന്നാണ് ലഭിക്കുക. അതൊരിക്കലും ഉണ്ടാവുകയില്ലല്ലോ. ഹുദൂറും സംഘവും പിറ്റേ ദിവസം രാവിലെ തന്നെ ഖാദിയാനിലേയ്ക്കു തിരിച്ചുപോകാനുള്ള ഒരുക്കത്തിലായിരുന്നു. കാരണം ഹുദൂറിനു ഖാദിയാനിൽ നിന്നു വിട്ടു നിൽക്കുന്നത് തീരെ ഇഷ്ടമില്ലാത്ത കാര്യമായിരുന്നു. പക്ഷേ, ലാഹോർ ജമാഅത്തിലുള്ളവർ എല്ലാവരും ഹുദൂറിനോടു ഒന്നു രണ്ടു ദിവസമെങ്കിലും ലാഹോറിൽ തങ്ങാനും ഹുദൂറിന്റെ ഒരു പ്രസംഗ പരിപാടി വയ്ക്കാനും അപേക്ഷിച്ചതനുസരിച്ചു ഹുദൂർ അവരുടെ ആഗ്രഹം സ്വീകരിക്കുകയുണ്ടായി.

### ലാഹോർ അഹ്മദിയാ ബിൽഡിങ്ങിൽ യോഗം

പിറ്റേ ദിവസം മുതൽ ജൂൺ 16, 17 തിയ്യതികളിൽ ജമാഅത്തിന്റെ കെട്ടിടത്തിൽ തന്നെ ഹുദൂറിന്റെ അനുവാദത്തോടെ ഒരു യോഗം സംഘടിപ്പിക്കുകയുണ്ടായി. രാവിലെ ഒമ്പതു മണിയോടു കൂടി യോഗ നടപടികൾ ആരംഭിച്ചു. ആദ്യ പ്രസംഗം ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റേതായിയുന്നു. അദ്ദേഹം ഈ ആയത്തു സംബന്ധമായിട്ടായിരുന്നു പ്രസംഗിച്ചത്.

وَاعْتَصِمُوا بِحَبْلِ اللّٰهِ جَمِيعًا وَلَا تَفَرَّقُوا وَاذْكُرُوا نِعْمَةَ اللّٰهِ عَلَيْكُمْ إِذْ كُنتُمْ أَعْدَاءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِ إِخْوَانًا وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ النَّارِ فَأَنقَذَكُم مِّنْهَا كَذَٰلِكَ يُبَيِّنُ اللّٰهُ لَكُمْ آيَاتِهِ لَعَلَّكُمْ تَهْتَدُونَ

(നിങ്ങളെല്ലാവരും ഒത്തു ചേർന്നു അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്കു ചെയ്തു തന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായി തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ടു അതിൽ നിന്നു അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കൽപനകൾ നിങ്ങൾക്കു വിവരിച്ചു തരുന്നു. നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനു വേണ്ടി. (ഖുർആൻ 3:104)

സാഹിബ് സാദാ സാഹിബിന്റെ പ്രസംഗം പൂർത്തിയാകുമ്പോഴേക്കും ഹുദൂർ വേദിയിലെത്തി പ്രസംഗമാരഭിച്ചു. ഹുദൂറിന്റെ പ്രസംഗവും മുകളിൽ പറഞ്ഞ ആയത്തിനെ അടിസ്ഥാനമാക്കിയുള്ളതായിരുന്നുവെങ്കിലും ആശയം തികച്ചും വേറിട്ടു നിൽക്കുന്നതും പുതുമയുണർത്തുന്നതുമായിരുന്നു. ഹുദൂർ തന്റെ ഗാംഭീര്യം നിറഞ്ഞ ആ പ്രസംഗത്തിൽ ഖിലാഫത്തു നിഷേധികളും വിരോധികളുമായിട്ടുള്ളവരുടെ കേന്ദ്രമായ ലാഹോറിൽ ഖിലാഫത്തിന്റെ പ്രാധാന്യത്തേയും അനുഗ്രഹങ്ങളെ സംബന്ധിച്ചും ഇക്കൂട്ടർ എപ്പോഴും ഉന്നയിച്ചു കൊണ്ടിരിക്കുന്ന ഓരോരോ ആക്ഷേപങ്ങൾക്കും പരിഹാസങ്ങൾക്കും വളരെ വിശദമായി തെളിവുകൾ സഹിതം വായയടപ്പൻ മറുപടി നൽകുകയുണ്ടായി.

ഹുദൂർ പറയുകയാണു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് റസൂൽ കരീമി (സ) നു ശേഷം നമ്മുടെ രാജാവായ ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേന നിങ്ങളേയും ഒരു കൈയിൽ ഒരുമിപ്പിച്ചു. അദ്ദേഹത്തിന്റെ വഫാത്തിനു ശേഷം നിങ്ങൾ ഭിന്നിച്ചും വിഘടിച്ചും നിൽക്കുന്നതിൽ നിന്നും രക്ഷിച്ചു കൊണ്ട് അവൻ അല്ലാഹു നിങ്ങളെ എന്റെ കൈയിൽ വീണ്ടും ഒരുമിച്ചു കൂട്ടി. ഇതു മഹത്തായ അനുഗ്രഹമാണെന്നു മനസ്സിലാക്കി വില വയ്ക്കുവിൻ. തരം താണ വാഗ്വാദങ്ങളിൽ നിന്നും വിട്ടു നിൽക്കുവിൻ. ഇന്നും ചിലരുടെ അടക്കം പറച്ചിൽ ഞാൻ കേട്ടു. ഖിലാഫത്തിൽ വലിയ അഭിപ്രായ വ്യത്യാസമുണ്ടത്രെ. ഖിലാഫത്തിന്റെ അവകാശം വേറെ ചിലർക്കാണെങ്കിലും ലഭിച്ചത് മറ്റു ചിലർക്കാണു പോലും.

ഇത്തരത്തിലുള്ള ചർച്ചകളിലൂടെ ധാർമികമോ ആത്മീയമോ ആയ എന്തു നേട്ടമാണു നിങ്ങൾക്കു ലഭിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. അല്ലാഹു ഉദ്ദേശിച്ചവരെ അവൻ ഖലീഫയാക്കിക്കഴിഞ്ഞു എന്നിട്ടു നിങ്ങളുടെ കഴുത്തവൻ അയാൾക്കു മുന്നിൽ കുനിക്കുകയും ചെയ്തു. അല്ലാഹുവിന്റെ ഈ കൃത്യത്തിനു ശേഷവും ആക്ഷേപം ഉന്നയിക്കുന്നത് അങ്ങേയറ്റത്തെ മൂഢത്തരമാണു. ഖലീഫയെ നിയമിക്കുക എന്നതു മനുഷ്യരുടെ ജോലിയല്ലെന്നും അതു അല്ലാഹുവിന്റെ പ്രവർത്തിയാണെന്നും ഞാൻ നിങ്ങളോടു എത്രയോ തവണ പറയുകയും ഖുർആനിൽ നിന്നും കാണിച്ചു തരികയും ചെയ്തിട്ടുണ്ട്. إِنِّي جَاعِلٌ فِي الْأَرْضِ خَلِيفَةً എന്നു പറഞ്ഞു കൊണ്ട് ആദമിനെ ഖലീഫയാക്കിയപ്പോൾ മലക്കുകൾ പറഞ്ഞു അല്ലാഹുവേ അവർ ഭൂമിയിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുകയും രക്തച്ചൊരിച്ചിൽ ഉണ്ടാക്കുകയും ചെയ്യും. ആ ആക്ഷേപങ്ങൾ കൊണ്ട് മലക്കുകൾക്കു എന്തു നേട്ടമാണു കിട്ടിയത്. ഖുർആൻ

ഖാൻ സാഹിബിന്റേതും മൂന്നാമതായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഭാര്യാ പിതാവ് ഹദ്റത്ത് നാസിർ നവാബ് സാഹിബിന്റേതും അവസാനമായി ഉമ്മുൽ മുഅ്മിനീന്റേതുമാണു. യഥാർഥത്തിൽ ഖിലാഫത്തിന്റെ അവകാശികളെന്നു ഇവരെ കുറിച്ചു മാത്രമേ പറയുവാൻ സാധിക്കുകയുള്ളു.

ഇവരെല്ലാം തന്നെ എന്നെ അങ്ങേയറ്റം അനുസരിക്കുന്നവരും എന്നോടു ആത്മാർഥ സ്നേഹവും കീഴ്‌വണക്കം കാണിക്കുന്നവരുമാണ്. അതിൽ ഏറ്റവും മുൻപന്തിയിൽ എന്റെ പ്രിയപ്പെട്ട മഹ്മൂദും ബശീറും ശരീഫും നാസിർ നവാബ് സാഹിബും നവാബ് മുഹമ്മദ് അലി ഖാൻ സാഹിബുമാണ്. അവർ കാണിക്കുന്നതു പോലുള്ള അനുസരണവും വിധേയത്വവും നിങ്ങളിൽ ഒരാളിലും ഞാൻ കാണുന്നില്ല. എന്നിട്ടും അതവരുടെ അവകാശമായിരുന്നുവെന്നും അതു മറ്റാരോ തട്ടിക്കൊണ്ടു പോയിയെന്നുമാണു ഖിലാഫത്തിനെ കുറിച്ചു പറയുന്നത്. ഞാൻ പറയട്ടെ, ഹദ്റത്ത് അലിയും ഫാത്തിമയും അബ്ബാസും അബൂബക്കറിന്റെ കൈയിൽ ബൈഅത്തു ചെയ്തതു പോലെ കൊണ്ട് പറയട്ടെ, എന്നെയും അല്ലാഹു തന്നേയാണു ഖലീഫയാക്കിയത്. ആദമിനേയും ദാവൂദിനേയും അബൂബക്കറിനേയും ഉമറിനേയും (رضی اللہ عنہما) (ഖലീഫമാരാക്കിയതു പോലെ)

അഞ്ചുമനാണു ഖലീഫയാക്കിയതെന്നു പറയുന്നത് കള്ളത്തരമാണു. ഇത്തരം ചിന്താഗതികൾ നാശത്തിലേക്കു മാത്രമേ നയിക്കുകയുള്ളു. നിങ്ങൾ അത്തരം ചിന്താഗതികളിൽ നിന്നും വിട്ടു നിൽക്കുവിൻ. എന്നെ ഒരഞ്ചുമനുമല്ല ഖലീഫയാക്കിയത്. അവർക്കതിനുള്ള കഴിവില്ലെന്നു മാത്രമല്ല അത്തരത്തിലുള്ള ഖിലാഫത്തിനു ഞാനൊരു വിലയും കൽപിക്കുന്നുമില്ല. അതു പോലെ തന്നെ ഖിലാഫത്തെന്ന ഈ മേലങ്കി എന്നിൽ നിന്നു അഴിച്ചു മാറ്റാനുള്ള കഴിവും ആർക്കുമില്ല. ഖിലാഫത്തിനുള്ള അവകാശം ആർക്കാണെന്ന ചോദ്യമിടെ ഉയരുന്നുണ്ട്. ഒന്നാമത്തെ അവകാശം എന്റെ ഏറ്റവും പ്രിയപ്പെട്ട മഹ്മൂദിന്റേതാണ്. അവൻ എന്റെ എല്ലാമെല്ലാമായ പ്രിയപ്പെട്ട യജമാനന്റെ മകനാണ്. പിന്നെ ജാമാതാവെന്ന നിലയിൽ നവാബ് മുഹമ്മദ് അലി വായിച്ചു നോക്കിക്കോളൂ. അവസാനം മലക്കുകൾക്കു ആദമിനു സുജൂദ് ചെയ്യേണ്ടി വന്നു. എന്നെ എതിർക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നവർ മലക്കുകൾ ആയാൽ പോലും ഞാനവരോടു പറയും ആദമിന്റെ ഖിലാഫത്തിനെ അനുസരിച്ചോളൂ അതായിരിക്കും ഉത്തമം. അല്ലാതെ أَبَىٰ وَاسْتَكْبَرَ വിസമ്മതിക്കുകയും അഹങ്കരിക്കുകയും ചെയ്തു കൊണ്ട് ഇബ്‌ലീസാകാനാണു ഉദ്ദേശ്യമെങ്കിൽ കേട്ടു കൊള്ളുക ആദമിനെ എതിർത്തതിലൂടെ ഇബ്‌ലീസ് ഒന്നും നേടിയില്ല. ആക്ഷേപം ഉന്നയിക്കുന്നത് മലക്കുകളാണെങ്കിൽ പോലും അവസാനം അവർ ആദമിനു സുജൂദ് ചെയ്യുന്നവരായിത്തീരും. നിങ്ങൾ ഇബ്‌ലീസാണെങ്കിൽ ഖിലാഫത്തിന്റെ മഹനീയ സദസ്സിൽ നിന്നും പുറത്തു പോവുകയും ചെയ്യും.

മറ്റൊരു ഖലീഫ ദാവൂദായിരുന്നു.

يَا دَاوُودُ إِنَّا جَعَلْنَاكَ خَلِيفَةً فِي الْأَرْضِ

(യാ ദാവൂദ് നിന്നെ നാം ഭൂമിയിൽ ഖലീഫയാക്കിയിരിക്കുന്നു. ഖുർആൻ 38:27) ദാവൂദിനേയും അല്ലാഹു തന്നേയാണു ഖലീഫയാക്കിയത്. അദ്ദേഹത്തിന്നെതിരിൽ ശത്രുക്കൾ അതിശക്തമായ പ്രക്ഷോഭം നടത്തുകയുണ്ടായി. അവർ അദ്ദേഹത്തിന്റെ കോട്ട ആക്രമിച്ചു കീഴടക്കാൻ ശ്രമിച്ചു. പക്ഷേ, അല്ലാഹുവിനാൽ നിയമിതനായ ഖലീഫക്കെതിരിൽ അവരെന്തു ചെയ്യാനാണ്.

പിന്നീട് അല്ലാഹു ഹദ്റത്ത് അബൂബക്കറിനേയും ഹദ്റത്ത് ഉമറിനേയും (رضی اللہ عنہما) ഖലീഫമാരാക്കി. ശിയാക്കളിലെ റാഫിദികൾ ഇന്നും ഖിലാഫത്തിനെ ചൊല്ലി അലമുറയിട്ടു കൊണ്ടിരിക്കുകയാണ്. എന്നാൽ കോടിക്കണക്കിനു ജനങ്ങൾ ഹദ്റത്ത് അബൂബക്കറിന്റേയും ഹദ്റത്ത് ഉമറിന്റേയും (رضی اللہ عنہما) മേൽ സ്വലാത്തു ചൊല്ലുന്നത് നിങ്ങൾ കാണുന്നില്ലേ? ഞാൻ അല്ലാഹുവിൽ ആണയിട്ടു

അല്ലയോ ജനങ്ങളേ, ഞാനൊരിക്കലും ഖലീഫയാകാനുള്ള ആഗ്രഹവും മനസ്സിലേറ്റി നടക്കുന്ന വനായിരുന്നില്ല. ഹദ്റത്ത് സാഹിബിന്റെ ശിഷ്യനല്ലാത്ത സമയത്തും എന്റെ വേഷം ഇതു തന്നേയായിരുന്നു. വാഗ്ദത്ത മസീഹിന്റെ മരണ ശേഷം സംഭവിച്ചതെല്ലാം അല്ലാഹു അവൻ നേരിട്ടു ചെയ്തതായിരുന്നു. അതായിരുന്നു അല്ലാഹുവിന്റെ അഭീഷ്ടവും തീരുമാനവും. എന്നിട്ടവൻ എന്നെ നിങ്ങളുടെ ഖലീഫയും ഇമാമുമാക്കി. പിന്നീട് നിങ്ങൾ അവകാശികളെന്നു പറയുന്നവരേയും എന്റെ മുന്നിൽ കുമ്പിട്ടു നിർത്തി. ഇനിയിപ്പോൾ ആക്ഷേപമുന്നയിക്കാൻ നിങ്ങൾക്കെന്തധികാരം? ആക്ഷേപമുന്നയിക്കണമെന്നുണ്ടെങ്കിൽ അല്ലാഹുവിന്റെ മേൽ ഉന്നയിച്ചോളൂ. എന്നിട്ട് ആധിക്കാരത്തിന്റേയും അനാദരവിന്റേയും ശിക്ഷ സ്വയം ഏറ്റെടുത്തോളൂ.

തന്നേയാണു ഹദ്റത്ത് മസീഹ് മൗഊദിന്റെ കുടുംബത്തിലുള്ളവർ എന്റെ കൈയിൽ ബൈഅത്തു ചെയ്തതു. ഇവരെല്ലാം തന്നെ അനുസരണത്തിലും വിധേയത്വത്തിലും എന്നിൽ അലിഞ്ഞു ചേരാൻ വെമ്പൽ കൊള്ളുന്നവരാണ്.

അല്ലയോ ജനങ്ങളേ, ഞാനൊരിക്കലും ഖലീഫയാകാനുള്ള ആഗ്രഹവും മനസ്സിലേറ്റി നടക്കുന്നവനായിരുന്നില്ല. ഹദ്റത്ത് സാഹിബിന്റെ ശിഷ്യനല്ലാത്ത സമയത്തും എന്റെ വേഷം ഇതു തന്നേയായിരുന്നു. വാഗ്ദത്ത മസീഹിന്റെ മരണ ശേഷം സംഭവിച്ചതെല്ലാം അല്ലാഹു അവൻ നേരിട്ടു ചെയ്തതായിരുന്നു. അതായിരുന്നു അല്ലാഹുവിന്റെ അഭീഷ്ടവും തീരുമാനവും. എന്നിട്ടവൻ എന്നെ നിങ്ങളുടെ ഖലീഫയും ഇമാമുമാക്കി. പിന്നീട് നിങ്ങൾ അവകാശികളെന്നു പറയുന്നവരേയും എന്റെ മുന്നിൽ കുമ്പിട്ടു നിർത്തി. ഇനിയിപ്പോൾ ആക്ഷേപമുന്നയിക്കാൻ നിങ്ങൾക്കെന്തധികാരം? ആക്ഷേപമുന്നയിക്കണമെന്നുണ്ടെങ്കിൽ അല്ലാഹുവിന്റെ മേൽ ഉന്നയിച്ചോളൂ. എന്നിട്ട് ആ ധിക്കാരത്തിന്റേയും അനാദരവിന്റേയും ശിക്ഷ സ്വയം ഏറ്റെടുത്തോളൂ. നിങ്ങൾ എന്റെ മേൽ പല തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കാറുണ്ട്. ഭേരാ നിവാസിയെങ്ങനെയാണു ഖലീഫയായത്? ഖലീഫയ്ക്കു എന്താണു ജോലി? കുട്ടികളെ പഠിപ്പിക്കലല്ലാതെ മറ്റെന്ത് ജോലിയാണു ചെയ്യുന്നത്? പുസ്തക വായന മാത്രമാണു ഇയാളുടെ ജോലിയെന്നുചിലർ പറയുന്നു. ഇത്തരത്തിൽ നൂറുക്കണക്കിനു കുറ്റങ്ങളും കുറവുകളുമാണു നിങ്ങൾ എന്നിൽ കാണുന്നത്. എന്നാൽ ഈ എല്ലാ ആരോപണങ്ങളും എന്നെ ഖലീഫയാക്കിയ അല്ലാഹുവിന്റെ മേലാണു പതിക്കുന്നതെന്നു നന്നായി മനസ്സിലാക്കിക്കൊള്ളുവിൻ. ഖിലാഫത്ത് പല വ്യഞ്ജന കടയിലെ സോഡാവാട്ടർ പോലെ എളുപ്പത്തിൽ കരസ്ഥമാക്കാൻ കഴിയുന്ന ഒരു വസ്തുവല്ലെന്നും നിങ്ങളെ ഇനി ആരും ഖലീഫയാക്കാൻ പോകുന്നില്ലെന്നും നന്നായി മനസ്സിലാക്കിക്കൊള്ളുവിൻ. മാത്രവുമല്ല ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം ഇനി മറ്റൊരാൾ ഖലീഫയാവുകയുമില്ല. ഞാൻ മരിച്ചാൽ അല്ലാഹു ഇഛിക്കുന്ന മറ്റൊരാളെ ഖലീഫയായി എഴുന്നേൽപിക്കും. ഓർത്തുകൊള്ളുവിൻ എന്നെ സ്ഥാനഭ്രഷ്ടനാക്കാനുള്ള കഴിവ് നിങ്ങൾക്കില്ല. അതിനു ശ്രമിച്ചാൽ മുർത്തദ്ദുകളെ ശിക്ഷിക്കാൻ കഴിവുള്ള ഖാലിദ് ബിൻ വലീദുമാർ എന്റെ പക്കലുണ്ടെന്നു മനസ്സിലാക്കിക്കൊള്ളുവിൻ.

ഞാനാർക്കും കപട സ്തുതി പാടുന്നവനല്ല. എനിക്കു നിങ്ങളുടെ സഹായമോ കാരുണ്യകടാക്ഷമോ ആവശ്യമില്ല. ഞാൻ നിങ്ങളുടെ സലാം പോലും പ്രതീക്ഷിക്കുന്നില്ല. അത്തരത്തിൽ നിങ്ങളിൽ നിന്നു വല്ലതും ആഗ്രഹിക്കുന്നതിൽ നിന്നും ഞാൻ അല്ലാഹുവിൽ അഭയം പ്രാപിക്കുന്നു. അല്ലാഹു എനിക്കു എത്രയോ ഒളിഞ്ഞിരിക്കുന്ന ഖജനാവുകൾ നൽകിയിട്ടുണ്ട്. ഒരാൾക്കും അതിനെ കുറിച്ചു യാതൊരു അറിവുമില്ല. എന്റെ ഭാര്യാ മക്കളും നിങ്ങളുടെ ആശ്രിതരല്ല. അല്ലാഹു തന്നേയാണ് രക്ഷയും ജാമ്യവും പ്രദാനം ചെയ്യുന്നത്. നിങ്ങൾ മറ്റുള്ളവർക്കെന്തു രക്ഷയും ജാമ്യവും നൽകാനാണ്. وَاللّٰهُ الْغَنِيُّ وَأَنْتُمُ الْفُقَرَاءُ (അല്ലാഹു സ്വാശ്രയനും നിങ്ങൾ പരാശ്രയരുമാണ്. ഖുർആൻ 47: 39)

ഇവിടെ ഉള്ളവർ നന്നായി കേട്ടു കൊള്ളുവിൻ ഇല്ലാത്തവർക്കു പറഞ്ഞു കൊടുക്കുകയും ചെയ്യട്ടെ. അർഹരായവർക്കും അവകാശപ്പെട്ടവർക്കും ഖിലാഫത്തു ലഭിച്ചില്ലെന്ന ആക്ഷേപം റാഫിദികളുടേതാണെന്നു ഞാൻ പറഞ്ഞുവല്ലോ. ഇത്തരം ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിൽ നിന്നും തൗബ ചെയ്തു കൊള്ളുവിൻ. അർഹരായവരെ അല്ലാഹുതന്നെ ഖലീഫയായി നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു അതിനെ എതിർക്കുന്നവർ വ്യാജരും നേർമാർഗത്തിൽ നിന്നും വ്യതിചലിച്ചവരുമാണ്.

ജൂൺ 17ാം തിയ്യതിയിലെ യോഗത്തിൽ രാവിലെയും ഹുദൂർ പ്രസംഗിച്ചിരുന്നു. മറ്റു മതങ്ങൾക്കില്ലാത്ത ഇസ്‌ലാമിന്റെ ശ്രേഷ്ടതയെ കുറിച്ചായിരുന്നു അന്നു സംസാരിച്ചിരുന്നത്. ലാഹോർ താമസത്തിന്നിടയിൽ 'സമീന്ദാർ' പത്രത്തിന്റെ എഡിറ്റർ മൗലവി സഫർ അലി ഖാൻ സാഹിബ് ഹുദൂറിനെ കാണാൻ വന്നിരുന്നു. സംസാരമദ്ധ്യേ അദ്ദേഹം പറഞ്ഞു നിങ്ങൾ മിർസാ സാഹിബിനെ നബിയെന്നു പറയാതിരിക്കുകയാണെങ്കിൽ സാധാരണ മുസ്‌ലിംകളുമായുള്ള അനുരഞ്ജനം എളുപ്പമായിരിക്കും. ഹുദൂർ പറഞ്ഞു മിർസാ സാഹിബ് നുബുവ്വത്ത് വാദം നടത്തിയില്ലായിരുന്നുവെങ്കിൽ ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയുടെ വാക്കുകൾ സത്യമല്ലാതായിപ്പോകുമായിരുന്നു. അതിനു കാരണം ആഗതനാകുന്ന മസീഹിനെ ഹദീസിൽ നബിയെന്നാണു വിളിച്ചിരിക്കുന്നത്. അതു കേട്ടു സഫർ അലി ഖാൻ സാഹിബ് ഒന്നും പറഞ്ഞില്ല. ജൂൺ 17-ാം തിയ്യതി വൈകുന്നേരം ഹുദൂറും സംഘവും ലാഹോറിൽ നിന്നും അമൃതസറിൽ തിരിച്ചെത്തി. അവിടെ നിന്നു രാത്രി 12 മണിക്കാണു ബട്ടാലയെത്തിയത്. അവിടെ ഒരു ദിവസം താമസിച്ച ശേഷം 19-ാം തിയ്യതി രാവിലെ ഹുദൂറും സംഘവും സസുഖം ഖാദിയാനിൽ തിരിച്ചെത്തി.

## സദഖയുടെ അനുഗ്രഹം

ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ സ്വഹാബിയായിരുന്ന ഹദ്റത്ത് മാസ്റ്റർ അബ്ദുർ റഹ്മാൻ സാഹിബ് (മുൻ മെഹർ സിംങ്ങ് സാഹിബ്) (റ) നിവേദനം ചെയ്യുകയാണു ആദ്യകാലങ്ങളിൽ ഖാദിയാനിൽ ആശുപത്രിയോ ക്ലിനിക്കു

കളോ സേവിങ്ങ്സ് ബേങ്കുകളോ പോസ്റ്റോഫീസോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അതിനാൽ അഹ്മദികളും അല്ലാത്തവരുമായ ധാരാളം പേർ ഹദ്റത്ത് മൗലവി സാഹിബിന്റെ പക്കൽ പണം അമാനത്തായി സൂക്ഷിക്കാറുണ്ടായിരുന്നു. അതൊരു ഭാരിച്ച ഉത്തരവാദിത്വമായിരുന്നുവെങ്കിലും മൗലവി സാഹിബ് എല്ലാ കണക്കുകളും കൃത്യമായി ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാറായിരുന്നു പതിവ്. ആരോടും മൗലവി സാഹിബ് സാദ്ധ്യമല്ലെന്നു പറയാറുമില്ല. ഈ അമാനത്തു ഒരു വർഷം കഴിഞ്ഞു കിട്ടിയാൽ മതിയെന്നു പറഞ്ഞു രാവിലെ മൗലവി സാഹിബിനെ ഏൽപിക്കുന്ന ചിലർ, ഞാനെന്റെ പരിപാടി മാറ്റി. അതിനാൽ പണം ഇപ്പോൾ തന്നെ തിരിച്ചു വേണം എന്നു പറഞ്ഞു വൈകുന്നേരം വരുന്നവരുണ്ട്. അത്തരക്കാരോടും മൗലവി സാഹിബ് ഒരിക്കലും അസന്തുഷ്ടിയോ ദ്വേഷ്യമോ പ്രകടിപ്പിക്കാറില്ല.

മറ്റൊരു കാര്യം ഇത്തരത്തിൽ ഏൽപിക്കപ്പെടുന്ന പണത്തിൽ നിന്നും സാധുക്കൾ സഹായത്തിനു വരികയോ മറ്റെന്തെങ്കിലും അത്യാവശ്യം നേരിടുകയോ ചെയ്താൽ മൗലവി സാഹിബ് ഇതിൽ നിന്നും പണമെടുത്തു ചെലവാക്കാറുണ്ടായിരുന്നു. ചിലപ്പോൾ അമാനത്തു വെച്ച വ്യക്തി അമാനത്തു തിരിച്ചു ചോദിച്ചു വന്നാൽ അയാൾക്കു കൊടുക്കാൻ പണമുണ്ടാവുകയില്ല. എന്നാലും മൗലവി സാഹിബ് അവരോടു ചോദിക്കും നിങ്ങൾ എത്ര മണിക്കാണു തിരിച്ചു പോകുന്നത്. അയാൾ ഒരു സമയം പറഞ്ഞാൽ പോകുന്നതിനു ഒരു മണിക്കൂർ മുമ്പ് വന്നു പണം വാങ്ങിച്ചോളൂ എന്നു മൗലവി സാഹിബ് പറയും. ആ പറഞ്ഞ സമയം ആരെങ്കിലും പണവുമായി വരാമെന്നു വാഗ്ദാനം ചെയ്തതു കൊണ്ടല്ല മൗലവി സാഹിബ് അങ്ങനെ പറയുന്നത്. അതാണു അല്ലാഹുവുമായുള്ള മൗലവി സാഹിബിന്റെ നടപടി ക്രമം. മൗലവി സാഹിബിനു വല്ല ആവശ്യവും നേരിട്ടാൽ അല്ലാഹു ആരെയെങ്കിലും പണവുമായി മൗലവി സാഹിബിന്റെ അടുക്കലേയ്ക്കയക്കും. അയാളോടു പണം വാങ്ങി അമാനത്തു തിരിച്ചു കൊടുക്കാനുള്ളവർക്കു കൊടുക്കും. എന്നിട്ടു മൗലവി സാഹിബ് പറയും അല്ലാഹുവുമായുള്ള എന്റെ ഇടപാട് ഇത്തരത്തിലുള്ളതാണ്. അതാർക്കും മനസ്സിലാവുകയില്ല.

ഹദ്റത്ത് മാസ്റ്റർ അബ്ദുർ റഹ്മാൻ സാഹിബ് (റ) തുടർന്നു പറയുകയാണ്. ഒരിക്കൽ ഖാദിയാനിൽ കുറച്ചു നാൾ താമസിക്കാൻ വന്ന ഒരതിഥി മൗലവി സാഹിബിന്റെ പക്കൽ കുറച്ചു പണം അമാനത്തായി സൂക്ഷിച്ചിട്ടുണ്ടായിരുന്നു. ഒരു ദിവസം ആ അതിഥി രാവിലെ മൗലവി സാഹിബിന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു ഞാനിന്നു വൈകുന്നേരം നാലു മണിക്കു നാട്ടിലേയ്ക്കു തിരിച്ചു പോവുകയാണ്. അതുകൊണ്ട് അമാനത്തു തിരിച്ചു കിട്ടിയാൽ ഉപകാരമായി. അദ്ദേഹം അതും പറഞ്ഞു അവിടെ നിന്നും പോയി. ആ സമയം മൗലവി സാഹിബിന്റെ പക്കലോ വീട്ടിലോ യാതൊരുപൈസയുമില്ലെന്നു എനിക്കു നന്നായിട്ടറിയാം ഞാൻ മൗലവി സാഹിബിന്റെ വീട്ടിൽ പല സഹായങ്ങൾക്കും വേണ്ടി പോകാറുണ്ട്. ബസാറിൽ നിന്നും സാധനങ്ങൾ വാങ്ങിക്കൊടുക്കാറുണ്ട്. അതുകൊണ്ടെനിക്കു മൗലവി സാഹിബിന്റെ ദിനേനയുള്ള സാമ്പത്തിക സ്ഥിതി ഏറെക്കുറേ നന്നായിട്ടറിയാം.

അതിഥി പോയ ശേഷം മൗലവി സാഹിബ് തന്റെ കോട്ടിന്റെ കീശയിൽ കൈയിട്ടു നോക്കി. അതിൽ രണ്ടു രൂപയായിരുന്നു ആകെയുണ്ടായിരുന്നത്. അതെന്റെ കൈയിൽ തന്നിട്ടു ഇതു ഇന്ന സ്ഥലത്തുള്ള ഒരു പാവം വിധവയ്ക്കു കൊണ്ടു കൊടുക്കാൻ പറഞ്ഞു. ഞാനപ്രകാരം ചെയ്തു തിരിച്ചു മൗലവി സാഹിബിന്റെ ക്ലിനിക്കിൽ വന്നിരുന്നു. ഇന്നു വൈകുന്നേരം അതിഥി വന്നാൽ മൗലവി സാഹിബ് അദ്ദേഹത്തിനു എങ്ങനെ പണം തിരിച്ചു കൊടുക്കുമെന്ന ചിന്തയിലായിരുന്നു ഞാൻ. പക്ഷേ, മൗലവി സാഹിബിനു അത്തരത്തിലുള്ള യാതൊരു പരിഭ്രമവും ഉണ്ടായിരുന്നില്ല. മൗലവി സാഹിബിന്റെ അല്ലാഹുവിലുള്ള വിശ്വാസവും തവക്കലും അത്ര കണ്ട് ദൃഢമായിരുന്നു. ഇതു ആദ്യമായിട്ടൊന്നുമല്ലാ സംഭവിക്കുന്നത്. എപ്പോഴും ഇങ്ങനെ തന്നേയാണ്.

ഒരു പന്ത്രണ്ട് മണി നേരത്തു ഒരപരിചിതൻ ക്ലിനിക്കിൽ വന്നു. ഇയാൾ ആരാണെന്നോ എവിടെ നിന്നാണു വരുന്നതെന്നോ അറിയില്ല. ആ കാര്യം മൗലവിസാഹിബ് അയാളോടു ചോദിച്ചുമില്ല.വന്ന ഉടനെ അയാൾ ചെറിയൊരു പൊതി മൗലവിസാഹിബിന്റെ മുന്നിൽ വച്ചു. ഒന്നും പറഞ്ഞില്ല. തിരിച്ചു പോവുകയും ചെയ്തു. പൊതി തുറന്നു നോക്കിയപ്പോൾ അതിൽ നൂറ്റി എൺപത്തിമൂന്നു രൂപയുണ്ടായിരുന്നു. അതു തന്നേയായിരുന്നു അതിഥിക്കു കൊടുക്കാനുള്ള അമാനത്ത്. അതിഥി എവിടെയാണുള്ളതെന്ന് മൗലവി സാഹിബ് എന്നോടു ചോദിച്ചു. മെഹ്മാൻ ഖാനയി (അതിഥി മന്ദിരം) ലുണ്ടെന്നു പറഞ്ഞപ്പോൾ അദ്ദേഹത്തെ വിളിച്ചു കൊണ്ടുവരാൻ പറഞ്ഞു. ഞാൻ അദ്ദേഹത്തെ വിളിച്ചു കൊണ്ടു വന്നപ്പോൾ പണം അദ്ദേഹത്തിന്റെ മുന്നിൽ വച്ചു കൊണ്ട് മൗലവി സാഹിബ് പറഞ്ഞു സഹോദരാ, ഇതാ നിങ്ങളുടെ പണം എടുത്തോളൂ. അപ്പോൾ അദ്ദേഹം പറഞ്ഞു എന്റെ മടക്ക യാത്രയെ കുറിച്ചു നേരത്തെ അറിയിക്കാതെ പെട്ടെന്നു പറഞ്ഞതിനാൽ ഹുദൂറിന്ന് പ്രയാസം നേരിട്ടു അല്ലേ? അപ്പോൾ ഹുദൂർ പറഞ്ഞു നാം അല്ലാഹുവുമായി ഒരു ഇടപാടു നടത്തി. ഒരു കൊടുക്കൽ വാങ്ങൽ. ആവശ്യക്കാരിയായ ഒരു പാവം

ശേഷം പേജ് 42 ൽ

കുറിപ്പുകൾ

# ശുദ്ധി സങ്കൽപ്പവും അസ്പൃശ്യതയും

## മുസാഫിർ

കേരളത്തിലെ ആദരണീയനായ ദേവസ്വം മന്ത്രി ശ്രീ കെ. രാധാകൃഷ്ണന് പയ്യന്നൂരിലെ ശിവക്ഷേത്രത്തിൽ നടന്ന ഒരു പൊതുചടങ്ങിൽ ജാതിവിവേചനം ഉണ്ടായി എന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ മറ്റൊരു പരിപാടിയിൽ വെളിപ്പെടുത്തുകയുണ്ടായി. ഇത് വളരെ ദൗർഭാഗ്യകരവും വേദനിപ്പിക്കുന്നതുമാണ്. ബഹുസ്വരമായ സിവിൽ സമൂഹവും സാർവ്വജനീന വിശ്വസമൂഹവും രൂപം കൊണ്ടുവരുന്ന ഇക്കാലത്ത് ജാതിയുടെ പേരിൽ ഇത്തരം വിവേചനം ഒരു മന്ത്രിക്ക് ഉണ്ടാവുന്നത് ഒരിക്കലും നീതികരിക്കാൻ സാദ്ധ്യമല്ല.

### പാവനമായ ഹിന്ദുമതം

പാവനമായ ഹിന്ദുമതവും ഇസ്ലാം മതവും ദൈവപ്രോക്തമായ ഒരു സ്റോതസ്സിൽ നിന്നും ഉദ്ഭവിച്ച വെളിപാടുമതങ്ങളാണ്. എല്ലാ മതത്തിലും പൊതുവേ കാണപ്പെടുന്ന സനാതനധർമ്മമാണ് ഹിന്ദുമതം ഉയർത്തിപ്പിടിക്കുന്നത്. പൗരാണികത കൊണ്ട് എല്ലാ മതങ്ങൾക്കും സംഭവിക്കുന്നത്പോലെ മിത്തും ഇതിഹാസവത്ക്കരണവും ജീർണ്ണതകളും ഉണ്ടായിട്ടുണ്ടെങ്കിലും തീർച്ചയായും ദൈവികതയുടെ അടയാളങ്ങൾ ഹിന്ദുമതത്തിൽ ദൃശ്യമാണ്. മുസ്ലിംകൾ പ്രവാചകന്മാരായി ആദരിക്കേണ്ട അദ്ധ്യാത്മിക ഗുരുക്കന്മാർ ഹിന്ദുമതത്തിലുണ്ട് എന്നതാണ് യഥാർത്ഥ്യം

ഹിന്ദുമതത്തിലെ പ്രമാണങ്ങൾ ശ്രുതികളും സ്മൃതികളുമായി വിഭജിക്കപ്പെട്ടിരിക്കുന്നു. ശ്രുതികൾ ദൈവത്തിൽ നിന്നും നേരിട്ട് ലഭിക്കപ്പെട്ട വെളിപാടുകളാണ്. 'ഓർമ്മിക്കപ്പെടുന്നത്' എന്ന് അർത്ഥമുള്ള സ്മൃതികൾ ശ്രുതികളുടെ വിശദീകരണമായാണ് ഗണിക്കപ്പെടുന്നത്. ശ്രുതികൾക്കുള്ളത്ര പ്രാമാണ്യം സ്മൃതികൾക്കില്ല. വിശാലാർത്ഥത്തിൽ ഇസ്ലാം മതത്തിലെ ആയത്തും ഹദീസും പോലെയുള്ള ഒരു സാമ്യത പറയാവുന്നതാണ്. ശ്രുതിയുടെ വിശദീകരണവും വിപുലീകരണവുമാണ് സ്മൃതികൾ. ഏതെങ്കിലും കാര്യത്തിൽ ശ്രുതിയും സ്മൃതിയും പൊരുത്തപ്പെടുന്നില്ലെങ്കിൽ ശ്രുതിക്ക് ആയിരിക്കും പ്രമാണ്യം നൽകപ്പെടുക. നാല് വേദങ്ങളും ശ്രുതികളായാണ് ഗണിക്കപ്പെടുന്നത്. ഭഗവത് ഗീതയുടെ ആത്മീയ ഗരിമയും പ്രഭാവവും അപ്രമാദിത്വവും മൂലം ഭഗവത്ഗീതയെ ശ്രുതിയായിട്ടാണ് ഗണിക്കപ്പെടുന്നതെങ്കിലും ഗീത ഉൾക്കൊള്ളുന്ന മഹാഭാരതം സ്മൃതിയായിട്ടാണ് കണക്കാക്കപ്പെടുന്നത്.

ഒരു മതം എന്ന നിലക്ക് ഹിന്ദുമതത്തിൽ മറ്റുമതങ്ങളിലെന്നപോലെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പ്രക്ഷിപ്തങ്ങളുമുണ്ട്. അതിലേറ്റവും രൂക്ഷവും അപലപനീയവുമായത് ജാതീയതയും അയിത്താചരണവുമാണ്. പൊതുവേ ഓംകാരത്തെ ഉപാസിക്കുന്നവരാണ് ഹിന്ദു മതവിശ്വാസികൾ. പ്രപഞ്ചത്തിലുള്ളതെല്ലാം ആദികാരണമായ ഏകശക്തിയുടെ അഥവാ പരബ്രഹ്മത്തിന്റെ സൃഷ്ടികളാണ് എന്നാണ് ഹിന്ദു മതസങ്കൽപ്പം. ദൈവം എന്ന സൃഷ്ടാവും ദൈവേതരമായതെല്ലാം സൃഷ്ടികളും എന്ന സങ്കൽപ്പം ഇവിടെ വ്യക്തമാണ്. വിവിധ നദികൾ അനന്ത മഹാസാഗരത്തിൽ എത്തുന്നത് പോലെ എല്ലാ വഴികളിലൂടെയും ഈശ്വരനെ സമീപിക്കാം എന്ന ഉദാര വീക്ഷണം വെച്ചുപുലർത്തുന്ന ഹിന്ദുമതത്തിൽ തീർച്ചയായും പ്രാമാണികമായി മാനവസമത സംരക്ഷിക്കപ്പെടേണ്ടതുണ്ട്. 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന ശ്രുതിവാക്യം മംഗളസ്തോസ്ത്രമായി ചടങ്ങുകളിൽ ഉരുവിടപ്പെടുന്ന യഥാർത്ഥ ഹിന്ദുമതം തീർച്ചയായും മാനവസമതയെ സംബന്ധിച്ച് ദിവ്യസങ്കൽപ്പ

ങ്ങളുള്ള മതമാണ്.

## വർണ്ണ സങ്കൽപ്പവും ജാതി സങ്കൽപ്പവും

വർണ്ണ സങ്കൽപ്പവും ജാതി സങ്കൽപ്പവും രണ്ട് ചരിത്ര സന്ദർഭത്തിലാണ് ഹിന്ദുമതത്തിൽ വന്നുഭവിച്ചത്. വർണ്ണം 'വൃ' ധാതുവിൽ നിന്നും ഉത്ഭവിച്ചതാണെന്ന് അനുമാനിക്കാം. തിരഞ്ഞെടുക്കുക എന്നാണ് ഈ ധാതുവിന്നർത്ഥം. വൈദിക ആര്യന്മാർക്കിടയിലെ തൊഴിൽ വിഭജനത്തെ പറ്റി സൂചിപ്പിക്കാൻ ഓരോ വിഭാഗത്തെയും ഓരോ വർണ്ണമായി കണക്കാക്കിയതാവാം. അത്പോലെ മതത്തിലെ ആദ്ധ്യാത്മിക ശ്രേണിയുടെ വിവക്ഷയായും വർണ്ണ സങ്കൽപ്പം ഉണ്ടായതാവാം. ഈ വർണ്ണ സങ്കൽപ്പം ഹിന്ദു മതത്തിൽ മാത്രമല്ല പല മതങ്ങളിലും ഉണ്ട്. എന്നാൽ ജാതി എന്ന വാക്കിലെ 'ജ ധാതു ജന്മം കൊണ്ട് ലഭിച്ചത് എന്ന സൂചനയാണ് നൽകുന്നത്. ഹിന്ദു പ്രമാണങ്ങളിൽ വിവരിച്ച വർണ്ണം പിന്നീട് ജന്മം കൊണ്ട് ലഭിക്കുന്ന ജാതിയായി മാറിയതാകാനാണ് സാധ്യത. ജാതിയും അസ്പൃശ്യത (സ്പർശിക്കാൻ പാടില്ലായ്മ) എന്ന അനാചാരം ഇന്ന് കാണുന്ന രീതിയിൽ എങ്ങനെ എപ്പോൾ ഹിന്ദു മതത്തിൽ വന്നുകൂടി എന്നതിനെ സംബന്ധിച്ച് ഇപ്പോഴും വ്യക്തമായ പഠനങ്ങളുണ്ടായിട്ടില്ല.

ജാതി വിവേചനത്തിന്റെ പ്രമാണമായ ചാതുർവർണ്ണ്യ സങ്കൽപ്പം ശ്രുതിയായി കരുതപ്പെടുന്ന ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ ഇങ്ങനെയാണ് വിവരിക്കപ്പെട്ടത്. ബ്രഹ്മാവിന്റെ മുഖത്ത് നിന്നും ബ്രാഹ്മണനെയും ബാഹുവിൽ നിന്ന് ക്ഷത്രിയനെയും ഊരുവിൽ നിന്ന് വൈശ്യനെയും പാദത്തിൽ നിന്ന് ശൂദ്രനെയും സൃഷ്ടിച്ചു എന്നാണ് സങ്കൽപ്പം.

**ബ്രാഹ്മണോ ള സ്യ മുഖമാസീത്,**

**ദ ബാഹു രാജ്യന്യ: കൃത:**

**ഊരു തദസ്യ യദ് വൈശ്യ:**

**പദ്ഭ്യാം ശൂദ്രോ ള ജായത (ഋഗ്വേദസംഹിത 8.4.19)**

വർണ്ണ വിഭജനത്തെ പറ്റി മറ്റു വേദങ്ങളിലും പ്രതിപാദനമുണ്ടെങ്കിലും ഋഗ്വേദത്തിലെ ഈ സൃഷ്ടി സങ്കൽപ്പമില്ല. അതുകൊണ്ട് ഇത് പിൽക്കാലത്ത് കൂട്ടിചേർക്കപ്പെട്ട പ്രക്ഷിപ്തമാണെന്നാണ് പല പണ്ഡിതന്മാരുടെയും അഭിപ്രായം.

വേദപ്രമാണത്തെ വിശദീകരിക്കുന്ന പ്രസ്ഥാനത്രയങ്ങൾ മൂന്ന് വിശിഷ്ട ഗ്രന്ഥങ്ങളുടെ സമുച്ചയമാണല്ലോ. ഉപനിഷത്തുകൾ, ബ്രഹ്മസൂത്രം, ഭഗവത്ഗീത. അതിൽ ഭഗവത് ഗീതയിൽ ചാതുർവർണ്യം ഈശ്വര കൽപ്പിതമാണെന്ന് കാണാം.

**ചാതുർവ്വർണ്യം മയാ സൃഷ്ടം ഗുണകർമ്മവിഭാഗശ:**

**തസ്യ കർത്താരമപി മാം വിദ്ധ്യ കർത്താരമവ്യയം (ഭഗവത് ഗീത 4: 13)**

ഗുണകർമ്മങ്ങളെ വിഭജിച്ച് മനുഷ്യരിൽ നാലു വർണ്ണങ്ങളെ ഞാനാണ് സൃഷ്ടിച്ചിട്ടുള്ളത്. ഞാൻ ആ വർണ്ണങ്ങളുടെ കർത്താവാണെങ്കിലും താത്വികമായി കർത്താവും ഭോക്താവുമല്ലാത്ത നിർവ്വികാര വസ്തുവാകുന്നു.

ആത്മീയ സ്ഥാനങ്ങളോ മനുഷ്യ വൈവിധ്യങ്ങളോ തൊഴിൽ വിഭജനമോ വിവരിക്കാനായിരിക്കാം ആത്മീയ പ്രധാനമായ ഗീതയുടെ വർണ്ണത്തിന് ഇവിടെ അർത്ഥം ഉദ്ദേശിച്ചത്. ഇന്ന് കാണുന്ന ജാതീയതയായിരിക്കില്ല. പക്ഷേ ഇന്ത്യൻ സമൂഹത്തിൽ, നിക്ഷിപ്ത താൽപര്യക്കാർ ഈ പ്രമാണ സൂക്തങ്ങളെ വളരെ രൂക്ഷമായ രീതിയിൽ ചൂഷണത്തിനും അധീശവത്ക്കരണത്തിനും ആധാരമാക്കി. ജന്മജാതമായ ഉച്ച നീചത്വങ്ങളുടെയും അയിത്താചരണത്തിന്റെയും പ്രമാണമാക്കി മാറ്റുകയാണുണ്ടായത്.

ഋഗ്വേദത്തിലെ ഈ സൂക്തത്തിൽ നിന്നാണ് മനുസ്മൃതിയിലെ ചാതുർവർണ്ണ്യവും ജാതിവ്യവസ്ഥയും അയിത്തവുമെല്ലാം നിയമമായി സ്ഥിരപ്പെട്ടത്.

മനുസ്മൃതിയിൽ അൽപ്പം വ്യത്യാസത്തോടെ ഈ സൂക്തം കാണാം

**ലോകാനാം തു വിവൃദ്ധ്യർത്ഥം മുഖബാഹുരൂപാദത:**

**ബ്രാഹ്മണം ക്ഷത്രിയം വൈശ്യം ശൂദ്രം ച നിരവർത്തതയത് (മനുസ്മൃതി 1-3)**

ഭൂമ്യാദി ലോകങ്ങളുടെ അഭിവൃദ്ധിക്കായി ബ്രഹ്മാവ് തന്റെ മുഖത്ത് നിന്നും ബ്രാഹ്മണനെയും ബാഹുവിൽ നിന്ന് ക്ഷത്രിയനെയു ഊരുവിൽ നിന്ന് വൈശ്യനെയും പാദത്തിൽ നിന്ന് ശൂദ്രനെയും സൃഷ്ടിച്ചു.

വേദങ്ങളിലടക്കം മിക്ക ഹൈന്ദവഗ്രന്ഥങ്ങളിലും നാല് വർണ്ണങ്ങളെ (ചാതുർ വർണ്യം) പറ്റി മാത്രമേ പ്രതിപാദനമുള്ളൂ. അതായത് ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ ഈ വർണ്ണങ്ങളിൽ പെടാത്ത ബഹുഭൂരിപക്ഷം പേർ വരുന്ന എണ്ണിയാലൊടുങ്ങാത്ത ജാതി വിഭാഗങ്ങൾ ഇന്ത്യയിലുണ്ട്. അവർണ്ണന്മാരായ ഇവരെ പഞ്ചമന്മാർ എന്നാണ് വിളിക്കുന്നത്. അവരാണ് ഇന്ത്യയിൽ സാമൂഹ്യ ധാരയിൽ നിന്നും ബഹിഷ്കൃതരായ അധസ്ഥിത വിഭാഗം. നാമ ശൂദ്രർ, ഭ്രഷ്ടജാതി, അവർണർ, ചണ്ഡാലർ എന്നും കേരളത്തിൽ പറയർ, പുലയർ, കുറവർ, ഒടിയർ മുതലായ എണ്ണമറ്റ ജാതികളായും അവർ അറിയപ്പെടുന്നു. കീഴാള സമൂഹങ്ങളായി സവർണ്ണർ കരുതുന്ന ഇവരിൽ പല വിഭാഗങ്ങളും ധാർമികമായി ഉയർന്ന മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്നവരും സംസ്ക്കാരസമ്പന്നരുമാണ്.

വിശുദ്ധിയെ പറ്റി സവർണ്ണർ നിലനിർത്തിപ്പോന്ന സാമൂഹിക സങ്കൽപ്പത്തിൽ നിന്നാണ് അയിത്തം അഥവാ അസ്പൃശ്യത എന്ന

സങ്കൽപ്പം വന്നത്. സംസ്കൃതത്തിലെ അശുദ്ധം എന്ന പദത്തിന്റെ തദ്ഭവമാണ് അയിത്തം. വേദങ്ങളിലെ ചാതുർ വർണ്ണ്യമാണ് അയിത്താചരണത്തിന്റെ മതകീയാടിസ്ഥാനമായി പറയപ്പെടുന്നത്. വിശുദ്ധിയുടെ സങ്കൽപ്പവുമായി പൊരുത്തപ്പെടാത്ത തൊഴിലുകൾ അശുദ്ധമെന്ന് കണക്കാക്കുകയും അത്തരം തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർക്ക് അയിത്തം കൽപ്പിക്കുകയും ചെയ്തു. ഉദാഹരണതിന് ജീവസന്ധാരണത്തിന് മറ്റു ജീവികളെ കൊല്ലുന്നത് അശുദ്ധ കർമ്മമായി കരുതപ്പെടുന്നതിനാൽ മുക്കുവർ, വേടർ, മാംസകഴിക്കുന്നവർ എന്നിവർക്ക് അശുദ്ധി കൽപ്പിക്കപ്പെട്ടു. മരണവും ജീർണ്ണതയും അശുദ്ധിയുണ്ടാക്കുന്നു എന്ന സങ്കൽപ്പമാണ് ശവസംസ്ക്കാരവുമായി ബന്ധപ്പെട്ട തൊഴിലിനും അയിത്തം കൽപ്പിച്ചത്. മനുഷ്യന്റെ വിസർജ്ജ്യവസ്തുക്കൾ അശുദ്ധങ്ങളായതിനാൽ അവയുമായി ബന്ധപ്പെട്ട തൊഴിലിലേർപ്പെടുന്നവരെ അയിത്തം പ്രഖ്യാപിച്ചു.

വർണ്ണരാശിയിൽ പെടാത്ത അസ്പൃശ്യരായ ഈ വിഭാഗത്തെ **ദലിതർ** എന്നാണ് പൊതുവേ അറിയപ്പെടുന്നത്. ഖണ്ഡിക്കപ്പെട്ടത്, മുറിക്കപ്പെട്ടത്, ചിതറിയത്, ചതക്കപ്പെട്ടത് എന്നീ അർത്ഥങ്ങളുള്ള 'ദലനം' എന്ന സംസ്കൃതവാക്കിൽ നിന്നാണ് ദലിതർ എന്ന പദം നിഷ്പാദിപ്പിക്കപ്പെട്ടത്. വർണ്ണവ്യവസ്ഥയിൽ പെടാത്ത അസ്പൃശ്യരും പീഢിതരുമായ ഈ ജനവിഭാഗത്തെ പൂനയിലെ സാമൂഹിക പരിഷ്ക്കർത്താവായ ജ്യോതിറാവു ഫൂലെ 1880 ലാണ് ദലിതർ എന്ന് ആദ്യമായി വിളിച്ചത്. 1935 ലെ ബ്രിട്ടീഷ് സെൻസസിൽ അടിച്ചമർത്തപ്പെട്ട ഈ വിഭാഗത്തെ ദലിത് എന്ന നാമത്തിലാണ് ചേർത്തത്. ഇന്ത്യയിലെ ജാതിവ്യവസ്ഥക്കെതിരെ പൊരുതിയ അതുല്യനായ നിയമ പണ്ഡിതനും ഭാരതത്തിന്റെ അഭിമാനവുമായ ബാബാസാഹേബ് അംബേദ്ക്കറാണ് ഈ നാമം കൂടുതൽ പ്രചാരപ്പെടുത്തിയത്. ഇന്ന് പൊതുവേ അംഗീകരിക്കപ്പെട്ട പദവും ദലിതർ എന്ന് തന്നെയാണ്. പട്ടിക ജാതി എന്നാണ് ദലിതരെ ഔദ്യോഗികമായി വിശേഷിപ്പിക്കപ്പെടുന്നത്. മഹാത്മാ ഗാന്ധി ഈ വിഭാഗത്തിന് നൽകിയ ഹരിജൻ എന്ന നാമം ദുരർത്ഥങ്ങളുണ്ടെന്ന് പറഞ്ഞ് അദ്ദേഹം നിരാകരിക്കുകയുണ്ടായി.

ക്രി.വ 400 നോടടുപ്പിച്ച് ബ്രാഹ്മണിസവും ബുദ്ധമതവും തമ്മിലുള്ള മേധാവിത്വ മത്സരത്തിന്റ കാലമായിരുന്നു. ഭക്തിപ്രസ്ഥാനത്തിന്റെ ഈ കാലഘട്ടത്തിൽ ബുദ്ധമതവുമായി ബന്ധപ്പെടുന്ന ഹിന്ദു വിശ്വാസികളെ ബ്രാഹ്മണന്മാർ താഴ്ന്ന ജാതിലേക്ക് അസ്പൃശ്യരും അയിത്ത ജാതിക്കാരുമായി തരംതാഴ്ത്താൻ തുടങ്ങിയത് മുതൽക്കാണ് ജാതീയത ഭാരതത്തിൽ ആവിർഭവിക്കുന്നത് എന്ന് ബാബാസാഹേബ് അംബേദ്കർ നിരീക്ഷിക്കുന്നുണ്ട്. പിന്നീട് ജാതീയത ഭാരതീയ സമൂഹത്തിൽ സമഗ്രവും സൂക്ഷ്മവുമായി പിടിമുറുക്കുകയായിരുന്നു. പിന്നീട് ഹിന്ദു സമൂഹത്തിൽ ജാതികൾക്കതീതമായി ഒരു അസ്ഥിത്വം തന്നെ വ്യക്തികൾക്കുണ്ടായിരുന്നില്ല. ജീവിതാന്ത്യം വരെയുള്ള മിക്കവാറും എല്ലാ കാര്യങ്ങൾക്കും അതായത് തൊഴിൽ, വിവാഹം, കുടുബം, ധനസമ്പാദനം, സാമൂഹിക പദവി, ജനനം, ആഘോഷങ്ങൾ, സൗഹൃദം, വ്യക്തിത്വങ്ങൾ അങ്ങനെയെല്ലാം ജന്മജാതമായ ജാതിമയമായിമാറി. ആധുനിക ലോകത്തെ നാഗരിക ജീവിതം ഈ വ്യവസ്ഥയെ സമൂലം മാറ്റിക്കൊണ്ടിരിക്കുന്നുവെങ്കിലും ജാതി ഇന്നും ഇന്ത്യയിൽ പ്രബലമായ ഒരു യാഥാർത്ഥ്യമാണ്.

## കേരളത്തിലെ ജാതിവ്യവസ്ഥ

കേരളത്തിൽ ജാതിവ്യവസ്ഥ ഇത്ര ശക്തിപ്പെടാൻ കാരണം പരശുരാമനാണെന്നും ശ്രീ ശങ്കരനാണെന്നും രണ്ട് പക്ഷമുണ്ട്. കാടുപിടിച്ചു കിടന്നിരുന്ന കേരളത്തെ മഴു (പരശു) കൊണ്ട് മരം വെട്ടി കൃഷിയാരംഭിച്ച് കേരളത്തെ നാഗരികമായ ജനജീവിതത്തിന് പരശുരാമൻ സജ്ജമാക്കിയിരിക്കാം. തുടർന്ന് നാലാം ശതകം മുതൽ കേരളത്തിൽ നമ്പൂതിരിമാരുടെ കുടിയേറ്റമുണ്ടയത്. 32 ഗ്രാമങ്ങളിലായി വസിച്ച നമ്പൂതിരിമാർ 4 കഴകങ്ങളായി തിരിഞ്ഞ് കേരളത്തിലെ ആഭ്യന്തരകാര്യങ്ങളിൽ കൈകടത്തി ചിട്ടപ്പെടുത്തുകയാണുണ്ടായത്. കേരളത്തിലെ ഭൂമി മുഴുവൻ ബ്രഹ്മസ്വവും (ബ്രാഹ്മണന്മാർക്കുള്ളത്) ദേവസ്വവുമാക്കി (ക്ഷേത്രങ്ങൾക്കുള്ളത്) തിട്ടപ്പെടുത്തി. സ്വന്തമായി ഭൂമിയില്ലാത്ത ജനമായി കീഴാളന്മാരും മറ്റു ജാതികളും മാറി. ഇതാണ് നമ്പൂതിരിമാരുടെ ആധിപത്യത്തിനും ജാതികളുടെ ആവിർഭാവത്തിനും മുഖ്യ കാരണമായി മാറിയത്. ഭൂമിയും അതിന്റെ ആദായങ്ങളും അധികാരങ്ങളും വൻ തോതിൽ ലഭിച്ച ബ്രാഹ്മണന്മാർ അവരുടെ പൗരോഹിത്യ സ്ഥാനമുപയോഗിച്ച് ജാതി വ്യവസ്ഥ കേരളത്തിൽ അരക്കിട്ടുറപ്പിക്കുകയായിരുന്നു.

ഇന്ത്യയിൽ മറ്റെവിടെയും ഇല്ലാത്തരീതിയിൽ ജാതീയത കർശനമായി നടമാടിയിരുന്ന ദേശമായിരുന്നു കേരളം. അതിന്റെ അവശിഷ്ടമാണ് തുടക്കത്തിൽ പ്രതിപാതിച്ച പയ്യന്നൂർ സംഭവം. സ്വാമി വിവേകാനന്ദന്റെ 'ഭ്രാന്താലയം' എന്ന അഭിശംസ പോലും ജാതി വെറിയുടെ പേരിൽ കേരളം ഏറ്റുവാങ്ങുകയുണ്ടായി.

കേരളത്തിലെ ജാതി സമ്പ്രദായത്തെ പറ്റിയുള്ള ഒരു വിവരണം നോക്കൂ.

64 ജാതികളിൽ 54 എണ്ണവും നമ്പൂതിരിക്ക് തീണ്ടിക്കുളി വേണ്ട അയിത്ത വിഭാഗക്കാരാണ്. മേൽ ജാതികളിൽ നിന്ന് തീണ്ടാപാടകലം സൂക്ഷിക്കേണ്ട കീഴ്ജാതികൾ തമ്മിലും തീണ്ടലും അയിത്തവും കർശനമായി പാലിക്കുന്നു എന്നത് കേരളീയ ജാതിവ്യവസ്ഥയുടെ

പ്രത്യേകതയാണ്. നമ്പൂതിരി ഇല്ലങ്ങൾ, കോവിലകങ്ങൾ, ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽ ഭൃത്യജോലിയും സായുധ സേവനവുമായിരുന്നു നായന്മാർക്കു വിധിച്ചിരുന്ന കുലത്തൊഴിൽ. ഈഴവരിൽ വലിയൊരു വിഭാഗം നായർ തറവാടുകളിലെ ഊഴിയം അടിമകളായിരുന്നു. തെങ്ങു വളർത്തലും അതുമായി ബന്ധപ്പെട്ട ജോലികളുമായിരുന്നു ഈഴവരുടെ കുലതൊഴിൽ. കൃഷിപ്പണിയായിരുന്നു പുലയർക്ക് വിധിച്ചത്. ചണ്ഡാളരും അടിമകളുമായിരുന്നു പറയർ. (കേരള സർവ്വവിജ്ഞാന കോശം, വാല്യം 11. പേജ് 629)

എല്ലാ താഴ്ന്ന ജാതികൾക്കും ബാധകമായ അയിത്ത നിയമങ്ങൾ കേരളത്തിൽ നിലവിലുണ്ടായിരുന്നത് ഇപ്രകാരമായിരുന്നു. 'നായർ ബ്രഹ്മണനിൽ നിന്നും 16 അടി മാറിനിൽക്കണം അല്ലെങ്കിൽ ബ്രാഹ്മണൻ അശുദ്ധപ്പെടും. ഈഴവർ ബ്രാഹ്മണനിൽ നിന്നും 32 അടി മാറിനിൽക്കണം. പുലയർക്കും പറയർക്കും മറ്റും ഈഴവന്റെ അടുത്ത് ചെല്ലാൻ പാടില്ല. പുലയനും മറ്റു ബ്രാഹ്മണനിൽ നിന്ന് 64 അടി മാറിയേ നിൽക്കാവൂ. ഈ അയിത്താചരണത്തിന്റെ ഫലമായി അവർണ്ണർക്ക് സാധാരണ പൗരന്റെ അവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ടു. പല പൊതു നിരത്തുകളിലൂടെയും നടക്കാൻ അവരെ അനുവദിച്ചിരുന്നില്ല. ക്ഷേത്രത്തിൽ കയറി ആരാധന നടത്താൻ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. വിദ്യാലയങ്ങൾ പോസ്റ്റ്ഓഫീസുകൾ തുടങ്ങിയ സ്ഥാപനങ്ങളിലും അവർക്ക് പ്രവേശനമുണ്ടായിരുന്നില്ലാ യിരുന്നു. ഈ സാമൂഹികാചാരങ്ങളെ നിലനിറുത്തിപോന്ന ഭരണകൂടങ്ങളാണ് നൂറ്റാണ്ടുകളായി കേരളത്തിൽ നിലനിന്നിരുന്നത്" (സർവ്വവിജ്ഞാന കോശം വാല്യം 2. പേ. 120)

ഈ ജാതി വ്യവസ്ഥ ലംഘിക്കപ്പെട്ടാൽ നമുക്കിന്ന് സങ്കൽപ്പിക്കാൻ പോലും പറ്റാത്ത അതികഠിനമായ ശിക്ഷയായിരുന്നു വ്യവസ്ഥ ചെയ്തത്. ക്ഷേത്രത്തിനടുത്തെ പൊതുവഴിയിലൂടെ അവർണ്ണരായ മനുഷ്യർക്ക് നടക്കാൻ വേണ്ടി നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന സത്യാഗ്രഹം കേരള ചരിത്രത്തിൽ അവിസ്മരണീയമാണ്.

ധാർമികവും അദ്ധ്യാത്മികവും മാനവീയവുമായ ഉൾക്കാഴ്ച്ചയുള്ള ഹിന്ദുമതത്തിൽ നിന്നുതന്നെ അവർണരും സവർണ്ണറും ഉൾപ്പെട്ട മഹാത്മാക്കളാണ് പ്രധാനമായും ജാതിവ്യവസ്ഥക്കെതിരെ കേരളത്തിൽ പടവെട്ടിയത്. ശ്രീനാരായണ ഗുരു, മഹാത്മാ അയ്യങ്കാളി, ചട്ടമ്പി സ്വാമികൾ, മന്നത്ത് പത്മനാഭൻ, എകെജി മുതലായ മനുഷ്യസ്നേഹികളാണ് ഇതിനെരെ ത്യാഗോജ്ജ്വലമായ സമരങ്ങൾ നയിച്ചത്. തീർച്ചയായും കേരളീയ പരിഷ്കൃത സമൂഹവും കാലവും അതെല്ലാം പൂർണ്ണമായും മനുഷ്യ മനസ്സിൽ നിന്നും തുടച്ചു നീക്കും. കുമാരനാശാൻ ദുരവസ്ഥയിൽ പാടിയത് പോലെ.

**'മാറ്റുവിൻ ചട്ടങ്ങളേ സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ'**

---

**പേജ് 38 ൽ നിന്ന് തുടർച്ച**

വിധവയ്ക്കു രണ്ടുരൂപ ദാനം നൽകിയപ്പോൾ പകരമായി അല്ലാഹു ഈ പണം ഇങ്ങോട്ടയച്ചു തന്നു അത്രമാത്രം. ഇത്തരത്തിലുള്ള എത്ര എത്ര സംഭവങ്ങളാണു മൗലവി സാഹിബിന്റെ ജീവിതത്തിലുള്ളത്.

## മൗലവി സാഹിബിനോടുള്ള മസീഹ് മൗഊദി (അ) ന്റെ അഗാധസ്നേഹം

ഹദ്റത്ത് മസീഹ് മൗഊദി (അ) നു ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനോടുള്ള സ്നേഹബന്ധത്തിന്റെ ആഴവും പരപ്പും എത്ര കണ്ടാണെന്നു എല്ലാവർക്കും നന്നായിട്ടറിയാം. ആ കാര്യം മസീഹ് മൗഊദ് (അ) തന്നെ പല തരത്തിൽ പല വിധത്തിൽ തന്റെ എഴുത്തിലൂടേയും സംസാരത്തിലൂടേയും ബാഹ്യമായും അല്ലാതേയും പ്രകടിപ്പിച്ചിട്ടുമുണ്ട്. അതു വായനക്കാർ ഈ ചരിത്ര വിവരണത്തിൽ പലയിടങ്ങളിൽ വായിച്ചിട്ടുമുണ്ട്. കാരണം മതപരമായ കാര്യങ്ങൾക്കു ഹദ്റത്ത് മസീഹ് മൗഊദി (അ) നു മൗലവി സാഹിബ് നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം അത്ര വലുതായിരുന്നുവല്ലോ.

ഒരിക്കൽ മൗലവി സാഹിബിനു ഇരുനൂറു രൂപയുടെ ആവശ്യം നേരിട്ടു. ആ കാലത്തു ഇരുനൂറു രൂപ ചെറുതല്ലാത്ത സംഖ്യയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരമറിഞ്ഞപ്പോൾ തന്റെ കൈയിൽ കാശുണ്ടെന്നു പറഞ്ഞു ഇരുനൂറു രൂപ മൗലവി സാഹിബിനു നൽകി. ഏതാനു ദിവസങ്ങൾക്കു ശേഷം മൗലവി സാഹിബിന്റെ കൈയിൽ കാശു വന്നപ്പോൾ മൗലവി സാഹിബ് ഉടനെ ഹുദൂറിനു കാശു തിരികെ നൽകി. പക്ഷേ, ഹുദൂർ അതു നിരസിച്ചു കൊണ്ട് പറഞ്ഞു മൗലവി സാഹിബ്, താങ്കളുടെ പണവും എന്റെ പണവും വേറെ വേറെയാണോ? അതു രണ്ടും ഒന്നു തന്നെയല്ലേ? നമ്മൾ രണ്ടാളും രണ്ടാളാണോ? ഒന്നല്ലേ? താങ്കളുടെ പണം എന്റേതും എന്റേതു താങ്കളുടേതുമല്ലേ? നമ്മൾ രണ്ടാളും ഒരാൾ തന്നെയല്ലേ? മൗലവി സാഹിബ് പറയുകയാണ് ഹുദൂർ അങ്ങനെ പറഞ്ഞ് ആ പണം തിരിച്ചു വാങ്ങിയില്ല. എന്നാൽ ഞാൻ ഹുദൂറിനു പണം വേറെ രീതിയിൽ നൽകുകയുണ്ടായി. (തുടരും)



പേജ് 32 ൽ നിന്ന് തുടർച്ച

ള്ള പ്രഭാഷണത്തിൽ അദ്ദേഹം ഇക്കാര്യമാണ് പറഞ്ഞത്. അഭയവും പൗരത്വവും നൽകിയ കുടിയേറ്റക്കാരായ ജനങ്ങളിൽ നിന്നും അഭയമരുളിയ രാജ്യത്ത് വെച്ചുള്ള നിരുത്തരവാദപരമായ പെരുമാറ്റങ്ങളെപറ്റി ചിലപ്പോൾ കേൾക്കേണ്ടിവരാറുണ്ട്. ആ പ്രഭാഷണത്തിൽ പാകിസ്താനിലെ അഹ്മദിയ്യാ മുസ്‌ലിംകളുടെ സ്ഥിതി മിർസാ മസ്‌റൂർ അഹ്മദ് വിശദീകരിക്കുന്നുണ്ട്. തീർച്ചയായും അവിടുത്തേത് അതിശോചനീയമായ സാഹചര്യമാണ്. യഥാർത്ഥത്തിൽ ഈ ലോകത്ത് പല ജനതകളും ഭൂരിപക്ഷ ജനതയാലും അല്ലെങ്കിൽ ഏകാധിപത്യ ഭരണകൂടത്താലും പലവിധ പ്രാന്തവത്ക്കരണത്തിനും വിധേയരാകുന്നുണ്ട്. പല നീറുന്ന പ്രശ്നങ്ങളോടുമുള്ള ഈ പുസ്തകത്തിലെ പ്രസാദാത്മകമായ ധ്വനി തികച്ചും ചേതോഹരമാണ്. ആഗോള ഐക്യം, ഇസ്‌ലാമും പാശ്ചാത്യ ലോകവും, സമകാലീന ലോകത്ത് വിശ്വശാന്തിയുടെ ആവശ്യകത, ലോക സമാധാനവും സുരക്ഷയും, സമകാലിക ലോകത്തിന്നാവശ്യം എന്നീ തലവാചകങ്ങളിൽ പല സന്ദർഭങ്ങളിലായി നടത്തിയ പ്രഭാഷണങ്ങൾ വശ്യസുന്ദരമായ പ്രമേയങ്ങൾ ഉൾക്കൊള്ളുന്നതാണ്.

പതിനാറാമത് പോപ്പ് ബെനഡിക്റ്റ്, ഇസ്‌റയേൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹു, ഇറാൻ പ്രസിഡണ്ട് മഹ്മൂദ് അഹ്മദ് നിജാദ്, അമേരിക്കൻ പ്രസിഡണ്ട് ബറാക്ക് ഒബാമ. കൂടാതെ മറ്റുചില ലോക നേതാക്കന്മാർക്ക് സൗഹൃദത്തിന്റെ വാക്താവായിക്കൊണ്ട് മിർസാ മസ്‌റൂർ അഹ്മദ് എഴുതിയ ഈ കത്തുകളെല്ലാം ഈ പുസ്തകത്തിൽ ഉള്ളടങ്ങിയിട്ടുണ്ട്. ഈ എഴുത്തുകളെല്ലാം സമയോചിതവും പ്രശ്നപരിഹാരത്തിന് അർത്ഥഗർഭിതമായ ആലോചനകളുള്ളതും പ്രതിസന്ധികൾ തരണം ചെയ്ത് ശാന്തിയും സൗഹൃദവും കൈവരിക്കാനുള്ള ഉപാധികൾ ഉൾക്കൊള്ളുന്നതുമാണ്. ഈ ലോകത്തെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹരിക്കാനുള്ള ആശയങ്ങളാലും അന്തർദൃഷ്ടിയാലും ഈ പുസ്തകം തികച്ചും ആകർഷണീയമായി ഞാൻ കാണുന്നു. ഗ്രന്ഥകർത്താവിനും സമാധനകാംഷികളായ ലോകത്തുള്ള എല്ലാ അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിനും നന്മ ആശംസിക്കുന്നു. അഹ്മദിയ്യാ സമൂഹത്തിന്റെ സാരഥിയുടെ, സമാധാനവും സൗഹൃദവും സംസ്ഥാപിക്കാനുള്ള ഉദ്യമം സഫലമാകട്ടെ എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

**തോമസ് മാർ തിമോതിയോസ്**




# നേത്ര രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു

പെരുമണ്ണ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വയോജന വിഭാഗവും ഗവ. ബീച്ച് ഹോസ്പിറ്റൽ നേത്ര ചികിത്സാ വിഭാഗവും സംയുക്തമായി പുത്തൂർമഠം വള്ളിക്കുന്ന് ദാറുസ്സലാം വസതി അങ്കണത്തിൽ നേത്ര രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. പെരുമണ്ണ പഞ്ചായത്ത് പ്രസിഡന്റ് ഷാജി പുത്തലത്ത് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് കോഴിക്കോട് ജില്ലാ അമീർ കെ.എം. അഹ്മദ് കോയ പരിപാടിയിൽ അദ്ധ്യക്ഷം വഹിച്ചു. വാർഡ് മെമ്പർ രമ്യാ തട്ടാരിൽ ആശംസകൾ അറിയിച്ചു. ജില്ലാ പ്രസിഡന്റ് ഡോ. സലാഹുദ്ദീൻ, പുത്തൂർ മഠം പ്രസിഡന്റ് കെ.എം. റഫീഖ്, വയോജന വിഭാഗം പ്രസിഡന്റ് വി.പി. നസീർ ഹുസ്സൈൻ എന്നിവർ സംസാരിച്ചു.

പേജ് 27 ൽ നിന്ന് തുടർച്ച

ദൈവത്തിലേക്ക് ക്ഷണിച്ചപ്പോൾ അവർ അദ്ദേഹത്തെ പരിഹസിച്ചു. പുഛിച്ചു. പിന്നീട് അവിടുത്തെ വധിക്കുവാൻ ഗൂഢാലോചന നടത്തി. വിദൂരമായ മദീനയിലേക്ക് അഭയാർത്ഥിയായി പോവാൻ അദ്ദേഹം നിർബന്ധിതനായി. അവസാനം ഖുറൈഷികളടക്കമുള്ള മുഴുവൻ അറേബ്യയുടെയും രാജാധിരാജനായിട്ടാണ് റസൂൽ തിരുമേനി (സ) ലോകത്തോട് വിടപറഞ്ഞത്. അല്ലാഹു അവിടുത്തെ ഏറ്റവും ഉത്തമമായ രീതിയിൽ അനുഗ്രഹിക്കുകയായിരുന്നു.
*(വിവ: എ.എം)*

Published on 07.10.2023 Pages 44 Vol: 95 Issue. 10
RNI No. 3332/1957, Registered KL/EKM/726/2021-23 Price Rs. 30/-
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



# സത്യദൂതൻ

## 97 –ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ നമ്പറും (Subscription No.) ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്നതാണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

വാർഷിക വരിസംഖ്യ 300 രൂപ.

**Phone No: 9447086862 (G. Pay)**

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

ISLAM INTERNATIONAL PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim